# ദീപനാളം


കലാസാംസ്കാരിക ദേശീയവാരിക

2021 ജൂലൈ 15 | ദീപം 54 | നാളം 15 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# നീതിമാർഗത്തിൽ വിരിഞ്ഞ രക്തനക്ഷത്രം



ജോർജ് കള്ളിവയലിൽ



ഫാദർ സ്റ്റാൻ സ്വാമിയുടെ മരണം രക്തസാക്ഷിത്വമാണ്. മനുഷ്യർക്കുവേണ്ടി, പ്രത്യേകിച്ചു നീതിയും മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടവർക്കുവേണ്ടി ജീവൻ ബലികൊടുത്ത സ്റ്റാനിസ്ലാവോസ് ലൂർദുസ്വാമിയെന്ന 84 വയസുള്ള കത്തോലിക്കാപുരോഹിതന്റെ മരണം വെറുതേയാകില്ലെന്നു വിശ്വസിക്കാം. ഭരണകൂടഭീകരതയുടെ ഇര മാത്രമല്ല ഇദ്ദേഹം. ഇന്ത്യയിലെ നിയമ, ജുഡീഷ്യൽ, ഭരണ, രാഷ്ട്രീയസംവിധാനങ്ങളുടെ നീതി നിഷേധത്തിന്റെയും ഏകപക്ഷീയ നിലപാടുകളുടെയും പ്രതീകംകൂടിയാണ് ഫാ. സ്റ്റാൻ സ്വാമി.

മനുഷ്യാവകാശങ്ങൾക്കും നീതിക്കും വേണ്ടി പോരാടിയവന് മനുഷ്യാവകാശങ്ങളും നീതിയും നിഷേധിക്കപ്പെട്ടു. പരസഹായമില്ലാതെ ഒരു ഗ്ലാസ് വെള്ളം കുടിക്കാൻപോലും കഴിയാത്ത വയോധികൻ ഈ രാജ്യത്തിനായിരുന്നില്ല ഭീഷണി; പലതരത്തിലുള്ള ചൂഷണങ്ങളിലൂടെ അധികാരവും പണവും സ്വാധീനവും കൈപ്പിടിയിലൊതുക്കുന്ന ഭരണവർഗത്തിനും ചൂഷകർക്കുമായിരുന്നു. ഭീഷണി ജാർഖണ്ഡിലെ ഖനി, ഭൂമിമാഫിയ മുതൽ മത, രാഷ്ട്രീയ വൈരികൾക്കും സ്റ്റാൻ സ്വാമിയെന്ന ഈശോസഭാ വൈദികൻ വെല്ലുവിളിയായിരുന്നു.

### ഭരണകൂടഭീകരതയുടെ ഇര

വിമർശകരെയും എതിർശബ്ദങ്ങളെയും ഇല്ലാതാക്കുന്ന കിരാതനിയമങ്ങളുടെയും ഭരണകൂടഭീകരതയുടെയും ഇരയാണ് ഫാ. സ്റ്റാൻ സ്വാമി. മുംബൈ ബാന്ദ്രയിലെ ഹോളി ഫാമിലി ആശുപത്രിയിലെ വെന്റിലേറ്ററിൽ സ്വാമിയച്ചൻ സാധാരണപോലെ മരിക്കുകയായിരുന്നില്ല. അദ്ദേഹംതന്നെ പറഞ്ഞതുപോലെ, ആരോഗ്യവാനായിരുന്ന തന്നെ ജയിലറകളിൽ അടച്ചും കള്ളക്കേസ് ചുമത്തിയും നടത്തിയ പീഡനങ്ങളിലൂടെ കൊല്ലുകയായിരുന്നു. തോക്കും ബോംബും കത്തിയും ഒന്നുമില്ലാത്ത ഒരു സാധുവിനെയാണ് ഭരണകൂടം പേടിച്ചത്. തെറ്റുകൾ മറയ്ക്കാനില്ലാത്ത ഒരു സർക്കാരിനും ഫാ. സ്റ്റാൻ സ്വാമിയെപ്പോലുള്ളവരെ ഭയപ്പെടേണ്ടതില്ല.

തെറ്റുകളെയും തിന്മകളെയും എതിർക്കുന്നവനു നീതി നിഷേധിക്കപ്പെടുന്നതിന്റെ നേർചിത്രമാണ് ഫാ. സ്റ്റാൻ സ്വാമിയുടെ മരണം. കള്ളക്കേസിൽ കുടുക്കി അറസ്റ്റു ചെയ്യുക മാത്രമല്ല, വേഗത്തിലുള്ള വിചാരണയും ജാമ്യവും അവശ്യനേരത്ത് ചികിത്സപോലും നിഷേധിക്കപ്പെടുകയും ചെയ്തു. അൽഷെമേഴ്സ് രോഗബാധിതനായിരുന്നിട്ടും വെള്ളം കുടിക്കാനായി ഒരു സ്ട്രോപോലും ജയിലധികൃതർ നിഷേധിച്ചു. കോടതി ഇടപെട്ടശേഷമാണ് സ്ട്രോ നൽകിയതെന്നതു മറക്കരുത്.

നല്ല സമരായക്കാരനായ ഒരു മനുഷ്യസ്നേഹിയെ അദ്ദേഹത്തിന്റെ മാതൃരാജ്യവും പോലീസും അന്വേഷണ ഏജൻസികളും കോടതികളും ജയിലധികൃതരുമെല്ലാം ചേർന്നു മരണത്തിലേക്കു നയിച്ചു. കെട്ടിച്ചമയ്ക്കപ്പെട്ട കേസിൽ വിചാരണപോലുമില്ലാതെ, ന്യായമായ ജാമ്യം നിഷേധിച്ച് ഒമ്പതു മാസം തടവറയിലടച്ചവരോടു കാലം പൊറുക്കട്ടെ. ദൈവനീതിക്കായി ജീവൻ ബലികൊടുത്ത ഫാ. സ്റ്റാൻ സ്വാമിയോട് രാജ്യത്തിനു വേണ്ടി മാപ്പു ചോദിക്കാം.

### തീവ്രവാദത്തോടു മമതയില്ലാതെ

പാർശ്വവത്കരിക്കപ്പെട്ട ഗോത്രവർഗക്കാരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുമ്പോഴും തീവ്രവാദത്തിന്റെയോ ഭീകരതയുടെയോ മാർഗം സ്വാമിയച്ചൻ ഒരിക്കലും സ്വീകരിച്ചിരുന്നില്ല. മാവോയിസ്റ്റുകളുടെ ഭാഗവുമായിട്ടില്ല. ഇക്കാര്യം അദ്ദേഹംതന്നെ പലതവണ വ്യക്തമായി പറഞ്ഞിട്ടുണ്ട്. യേശുക്രിസ്തുവിന്റെ സമാധാനപാതയിലാണ് ഗോത്രവർഗക്ഷേമത്തിനായുള്ള പോരാട്ടം നടത്തിയിരുന്നത്. ദേശീയ അന്വേഷണ ഏജൻസിയുടെ ഉദ്യോഗസ്ഥർ ദിവസങ്ങളോളം പരിശോധിച്ചിട്ടും ചോദ്യം ചെയ്തിട്ടും തീവ്രവാദബന്ധം തെളിയിക്കാൻ ഒന്നും കിട്ടിയിരുന്നുമില്ല.

എന്നിട്ടും കഴിഞ്ഞ വർഷം ഒക്ടോബർ എട്ടിന് അർദ്ധരാത്രിയിൽ ജാർഖണ്ഡിലെ റാഞ്ചിയിലുള്ള വസതിയിൽനിന്ന് ഫാ. സ്റ്റാൻ സ്വാമിയെ എൻഐഎ സംഘം അറസ്റ്റു ചെയ്തു. അദ്ദേഹത്തിന്റെ വസതിയിൽനിന്നു തെളിവുകളൊന്നും കിട്ടിയില്ലെന്നു പോലീസ്തന്നെ പറഞ്ഞിട്ടുമുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ കംപ്യൂട്ടറിൽ മാവോയിസ്റ്റുകളുമായി ബന്ധമുണ്ടെന്നു സൂചിപ്പിക്കുന്ന ചില മെയിലുകൾ ഉണ്ടെന്ന് കോടതിയിൽ എൻഐഎ അവകാശപ്പെട്ടു. അവ കംപ്യൂട്ടറിൽ ഉണ്ടായിരുന്നവയല്ലെന്നും പിന്നീട് ചേർത്തതാണെന്നും ഫാ. സ്റ്റാൻ സ്വാമി പറഞ്ഞു. അദ്ദേഹം പറയുന്നതാണു ശരിയെന്നു വിശദപരിശോധനയിൽ കണ്ടെത്തിയതായും റിപ്പോർട്ടുണ്ട്.

### തെളിയിക്കപ്പെടാത്ത ആരോപണങ്ങൾ

2018 ജനുവരിയിലെ ഭീമ കൊറേഗാവ് കേസുമായി ബന്ധപ്പെട്ടാണ് ഫാ. സ്റ്റാൻ സ്വാമിക്ക് മാവോയിസ്റ്റ് ബന്ധം ആരോപിച്ചത്. പക്ഷേ, സംഘർഷം നടന്ന സ്ഥലത്തോ അതിനാസ്പദമായ സമ്മേളനത്തിലോ മഹാരാഷ്ട്രയിലോപോലും അദ്ദേഹം പോയിട്ടില്ല. ഇക്കാര്യം പോലീസിനും അറിയാം. പക്ഷേ, എൽഗാർ പരിഷദ് എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ പൂനെയിലെ ശനിവാർ വാഡയിൽ സംഘടപ്പിച്ച ഭീമ കൊറേഗാവ് ഇരുനൂറാം വാർഷികപരിപാടിയുമായി ബന്ധപ്പെട്ടാണ് ഫാ. സ്റ്റാൻ സ്വാമിക്കെതിരേ എൻഐഎ കേസ് റജിസ്റ്റർ ചെയ്തത്.

പൂനെയ്ക്കടുത്ത് കൊറേഗാവ് ഭീമയിൽ 1818 ജനുവരി ഒന്നിന് മറാത്ത പേഷ്വമാർക്കെതിരേ മറാത്ത ഭടന്മാർ നടത്തിയ പോരാട്ടമാണ് ഭീമ കൊറേഗാവ് എന്നറിയപ്പെടുന്നത്. അന്നത്തെ പോരാട്ടത്തിൽ ജയിച്ച ബ്രിട്ടീഷുകാർക്കു പിന്നിൽ അണിനിരന്നത് ദളിത് സൈന്യമായിരുന്നു. ഈ ജയത്തിന്റെ 200-ാം വാർഷികത്തോടനുബന്ധിച്ച് ദളിതർ 2018 ജനുവരിയിൽ ഭീമ കൊറേഗാവിൽ നടത്തിയ എൽഗാർ പരിഷത്ത് കൺവൻഷനിടയ്ക്ക് സംഘർഷവും കല്ലേറും ഉണ്ടായി. ദളിതർക്കു വലിയ പ്രാധാന്യമുള്ള ഭീമ കൊറേഗാവ് സംഭവത്തിന്റെ ആദ്യ ശതാബ്ദിസമ്മേളനം ദളിത് നായകനായ ബി.ആർ. അംബേദ്കറാണ് ഉദ്ഘാടനം ചെയതത്.

2018 ജനുവരിയിലെ ഭീമ കൊറേഗാവ് എൽഗാർ പരിഷത്ത് പരിപാടി മാവോയിസ്റ്റ് അനുഭാവമുള്ളവർ സംഘടിപ്പിച്ചതാണെന്നും ഇതിൽ മാവോയിസ്റ്റ് അനുകൂലനീക്കങ്ങൾ നടന്നെന്നുമാണു പോലീസിന്റെ എഫ്ഐആറിലുള്ളത്. സംഘർഷത്തിനു ഫാ. സ്റ്റാൻ സ്വാമി പരോക്ഷപിന്തുണ നൽകിയതായിപ്പോലും തെളിവു ഹാജരാക്കാൻ എൻഐഎയ്ക്ക് ഇനിയും കഴിഞ്ഞിട്ടില്ല. വൃദ്ധനും രോഗിയുമായ ഒരു വൈദികനെ അർദ്ധരാത്രി വീട്ടിൽ കയറി അറസ്റ്റു ചെയ്തു കൊണ്ടുപോകേണ്ട എന്തു സാഹചര്യമായിരുന്നു എന്ന് എൻഐഎ വ്യക്തമാക്കിയിട്ടില്ല.

▶ 2

# പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി എഴുപതിന്റെ നിറവിൽ



പാലാ: പാലാ രൂപതയുടെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി സ്ഥാപിച്ചിട്ട് എഴുപതു വർഷം പിന്നിട്ടു. രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, മാർ ജോൺ പെരുമറ്റം, മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജോസഫ് സ്രാമ്പിക്കൽ തുടങ്ങി ഒട്ടേറെ ബിഷപ്പുമാരുടെ പൂർവവിദ്യാലയംകൂടിയാണിത്.

1951 ജൂലൈ മൂന്നിന് പാലാ ളാലം പുത്തൻപള്ളി വൈദികമന്ദിരത്തോടനുബന്ധിച്ചു പ്രവർത്തിച്ചിരുന്ന സെന്റ് ജോസഫ് മിഷൻഹോമിലാണ് സെമിനാരി ആരംഭിച്ചത്. ഫാ. ജേക്കബ് വെള്ളരിങ്ങാട്ടായിരുന്നു അന്ന് മിഷൻഹോം ഡയറക്ടർ. 1954 ജൂലൈ മൂന്നിന് സെമിനാരി കുമ്മണ്ണൂരിലേക്കു മാറ്റി സ്ഥാപിച്ചു. 1956 ഒക്ടോബർ ഏഴിന് പാലാ കരൂരിൽ പരുമലക്കുന്നിലേക്കു മാറ്റി പുതിയ മന്ദിരം നിർമിച്ചു. വൈദികപരിശീലനത്തിന്റെ ആദ്യ മൂന്നു വർഷങ്ങൾ ഇവിടെയാണു നടക്കുക.

1,900 ത്തോളം വൈദികവിദ്യാർത്ഥികൾ ഇവിടെ പരിശീലനം നേടി. തലശേരി രൂപത ആരംഭിച്ചപ്പോൾ രൂപതയ്ക്കു വേണ്ടി ഏതാനും വർഷങ്ങൾ ഇവിടെയാണ് വൈദികാർത്ഥികളെ പരിശീലിപ്പിച്ചത്. തലശേരി, താമരശേരി, മാനന്തവാടി രൂപതകളിലെ സീനിയർ വൈദികരിൽ പലരും ഇവിടെ പഠിച്ചവരാണ്. ക്ലരീഷ്യൻ സന്ന്യാസസമൂഹത്തിന്റെ പ്രഥമവൈദികരും എം.എസ്.ടി. മിഷനറി സൊസൈറ്റിയുടെ ആദ്യകാലവൈദികരും ഇവിടുത്തെ വിദ്യാർത്ഥികളായിരുന്നു.

സിആർഎം (അഡോർണോ ഫാദേഴ്സ്), വിൻസെൻഷ്യൻ സന്ന്യാസസമൂഹം, ടൂറാ, കല്യാൺ, ഉജ്ജെയ്ൻ, സത്ന, തക്കല എന്നീ രൂപതകളുടെയും വൈദികാർത്ഥികൾ ഇവിടെ പരിശീലനം നേടിയിട്ടുണ്ട്.

മോൺ. തോമസ് മൂത്തേടമായിരുന്നു സെമിനാരിയുടെ പ്രഥമ റെക്ടർ. തുടർന്ന് ഫാ. ജോൺ പെരുമറ്റം (പിന്നീട് ഉജ്ജെയ്ൻ മെത്രാൻ), റവ. ഡോ. ജോസഫ് മറ്റം, ഫാ. ഫിലിപ്പ് ഞരളക്കാട്ട്, ഫാ. ജോർജ് ചൂരക്കാട്ട്, റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ, ഫാ. ജോസഫ് പടന്നമാക്കൽ, റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ, ഫാ. ജയിംസ് കട്ടയ്ക്കൽ, റവ. ഡോ. തോമസ് മൂലയിൽ, റവ. ഡോ. ജോസഫ് തലോടിൽ എന്നിവർ റെക്ടർമാരായി.

ഇപ്പോൾ റവ. ഡോ. ജോസഫ് മുത്തനാട്ട് റെക്ടറായും റവ. ഡോ. എമ്മാനുവേൽ പാറേക്കാട്ട് വൈസ് റെക്ടറായും റവ. ഡോ. തോമസ് പാറയ്ക്കൽ സ്പിരിച്ചൽ ഡയറക്ടറായും സേവനം ചെയ്യുന്നു. ■

# നീതിമാർഗത്തിൽ വിരിഞ്ഞ രക്തനക്ഷത്രം

(1–ാം പേജ് തുടർച്ച)

**വിചാരണയും ജാമ്യവും നിഷേധിക്കപ്പെട്ടു**

കഴിഞ്ഞ വർഷം ഒക്ടോബർമുതൽ നവിമുംബൈയിലെ തലോജ ജയിലിലടച്ച ഫാ. സ്റ്റാൻ സ്വാമിയുടെ ജാമ്യാപേക്ഷകളെല്ലാം എൻഐഎ ശക്തമായി എതിർത്തു. മാവോയിസ്റ്റ് ഭീകരബന്ധം ആരോപിച്ച് അറസ്റ്റു ചെയ്ത് ഇരുമ്പഴിക്കുള്ളിലാക്കിയ ഇന്ത്യയിലെ ഏറ്റവും പ്രായംകൂടിയ പൗരനായിരുന്നു ഫാ. സ്റ്റാൻ സ്വാമി.

പാർക്കിൻസൺസ് രോഗവും കേൾവിക്കുറവുമുള്ള വന്ദ്യവയോധികനായ വൈദികൻ എങ്ങനെയാണ് രാജ്യത്തിനു ഭീഷണിയാകുന്നതെന്നു കോടതിയും ചോദിച്ചില്ല. എട്ടുമാസത്തിനുശേഷവും വിചാരണപോലുമില്ലാതെ തടവിൽ കഴിയുമ്പോഴാണ് കൊവിഡ് ബാധിച്ചതും ആരോഗ്യനില വഷളായതും. അതീവഗുരുതരരോഗിയായിട്ടും ജാമ്യം നൽകാൻ ഈ രാജ്യത്ത് കോടതികളുണ്ടായില്ല.

മുംബൈ ഹൈക്കോടതിയുടെ നിർദേശപ്രകാരം ബാന്ദ്രയിലെ ഹോളി ഫാമിലി ആശുപത്രിയിൽ ചികിൽസയ്ക്കെത്തിക്കുമ്പോഴേക്കും ഫാ. സ്റ്റാൻ സ്വാമിയുടെ ആരോഗ്യം നഷ്ടമായിരുന്നു. കൊവിഡ് പോസിറ്റീവു കൂടിയായതോടെ സ്ഥിതി വഷളായി. സാധാരണ പൗരനു ലഭിക്കേണ്ട മനുഷ്യാവകാശങ്ങൾപോലും ഈ മനുഷ്യാവകാശപ്രവർത്തകനു കേന്ദ്ര സർക്കാരും ദേശീയ അന്വേഷണ ഏജൻസിയും ജയിലധികൃതരുമെല്ലാം ചേർന്നു നിഷേധിച്ചു.

**അശരണരുടെ ആലംബമായി എന്നും**

തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ 1937 ഏപ്രിൽ 26 നു ഫാ. സ്റ്റാൻ സ്വാമി ജനിച്ചു. ഫിലിപ്പീൻസിലാണു തിയോളജിയും സോഷ്യോളജിയിൽ മാസ്റ്റേഴ്സും പഠിച്ചത്. ബ്രസീലിൽനിന്നുള്ള കത്തോലിക്കാ ആർച്ച്ബിഷപ് ഹെൽഡർ കമാരയുമായുള്ള സൗഹൃദമാണ് അദ്ദേഹത്തെ പാവങ്ങളുടെ അവകാശപ്പോരാളിയാക്കി മാറ്റിയത്. ലിബറേഷൻ തിയോളജിയോട് ആഭിമുഖ്യം ഉണ്ടായേക്കാമെങ്കിലും ഒരിക്കലും തീവ്രനിലപാടുകൾ സ്വാമിയച്ചനുണ്ടായിരുന്നില്ല. സായുധവിപ്ലവമെന്ന ആശയത്തോടുപോലും വിയോജിച്ചിരുന്നതായാണ് അദ്ദേഹത്തിന്റെ കുറിപ്പുകൾ സൂചിപ്പിക്കുന്നത്.

പാവങ്ങൾക്കും അശരണർക്കും നീതി നിഷേധിക്കപ്പെടുന്നവർക്കുംവേണ്ടി ജീവിക്കാനുള്ള യേശുക്രിസ്തുവിന്റെ സന്ദേശം ഉൾക്കൊള്ളുകയായിരുന്നു അദ്ദേഹം. ജാർഖണ്ഡിലെ ആദിവാസികളുടെ ഭൂമിയും അവകാശങ്ങളും കവർന്നെടുക്കുന്ന ഭൂമി, ഖനി മാഫിയയ്ക്കെതിരേ ഭയമേതുമില്ലാതെയുള്ള സമാധാനപ്പോരാട്ടമായിരുന്നു സ്വാമിയച്ചൻ നടത്തിയിരുന്നത്. ആദിവാസികളുടെയും പാർശ്വവത്കരിക്കപ്പെട്ട മറ്റു വിഭാഗങ്ങളുടെയും ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിലാണ് അദ്ദേഹം യേശുവിനെ കണ്ടത്.

ജീവിതത്തിന്റെ സുഖലോലുപതകളോട് ഫാ. സ്റ്റാൻ സ്വാമിക്ക് കമ്പമുണ്ടായില്ല. റാഞ്ചിയിൽ ആദിവാസികളിലൊരാളായാണ് സ്വാമിയച്ചൻ ജീവിച്ചത്. ബംഗളൂരുവിലെ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി



1975 മുതൽ 11 വർഷക്കാലം പ്രവർത്തിച്ചെങ്കിലും നഗരജീവിതത്തോടു ഭ്രമമുണ്ടായില്ല. സ്വന്തം ആവശ്യപ്രകാരമാണ് ഈശോസഭാഅധികൃതർ അദ്ദേഹത്തെ ജാർഖണ്ഡിലേക്കു മാറ്റിയത്. ഗോത്രവർഗക്കാർക്കായി അദ്ദേഹം ജീവിതം സ്വയം സമർപ്പിക്കുകയായിരുന്നു.

സ്വാമിയച്ചന്റെ അമ്പതുവർഷത്തോളം നീണ്ട സേവനങ്ങൾക്കുള്ള സർക്കാരിന്റെ സമ്മാനം പക്ഷേ, കൊടിയ ക്രൂരതയായി. എൻഐഎ എന്തൊക്കെ ആരോപിച്ചാലും ആദിവാസികൾക്കു തങ്ങളുടെ പ്രിയപ്പെട്ട രക്ഷകനെക്കുറിച്ചു നല്ലതേ പറയാനുള്ളൂ. ഭൂമിക്കും വനാവകാശത്തിനുംവേണ്ടി ആദിവാസികൾ നടത്തുന്ന സമരങ്ങളെ പിന്തുണച്ചതു തെറ്റല്ലെന്ന് അദ്ദേഹം വിശ്വസിച്ചു. ആദിവാസികളുടെ പൗരാവകാശങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും അവർക്കു പിന്തുണ നൽകുകയും ചെയ്യുന്നതു മനുഷ്യത്വപരമായ ജനാധിപത്യ കടമയാണെന്ന് ഫാ. സ്റ്റാൻ സ്വാമിക്കു ബോധ്യമുണ്ടായിരുന്നു.

**പൊട്ടിച്ചെറിയണം ചങ്ങലകൾ**

'കൂട്ടിലടച്ച പക്ഷിക്കും പാടാൻ കഴിയും.' തലോജ സെൻട്രൽ ജയിലിൽ തടവിൽ കഴിയുമ്പോഴാണ് ജെസ്യൂട്ട് സഹപ്രവർത്തകന് അയച്ച കത്തിൽ ഫാ. സ്റ്റാൻ സ്വാമി ഇതെഴുതിയത്. അതെ, കൂട്ടിടച്ചാലും മരണം കവർന്നാലും ഫാ. സ്റ്റാൻ സ്വാമിയെന്ന പക്ഷിയുടെ പാട്ടുകൾ ലോകത്ത് കൂടുതൽ ഉച്ചത്തിൽ മുഴങ്ങും. ഒരാളെ ജയിലിലടയ്ക്കാം... കൊല്ലാം, പക്ഷേ, സത്യത്തെയും ആശയങ്ങളെയും വധിക്കാനാകില്ല. ജീവിച്ചിരുന്ന സ്റ്റാൻ സ്വാമിയെക്കാൾ പതിന്മടങ്ങു ശക്തനായിരിക്കും മരണത്തിലും ജനഹൃദയങ്ങളിൽ ജീവിക്കുന്ന ഫാ. സ്റ്റാൻ സ്വാമിയെന്ന രക്തസാക്ഷി. 'എനിക്കു സംഭവിക്കുന്നത് എനിക്കു മാത്രം സംഭവിക്കുന്ന ഒന്നല്ല, രാജ്യത്തുടനീളം നടക്കുന്ന പ്രക്രിയയാണിത്. ബുദ്ധിജീവികൾ, അഭിഭാഷകർ, എഴുത്തുകാർ, കവികൾ, മനുഷ്യാവകാശ പ്രവർത്തകർ, വിദ്യാർഥികൾ, നേതാക്കൾ എന്നിവരെ എങ്ങനെ ജയിലിലടയ്ക്കുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാം. ഞങ്ങൾ പ്രക്രിയയുടെ ഭാഗമാണ്. ഒരുതരത്തിൽ ഈ പ്രക്രിയയുടെ ഭാഗമാകുന്നതിൽ ഞാൻ സന്തുഷ്ടനാണ്. ഞാൻ ഒരു നിശ്ശബ്ദകാഴ്ചക്കാരനല്ല, കളിയുടെ ഭാഗമാണ്. എന്തായാലും വില നൽകാൻ തയ്യാറാണ്'. അറസ്റ്റിനു തൊട്ടുമുമ്പ് 2020 ഒക്ടോബർ ഏഴിനു സാമൂഹികമാധ്യമങ്ങളിൽ പങ്കുവച്ച വീഡിയോസന്ദേശത്തിൽ ഫാ. സ്റ്റാൻ സ്വാമി പറഞ്ഞ ഈ വാചകങ്ങൾ ഭരണകൂടങ്ങൾക്കുള്ള വലിയ മുന്നറിയിപ്പാണ്.

ഭരണഘടന ഉറപ്പുനൽകുന്ന നീതി, സമത്വം, മനുഷ്യാവകാശങ്ങൾ, അഭിപ്രായ-മത-ഭക്ഷണ-വസ്ത്ര സ്വാതന്ത്ര്യങ്ങൾ, എതിർക്കാനുള്ള അവകാശം തുടങ്ങിയവ നിഷേധിക്കുന്ന കരിനിയമങ്ങൾക്കെതിരേ ജനകീയപ്രതിരോധം ഉയർത്താൻ ഫാ. സ്റ്റാൻ സ്വാമിയുടെ രക്തസാക്ഷിത്വം കാരണമാകട്ടെ. അനീതികളുടെയും ചൂഷണങ്ങളുടെയും ചങ്ങലകൾ പൊട്ടിച്ചെറിയാനാകണം. ജനാധിപത്യ, മതേതര മൂല്യങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും തുല്യനീതിക്കുംവേണ്ടി തന്റേത്തോടെ നിലകൊള്ളാം. ■



തോമസ് കുഴിഞ്ഞാലിൽ

# മ്യാൻമറിന്റെ വിലാപം ലോകത്തിന്റെ ബധിരകർണങ്ങളിൽ ?




മ്യാൻമറിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് യുദ്ധമാണോ ആഭ്യന്തരകലാപമാണോയെന്നു നിർവചിക്കാൻ രാഷ്ട്രീയനിരീക്ഷകർക്കു പോലുമാകുന്നില്ല. ഈ വർഷം ഫെബ്രുവരി ഒന്നിനു നടന്ന പട്ടാള അട്ടിമറിയാണ് രാജ്യത്തെ അരാജകത്വത്തിലേക്കു നയിച്ചതെന്നു മാത്രമേ നിരീക്ഷിക്കാനാകുന്നുള്ളൂ.

പ്രധാനമന്ത്രിസ്ഥാനത്തിനു തുല്യമായ 'സ്റ്റേറ്റ് കൗൺസിലർ' പദവി അലങ്കരിച്ചിരുന്ന ഓങ് സാൻ സ്യൂകിയെ തുറുങ്കിലടച്ച് പട്ടാളമേധാവികളുടെ കിരാതഭരണം തുടങ്ങിയിട്ട് അഞ്ചുമാസം കഴിഞ്ഞു. പട്ടാളഅട്ടിമറിക്കെതിരേ തെരുവിലിറങ്ങി പ്രതിഷേധിക്കുന്ന നിരായുധരായ ജനാധിപത്യവിശ്വാസികളെ നിഷ്ഠുരം കൊല ചെയ്യുകയും ആയിരങ്ങളെ തുറുങ്കിലടയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കഴിഞ്ഞ മാർച്ച് 27-ാം തീയതി പട്ടാളം വെടിവച്ചിട്ടത് ഏഴു കുഞ്ഞുങ്ങളുൾപ്പെടെ 107 പേരെയാണ്. അട്ടിമറി നടന്ന ഫെബ്രുവരി ഒന്നിനുശേഷം ആകെ മരണസംഖ്യ 850 കടന്നിട്ടുണ്ടാകാമെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തത്. ഇതിൽ അമ്പതിലേറെപ്പേർ കുട്ടികളാണ്.

മ്യാൻമറിലെ ജനാധിപത്യവിരുദ്ധനടപടികളിൽ പ്രതിഷേധമറിയിച്ചു പാശ്ചാത്യരാജ്യങ്ങൾക്കൊപ്പം ഏഷ്യൻ രാജ്യങ്ങളും രംഗത്തുവന്നെങ്കിലും പട്ടാളമേധാവികൾ വഴങ്ങുന്ന ലക്ഷണങ്ങളില്ല. അട്ടിമറിയെ അപലപിച്ചുകൊണ്ട് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പ്രസ്താവനയിറക്കി. യു.എൻ. ജനറൽ അസംബ്ലിയെ അഭിസംബോധന ചെയ്ത മ്യാൻമറിന്റെ പ്രതിനിധി ക്യോ മോ തുൻ തന്റെ രാജ്യത്ത് ജനാധിപത്യം സ്ഥാപിച്ചുകിട്ടാൻ സംഘടനയിലെ 193 അംഗരാജ്യങ്ങളുടെയും ശക്തമായ ഇടപെടൽ ആവശ്യപ്പെട്ടു. യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ അട്ടിമറിയെ അപലപിക്കുകയും പട്ടാളഭരണാധികാരികളുടെയും നിരപരാധികളെ കൊന്നൊടുക്കുന്ന പോലീസ് മേധാവിയുടെയും കമാൻഡർമാരുടെയുംമേൽ ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു. അട്ടിമറിക്ക് നേതൃത്വം നൽകിയ പട്ടാളമേധാവി ജനറൽ മിൻ ഓങ് ലെയിങ്ങിന്റെ യുഎസിലുള്ള 100 കോടി ഡോളർ നിക്ഷേപം പിൻവലിക്കുന്നതിനും ബൈഡൻ വിലക്കേർപ്പെടുത്തി. ജനറൽ ലെയിങ്ങിനും പത്ത് ഉയർന്ന ഉദ്യോഗസ്ഥർക്കുമെതിരേ യൂറോപ്യൻയൂണിയൻ ഉപരോധം പ്രഖ്യാപിച്ചു. യു.എസ്., യു.കെ., ഓസ്ട്രേലിയ, ജപ്പാൻ തുടങ്ങി 12 രാജ്യങ്ങളിലെ പ്രതിരോധമന്ത്രിമാർ പ്രത്യേകം യോഗം വിളിച്ചുചേർത്ത് പുറത്തിറക്കിയ പ്രസ്താവനയിൽ പട്ടാള അട്ടിമറിയെ തള്ളിപ്പറയുകയും രാജ്യത്തെ ജനാധിപത്യത്തിലേക്കു തിരികെക്കൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഇന്തോനേഷ്യൻ തലസ്ഥാനമായ ജാക്കർത്തയിൽ ഏപ്രിൽ 24-ാം തീയതി വിളിച്ചുചേർത്ത ആസിയാൻ ഉച്ചകോടിയിൽ മ്യാൻമറിലെ മനുഷ്യക്കുരുതിക്ക് അറുതി വരുത്തണമെന്നും ജനാധിപത്യം പുനഃസ്ഥാപിച്ചു ശാന്തിയും സമാധാനവും സുസ്ഥിതിയും കൈവരുത്തണമെന്നും സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്ന ജനറൽ ലെയിംഗിനോട് നിർദ്ദേശിച്ചു.

മറ്റൊരു രാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയില്ലെന്ന ധാരണ നിലനില്ക്കുന്ന സാഹചര്യത്തിൽ ജക്കാർത്തയിൽ നടന്ന ഉച്ചകോടിയിലെ നിർദേശങ്ങൾ പ്രശ്നപരിഹാരത്തിനുതകുമോയെന്നു സംശയിക്കുന്നവരുണ്ട്. എന്നിരുന്നാലും, ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന ശുഭാപ്തിവിശ്വാസം ഇന്തോനേഷ്യൻ പ്രസിഡന്റ് ജോക്കോ വിഡോഡോയും മലേഷ്യൻ പ്രധാനമന്ത്രി മുഹയുദ്ദീൻ യാസിനും പ്രകടിപ്പിച്ചു. 'ആസിയാ'ന്റെ ഇപ്പോഴത്തെ ചെയർമാൻ ബ്രൂണൈ പ്രധാനമന്ത്രി ഹസൻ ബോൾക്കിയയെ മ്യാൻമർ സന്ദർശിക്കാൻ അനുവദിക്കണമെന്നും ഇരുകൂട്ടരെയും സമന്വയിപ്പിച്ച് പരിഹാരം കണ്ടെത്തണമെന്നും ജനറൽ ലെയിങ്ങിനോട് ഉച്ചകോടി അഭ്യർത്ഥിച്ചു.

ഭരണം പിടിച്ചെടുക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ജനറൽ ലെയിങ് ഇങ്ങനെ വിശദീകരിച്ചു: "വോട്ടർപ്പട്ടികയിൽ ക്രമക്കേടുകളും വോട്ടിങ്ങിൽ കൃത്രിമവും നടന്നിട്ടുണ്ടെന്നു തെളിഞ്ഞതിനാലാണ് സ്റ്റേറ്റ് കൗൺസിലർ ഓങ്സാൻ സ്യൂകിയെയും അനുയായികളെയും അറസ്റ്റു ചെയ്തത്. ക്രമക്കേടുകൾ തിരുത്തിയശേഷമേ ഇനിയൊരു തിരഞ്ഞെടുപ്പുണ്ടാവുകയുള്ളൂ. തടവിൽ കഴിയുന്നവർ സുരക്ഷിതരാണ്. അക്രമകാരികളും ഭീകരവാദികളുമായി മാറിയ നാട്ടുകാർതന്നെയാണ് കൊല്ലപ്പെടുന്നതെന്നറിയുന്നതിൽ എനിക്കു ദുഃഖമുണ്ട്. ശാന്തിയും സമാധാനവും പുലരേണ്ടത് രാജ്യത്തിന്റെ സുസ്ഥിതിക്കും വളർച്ചയ്ക്കും അനിവാര്യമാണ്. രാജ്യത്തെ അരാജകത്വത്തിലേക്കു തള്ളിവിടാൻ ആരെയും അനുവദിക്കുകയില്ല."

വീട്ടുതടങ്കലിൽ കനത്ത സുരക്ഷയിൽ കഴിയുന്ന സ്യൂകി സുരക്ഷിതയാണെന്നു പറയുമ്പോഴും എഴുപത്താറുകാരിയായ അവരുടെ ആരോഗ്യനിലയിൽ ജനത്തിന് ആശങ്കയുണ്ട്. സ്വന്തം അമ്മയെപ്പോലെ തങ്ങൾ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന അവരുടെ ജീവൻ അപകടത്തിലാണെന്നു ജനം കരുതുന്നു. അഴിമതിയും കൊവിഡ് പ്രോട്ടോക്കോൾ ലംഘനവുമുൾപ്പെടെ നിരവധി കുറ്റങ്ങളാണ് സ്യൂകിയുടെമേൽ പട്ടാളഭരണം ആരോപിക്കുന്നത്. അനധികൃതമായി പണവും സ്വർണവും സ്വീകരിച്ചുവെന്നും ഇറക്കുമതി നിയമങ്ങൾ ലംഘിച്ച് റേഡിയോകൾ വരുത്തിയെന്നതുമടക്കം കെട്ടിച്ചമച്ച ഒട്ടേറെ അപരാധങ്ങളും സ്യൂകിയുടെമേൽ ചുമത്തിയിട്ടുണ്ട്.

അടിച്ചൊതുക്കിയും വെടിവച്ചിട്ടും പ്രക്ഷോഭകരെ നേരിടുന്ന സൈന്യം യുദ്ധവിമാനങ്ങളുപയോഗിച്ചും ആക്രമണം നടത്തുന്നതാണ് യുദ്ധസമാനമായ അന്തരീക്ഷം സൃഷ്ടിച്ചത്. അരനൂറ്റാണ്ടിലേറെക്കാലമായി പട്ടാളഭരണത്തിനെതിരേ പോരാടുന്ന ഗോത്രവിഭാഗങ്ങളുടെ പിന്തുണ ജനാധിപത്യപ്രക്ഷോഭകർ ഉറപ്പാക്കിയെന്ന വാർത്തയുടെ പിന്നാലെയായിരുന്നു വ്യോമാക്രമണം. തായ്‌ലൻഡ് അതിർത്തിയിലെ ഗ്രാമപ്രദേശങ്ങളിലെ പ്രബലഗോത്രവർഗമായ 'കാരെൻ നാഷണൽ ലിബറേഷൻ ആർമി, കയ്യടക്കിവച്ചിരിക്കുന്ന പ്രദേശങ്ങളിലായിരുന്നു വ്യോമാക്രമണം. അരക്കൻ, കച്ചിൻ, ഷാൻ തുടങ്ങിയ ഗോത്രവർഗവിഭാഗങ്ങളുടെ സായുധരായ പോരാളികളും അതിർത്തിപ്രദേശങ്ങളിൽ സജീവമാണ്. പട്ടണങ്ങൾ കേന്ദ്രീകരിച്ചു പ്രതിഷേധിക്കുന്ന ജനാധിപത്യപ്രക്ഷോഭകരോടൊപ്പം ഗോത്രവർഗപോരാളികൾകൂടി ചേരുന്ന സാഹചര്യമുണ്ടായാൽ അതു വലിയ ഏറ്റുമുട്ടലുകളിലേക്കു നയിക്കുമെന്ന് യു.എൻ. മുന്നറിയിപ്പു നൽകിക്കഴിഞ്ഞു. വ്യോമാക്രമണങ്ങളെത്തുടർന്ന് ഗ്രാമവാസികൾ അയൽരാജ്യമായ തായ്‌ലൻഡിലേക്കു പലായനം ചെയ്യുന്നതായി വാർത്തകളുണ്ട്. രാജ്യത്തിന്റെ പടിഞ്ഞാറൻ അതിർത്തിഗ്രാമങ്ങളിലെ ന്യൂനപക്ഷങ്ങളായ രോഹിംഗ്യൻ മുസ്ലീംകൾക്കെതിരേ 2017 ൽ സൈന്യം നടത്തിയ വംശീയഹത്യയിൽനിന്നു രക്ഷപ്പെട്ട് അയൽരാജ്യങ്ങളായ ഇന്ത്യയിലും ബംഗ്ലാദേശിലും അഭയം തേടിയത് ആറരലക്ഷം പേരാണ്. സർവതും നഷ്ടപ്പെട്ട് അന്യരാജ്യങ്ങളിൽ അഭയാർത്ഥികളായിക്കഴിയുന്ന രോഹിംഗ്യരെ സ്വന്തം രാജ്യത്തു തിരികെയെത്തിക്കാൻ കൂട്ടാക്കാത്ത സൈനികനേതൃത്വമാണിപ്പോൾ ജനാധിപത്യമാർഗങ്ങളിലൂടെ അധികാരത്തിലെത്തിയ ഒരു സർക്കാരിനെ അട്ടിമറിച്ച് രാജ്യത്തെ അരാജകത്വത്തിലേക്കു കൂപ്പുകുത്തിച്ചത്. വിപ്ലവകാരികളും ഭീകരവാദികളും രാജ്യദ്രോഹികളുമായ സമരക്കാരാണ് തങ്ങളുടെ രാജ്യത്തെ അരാജകത്വത്തിലേക്കു തള്ളിവിട്ടതെന്ന് സൈനികനേതൃത്വത്തിന്റെ ഔദ്യോഗികവക്താവു നടത്തിയ പ്രസ്താവന അപഹാസ്യമെന്നേ വിശേഷിപ്പിക്കാനാവൂ.

ബ്രിട്ടീഷ് ഭരണകാലത്ത് സമ്പന്നമായിരുന്ന ബർമയെന്ന രാജ്യമാണ് സ്വാതന്ത്ര്യാനന്തരം ലോകത്തെ ഏറ്റവും ദരിദ്രരാജ്യങ്ങളിലൊന്നായ മ്യാൻമറായി മാറിയത്. അഞ്ചരക്കോടി ജനസംഖ്യയുള്ള രാജ്യത്തെ വരുമാനം സൈന്യത്തെ തീറ്റിപ്പോറ്റാൻ തികയുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

ഇന്തോനേഷ്യ കഴിഞ്ഞാൽ തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളിലെ ഏറ്റവും വലിയ സൈന്യമാണ് മ്യാൻമറിനുള്ളത്. രാജ്യത്തെ വിദ്യാഭ്യാസ-ആരോഗ്യമേഖലകൾക്കു ചെലവഴിക്കുന്ന തുകയുടെ ഇരട്ടിയിലധികം പ്രതിരോധമേഖലയ്ക്കു നീക്കിവയ്ക്കുന്നു. ചൈനയും റഷ്യയുമാണ് മ്യാൻമറിന് ആയുധങ്ങൾ വിൽക്കുന്ന പ്രധാന രാജ്യങ്ങൾ. സൈനികോദ്യോഗസ്ഥർക്കും സാങ്കേതികവിഭാഗത്തിനും റഷ്യൻ സൈന്യത്തിന്റെ നേതൃത്വത്തിലാണു പരിശീലനം നൽകുന്നത്. സൈനിക അട്ടിമറിയെയും അതിനീചമായ മനുഷ്യാവകാശലംഘനങ്ങളെയും രണ്ടു രാജ്യങ്ങളും അപലപിക്കാത്തത് ആയുധക്കച്ചവടത്തിനും സാങ്കേതികസഹായത്തിനുമുള്ള പ്രത്യുപകാരമായിട്ടാണ്. മ്യാൻമറിനെതിരേ ഉപരോധമേർപ്പെടുത്താൻ ഐക്യരാഷ്ട്രസഭയ്ക്കു കഴിയാതെ പോകുന്നതും ചൈനയുടെയും റഷ്യയുടെയും എതിർപ്പുകൾമൂലമാണ്. ഈ രണ്ടു രാജ്യങ്ങളും ആത്മാർത്ഥമായി മനസ്സുവച്ചാൽ മാത്രമേ മ്യാൻമറിൽ ജനാധിപത്യം സംരക്ഷിക്കപ്പെടുകയും രക്തച്ചൊരിച്ചിൽ അവസാനിക്കുകയും ചെയ്യുകയുള്ളൂ.

അയൽരാജ്യമായ മ്യാൻമർ ആഭ്യന്തരകലാപത്തിലേക്കു നീങ്ങുകയും വൻശക്തി രാഷ്ട്രങ്ങളുടെ ഇടപെടലുകളുണ്ടാവുകയും ചെയ്യുന്നത് നമ്മുടെ രാജ്യത്തിന്റെ സുരക്ഷയ്ക്കു ഭീഷണിയാകും. വടക്കുകിഴക്കനതിർത്തി പങ്കിടുന്ന ചൈനയൊഴികെ ഏതു വൻശക്തി രാഷ്ട്രത്തിനും മ്യാൻമറിൽ സൈനികമായി ഇടപെടണമെങ്കിൽ ബംഗാൾ ഉൾക്കടലിനെ ആശ്രയിക്കുകയേ മാർഗമുള്ളൂ എന്നതാണ് നമ്മെ അലോസരപ്പെടുത്തുന്നത്. മ്യാൻമറിനോടു ചേർന്നുകിടക്കുന്ന ആൻഡമാർ നിക്കോബാർ ദ്വീപുകൾ നമ്മുടെ കേന്ദ്രഭരണപ്രദേശങ്ങളിലൊന്നാണ്. ■

# അല്ലിമോളുടെ അച്ഛൻ



കഥ

**ഷാജി മാലിപ്പാറ**

മരംവെട്ടുകാരന് സ്വർണക്കോടാലി സമ്മാനിച്ച വനദേവതയുടെ കഥ അമ്മ വായിച്ചുകേൾപ്പിച്ചു. അതു കഴിഞ്ഞയുടൻ അല്ലിമോൾ ആവശ്യപ്പെട്ടു: "ഇനി അച്ഛൻ കഥ വായിക്കണം."

"വേണ്ട. അമ്മ വായിച്ചോളും." അച്ഛൻ ഒഴിഞ്ഞുമാറാൻ നോക്കിയെങ്കിലും അവൾ വിട്ടില്ല. "അച്ഛൻതന്നെ വായിച്ചാ മതി."

കൊറോണക്കാലത്തിനുമുമ്പ് മാമൻ വാങ്ങിക്കൊടുത്ത കഥപ്പുസ്തകം അവൾ അച്ഛന്റെ മടിയിൽ വച്ചുകൊണ്ട് പറഞ്ഞു: "അമ്മയല്ലേ എപ്പഴും വായിച്ചുതരണത്? ഇന്ന് അച്ഛൻ വായിച്ചു തരണം."



രണ്ടാം ക്ലാസുകാരിയായ അല്ലിമോൾ വാശിക്കാരിയല്ല. എന്നാൽ, ഇന്നവൾ അച്ഛൻ വായിക്കണമെന്ന ശാഠ്യത്തിലാണ്. അതിനു തക്ക കാരണവുമുണ്ട്. വായനോത്സവം പ്രമാണിച്ച് സ്കൂളിൽനിന്ന് പല പരിപാടികളും ഒരുക്കുന്നുണ്ട്. അതിലൊന്ന് കുടുംബവായനയാണ്. അതെങ്ങനെ വേണമെന്ന് വിമലറ്റീച്ചർ കൃത്യമായി ഗ്രൂപ്പിൽ പറഞ്ഞിട്ടുമുണ്ട്. വീട്ടിലുള്ള എല്ലാവരും ഒരുമിച്ചിരുന്ന് കുറച്ചു നേരം പുസ്തകം വായിക്കണം. കഥയോ കവിതയോ വിവരണമോ എന്തുമാകാം. എല്ലാവരും മാറിമാറി വായിച്ചാൽ അത്രയും നന്ന്. അതാണ് കുടുംബവായന. അതിന്റെ ഫോട്ടോയോ വീഡിയോയോ എടുത്ത് ടീച്ചർക്ക് അയച്ചുകൊടുക്കുകയും വേണം.

റ്റീച്ചറുടെ നിർദ്ദേശം വായിച്ചപ്പോൾമുതൽ അല്ലിമോൾക്കു തിടുക്കമായി. അച്ഛൻ കടയിലെ പണികഴിഞ്ഞു വരട്ടെയെന്ന് അമ്മ പറഞ്ഞപ്പോൾ അവൾ സമ്മതിച്ചതുമാണ്. കൊറോണക്കാലമായതിൽപ്പിന്നെ അച്ഛന് എന്നും പണിയില്ല. ഉള്ളപ്പോൾത്തന്നെ നേരത്തേ വരികയും ചെയ്യും. എന്നിട്ടാണിപ്പോൾ അച്ഛൻ കഥ വായിക്കാതെ ഉഴപ്പാൻ നോക്കുന്നത്. അല്ലിമോൾ അതിനു സമ്മതിക്കുകയില്ല. അങ്ങനെയാണ് അമ്മയും പിന്തുണയുമായി വന്നത്. "ഒരു കഥ വായിച്ചുകൊടുക്കെന്നേ. പിള്ളേരുടെ ആശയല്ലേ?"

"അച്ഛൻ കഥ വായിക്കണത് ഞാൻ കേട്ടിട്ടില്ല." നേഴ്സറിക്കാരൻ അല്ലുമോൻ കൊഞ്ചിപ്പറഞ്ഞു. ഒടുവിൽ ഭിത്തിയിൽ ചാരിയിരുന്ന് കാലുകൾ നീട്ടിവച്ച് അച്ഛൻ കഥപ്പുസ്തകം കൈയിലെടുത്തു. അല്ലിമോൾ കാതുകൂർപ്പിച്ച് അച്ഛന്റെ മുഖത്തുനോക്കിയിരുന്നു.

"പങ്കിയമ്മൂമ്മയും പയർമണികളും..." അച്ഛൻ തലക്കെട്ടുമുതൽ വായിക്കുന്നത് അല്ലിമോൾ ശ്രദ്ധിച്ചു. നല്ല മുഴക്കമുള്ള സ്വരം, കൊള്ളാം. അവൾ മനസ്സിൽ പറഞ്ഞു.

പങ്കിയമ്മൂമ്മ രണ്ടു പയർമണികൾ മണ്ണിൽ കുഴിയുണ്ടാക്കി അതിലിട്ടു. അതിലൊരു പയർമണി കുഴിയിൽനിന്ന് ചാടിക്കയറി ഒരു കല്ലിന്മേലിരുന്നു. അതിനെ ഒരു കിളി കൊത്തിത്തിന്നു. മറ്റേ പയർമണി മണ്ണിൽ ചേർന്നുകിടന്നു. അതു മുളച്ചുവളർന്ന് ധാരാളം പയർമണികൾ ഉണ്ടായി. ഈ ചെറിയ കഥയുടെ ഇടയിൽ കുഞ്ഞുപാട്ടുകളും ഉണ്ടായിരുന്നു. അമ്മയാണെങ്കിൽ അതൊക്കെ വായിച്ചുപോകും. പക്ഷേ, അച്ഛൻ പാട്ടുകൾ ഈണത്തിൽ ആവർത്തിച്ചു പാടിക്കൊടുത്തു. അല്ലിമോളും അല്ലുമോനും ഏറ്റുപാടി. എല്ലാം കേട്ടു രസിച്ചിരുന്ന അമ്മയും കൂടെച്ചേർന്നു പാടിയപ്പോൾ നല്ല രസമായി.

അയലത്തെ അപ്പുച്ചേട്ടൻ ആ വഴി വന്നതിനാൽ കഥമേളത്തിന്റെ വീഡിയോയും എടുക്കാൻ പറ്റി. അച്ഛൻതന്നെ അത് ക്ലാസ് ഗ്രൂപ്പിലേക്ക് ഇടുകയും ചെയ്തു.

"കുടുംബവായനയുടെ മാതൃകയായി മാറി അല്ലിമോളുടെ വീഡിയോ. ആയിരം അഭിനന്ദങ്ങൾ!" ടീച്ചറുടെ കമന്റാണ് ആദ്യം വന്നത്. പിന്നെ തുരുതുരാ കമന്റുകൾ.

"അല്ലിമോളുടെ അച്ഛൻ കിടുവാണ്."

"അല്ലിമോളുടെ അച്ഛനാണ് താരം."

അതേ, എന്റെ അച്ഛൻ താരമാണ്. അല്ലിമോൾക്കു സന്തോഷമായി. അവൾ അച്ഛന്റെ അരികിലെത്തി, കുറ്റിത്താടി നിറഞ്ഞ കവിളത്ത് ഉമ്മവച്ചു. ചിരിച്ചുകൊണ്ട് അടുത്തെത്തിയ അമ്മയ്ക്കും അല്ലിമോളൊരു സ്നേഹമുത്തം കൊടുത്തു. ■

# കീഴാളമുന്നേറ്റത്തിന് ഒരാമുഖം



**ശ്രീദേവി എസ്. കെ.**

'ഞാനും തെലഞ്ഞേലി കൃഷ്ണനാശാനും അമ്പാട്ടു ഗോവിന്ദപ്പിള്ളയും അടിയോട്ടിൽ പപ്പു മുതലായിട്ടു വേറെ എട്ടു പത്തു ബാല്യക്കാരുമായി കൊച്ചു ഭട്ടേരിയോടുംകൂടി ഒരിക്കൽ തിരുവനന്തപുരത്തു പോകുമ്പോൾ കാരുവെള്ളമില്ലക്കാരന്റെ പടികഴിഞ്ഞു രണ്ടു മൂന്ന് നാഴിക തെക്കു ഒരു മുക്കവലയും ചുമടുതാങ്ങിയും ഉള്ളെടുത്തു വന്നിറങ്ങി. കന്നിതുലാം മാസംകാലമായിരുന്നു. അപ്പോൾ കിഴക്കുനിന്നും മലങ്കൊയിത്തും കഴിഞ്ഞു പുട്ടലിലും പൊല്കങ്ങളിലും നെല്ലു കെട്ടി എടുത്തും കൊണ്ടു കുറെ പുലയർ ചുമടുതാങ്ങിയിങ്കൽ ഇളെപ്പാനായിട്ട് അമഗിച്ചു ഓടിവരുന്നുണ്ട്. കിടാങ്ങൾ അടക്കം അവർ മുപ്പതു നാൽപ്പതു എണ്ണം ഉണ്ടായിരുന്നു. വഴിക്കു ഇരുപുറവും ഉയർന്ന കാടാകകൊണ്ട് അവരും ഞങ്ങളും തമ്മിൽ കാണാൻ ഇടവരാതെ അവർ വന്നു നിന്നാ അടുത്തു പോയി.

ഞങ്ങളെ കണ്ട ഉടനെ കടുവയെ കണ്ട പശുക്കളെപ്പോലെ എല്ലാം കൂടെ വിരണ്ടും നിലവിളിച്ചും കൊണ്ടു തിരിച്ചു ഓടി. പിടിച്ചോളിൻ എന്ന് ഭട്ടേരി കല്പിച്ചു. പപ്പു മുതൽപേരും പിറകേ എത്തി. ആ പുലയരിൽ എട്ടൊൻപതുമാസം ഗർഭമുള്ള പുലയി ഉണ്ടായിരുന്നു. അവളും ചില കിടാങ്ങളും പിറകായിപ്പോയി. അടിയോട്ടിൽ പപ്പു ഓടിച്ചെന്ന ചെലവിൽ ഒരു പുലയക്കിടാവിനെ തൂക്കിയെടുത്തു ആ പുലയിയുടെ പുറത്തടിച്ചു. അതിനോടെ അവർ വയറും തല്ലി കവിന്നുവീണു. ഉടനെ പ്രസവവും കഴിഞ്ഞു... ശേഷം പുലയരിൽ കൈയ്യിൽ കിട്ടിയതിനെ ഒക്കെ അവർ നുറുങ്ങെ നല്കി. നാലഞ്ചുകിടാങ്ങളെ എടുത്ത് കാട്ടിലേക്ക് എറിഞ്ഞു. ചുമടു ഇട്ടും കളഞ്ഞു ഓടിപ്പോയവരെ മാത്രം പിടികിട്ടിയില്ല. അവരുടെ നെല്ലെല്ലാം പപ്പുവും കൂട്ടരും തട്ടിത്തൊഴിച്ച് കാട്ടിൽ ചീന്തിക്കളഞ്ഞു.

പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മലയാളസാഹിത്യകാരനും ക്രൈസ്തവപുരോഹിതനുമായിരുന്ന ആർച്ചുഡീക്കൻ കോശിയുടെ (1825–1899) 'പുല്ലേലി കുഞ്ചു' എന്ന നോവലിലെ ഒരു ഭാഗമാണിത്. കേരളത്തിലെ ദളിതരുടെ പക്ഷത്തുനിന്ന് രചന നടത്തിയ ഈ കൃതി മലയാളത്തിലെ ആദ്യത്തെ ദളിത് സാഹിത്യകൃതിയായി പരിഗണിക്കപ്പെടുന്നു.

പത്തോളം കൃതികൾ അദ്ദേഹം രചിച്ചു. കോട്ടയം സിഎംഎസ് പ്രസ്സിൽനിന്നു പ്രസിദ്ധീകരിച്ച 'പുല്ലേലി കുഞ്ചു' രചനാകാലം കണക്കാക്കുമ്പോൾ (1882) പ്രഥമ മലയാളനോവൽ എന്നാണ് സാഹിത്യഗവേഷകർ വിലയിരുത്തുന്നത്.

പ്രസ്സിൽ അച്ചടിച്ച ആദ്യ മലയാളപ്രസിദ്ധീകരണമായ ജ്ഞാനനിക്ഷേപത്തിന്റെ സ്ഥാപകരിലൊരാളും പ്രധാന പ്രവർത്തകനുമായിരുന്നു ആർച്ചുഡീക്കൻ കോശി. പുല്ലേലി കുഞ്ചു എന്ന നോവൽ തുടർപരമ്പരയായി ആദ്യം പുറത്തുവന്നത് ഈ മാസികയിലൂടെയാണ്. 'ജാതിഭേദങ്ങൾ' എന്ന പേരിലായിരുന്നു അത്.

ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായിരുന്ന കേരളീയ സമൂഹത്തിൽ കൊളോണിയൽ ആധുനികത സൃഷ്ടിച്ച കീഴാള സാംസ്കാരികമുന്നേറ്റങ്ങളെ അടയാളപ്പെടുത്തുന്ന കൃതിയായിരുന്നു പുല്ലേലി കുഞ്ചു. പുല്ലേലി കുഞ്ചുപിള്ള, രാമപ്പണിക്കർ എന്നിവരുടെ സംഭാഷണവും ബൈബിൾ വില്പനക്കാരുടെ പ്രസംഗവുമാണ് ഇതിന്റെ ഉള്ളടക്കം. ഒന്നാം ഭാഗത്ത് ജാതിഭേദത്തെക്കുറിച്ചും രണ്ടാം ഭാഗത്ത് ബിംബാരാധനയെക്കുറിച്ചുമുള്ള സംവാദമാണ്. മൂന്നാംഭാഗത്ത് ബൈബിൾ കച്ചവടക്കാരന്റെ ക്രിസ്തുമഹത്ത്വപ്രസംഗവും. കേരളത്തിന്റെ പഴയകാല സാമൂഹികയാഥാർത്ഥ്യങ്ങളും കീഴാളജീവിതപ്രശ്നങ്ങളും പങ്കുവച്ച കൃതിയാണ് പുല്ലേലി കുഞ്ചു.




ആർച്ചുഡീക്കൻ കോശി

പ്രശസ്ത ഇംഗ്ലീഷ് എഴുത്തുകാരനും പ്യൂരിറ്റൻ സുവിശേഷപ്രസംഗകനുമായ ജോൺ ബുന്യന്റെ 'Holy war' എന്ന കൃതിയുടെ പരിഭാഷയായ 'തിരുപ്പോരാട്ടം', Pilgrim's progress എന്ന കൃതിയുടെ പരിഭാഷയായ 'പരദേശി മോക്ഷയാത്ര' എന്നിവയാണ് അദ്ദേഹത്തിന്റെ ശ്രദ്ധിക്കപ്പെട്ട മറ്റുകൃതികൾ.

**ആർച്ചുഡീക്കൻ കോശി**

1844 ൽ കോട്ടയം സെമിനാരിയിൽനിന്നു പഠിച്ചിറങ്ങി. സംസ്കൃതം, ലത്തീൻ, ഇംഗ്ലീഷ് ഭാഷകളിൽ പ്രാവീണ്യം ഉണ്ടായിരുന്നു. വിവിധ ഇടവകകളിൽ വൈദികവൃത്തി ചെയ്തു. 1872 മുതൽ 1898 വരെ മലയാളം ബൈബിൾ നവീകരിക്കുന്നതിൽ വ്യാപൃതനായിരുന്നു അദ്ദേഹം. മതപരമായ സേവനങ്ങളെ മാനിച്ച് കാന്റർബെറി ആർച്ചുബിഷപ് അദ്ദേഹത്തിന് 1885 ആർച്ചുഡീക്കൻ സ്ഥാനം നൽകി. ആർച്ചുഡീക്കൻ എന്നാൽ 'ഡീക്കൻമാരുടെ തലവൻ' എന്നർത്ഥം. 1891 ൽ 'ഡോക്ടർ ഓഫ് ഡിവിനിറ്റി' എന്ന പദവിയും നൽകി. കേരളത്തിൽ ആർച്ചുഡീക്കനായി നിയമിതനായ പ്രഥമ തദ്ദേശീയനായിരുന്നു അദ്ദേഹം. ■



ശ്രേഷ്ഠമലയാളം

**ഡോ. ഡേവിസ് സേവ്യർ**

# മടിശ്ശീല

സംസ്കൃതത്തിലെ വ്യഞ്ജനസന്ധിയും സ്വരവ്യഞ്ജനസന്ധിയും ചേർന്നതാണ് മലയാളത്തിലെ ദ്വിത്വസന്ധി. മലയാളസമാസത്തിൽ ഉത്തരപദം തുടങ്ങുന്നത് വ്യഞ്ജനംകൊണ്ടാണെങ്കിൽ ആ വ്യഞ്ജനം പ്രായേണ ഇരട്ടിക്കും. യ ര ല വ ഞ ന മ ഹ എന്നിവ ഉത്തരപദാദിയിൽ വരുമെങ്കിലും ഇരട്ടിക്കുക സാധാരണമല്ല. ഉച്ചാരണസൗകര്യവും സമാസബോധം ഉണ്ടാക്കലുമാണ് ദ്വിത്വസന്ധിയുടെ അടിസ്ഥാനധർമ്മം. മലയാളസമാസത്തിൽ മാത്രമേ ഉത്തരപദാദിവ്യഞ്ജനത്തിന് ഇരട്ടിപ്പുള്ളൂ. സമാസത്തിൽ ഏതെങ്കിലുമൊരു ഘടകം മലയാളമാണെങ്കിൽ മലയാളരീതിക്കാണ് സന്ധി ചെയ്യേണ്ടത്. കവിൾ + തടം = കവിൾത്തടം (മലയാളം + സംസ്കൃതം), സുഖ + കുറവ് = സുഖക്കുറവ് (സംസ്കൃതം + മലയാളം). പൂർവ്വപദവും ഉത്തരപദവും മലയാളമാണെങ്കിൽ മലയാളരീതിക്ക് ഇണക്കണം എന്നു പറയേണ്ടതില്ലല്ലോ. പൊതി + ചോറ് = പൊതിച്ചോറ്.

മടി + ശീല, സന്ധി ചെയ്യുമ്പോൾ മടിശ്ശീല എന്നാകും (മടി + ശീല = മടിശ്ശീല). വിശേഷണവാചകം പൂർവപദവും വിശേഷ്യവാചകം പരപദവുമായി സമാസിക്കുമ്പോൾ പരപദത്തിന്റെ ആദ്യത്തിലുള്ള വ്യഞ്ജനം ഇരട്ടിക്കണം. ഈ നിയമപ്രകാരമാണ് മടി + ശീല = മടിശ്ശീലയാകുന്നത്. "വിശേഷണവിശേഷ്യങ്ങൾ/ പൂർവ്വോത്തരപദങ്ങളായ്/ സമാസിച്ചാലിരട്ടിപ്പൂ/ ദൃഢം പരപദാദിഗം"* എന്ന കേരളപാണിനീയകാരിക സുവിദിതമാണല്ലോ. മടിയിൽ വയ്ക്കാവുന്നത് എന്നാണ് മടിശ്ശീല എന്ന സമസ്തപദത്തിന്റെ അവയവാർത്ഥം. ചെറിയ പണസഞ്ചി, മൂലധനം, കൈയിരിപ്പുപണം മുതലായ വിവക്ഷിതങ്ങളിലും മടിശ്ശീല പ്രയോഗത്തിലുണ്ട്. ഭണ്ഡാരംവിചാരിപ്പുകാരനും ഖജാൻജിയും പണക്കാരനും സാന്ദർഭികമായി മടിശ്ശീലക്കാരൻ ആകും. സ്രാപ്പ് എന്ന അറബിപ്പദത്തിനും നാണയം മാറ്റിക്കൊടുക്കുന്നവൻ, ഉണ്ടിയൽ വ്യാപാരി, പണച്ചുമതലക്കാരൻ എന്നീ അർത്ഥങ്ങളുണ്ട്. വാക്യത്തിനുള്ളിൽ വർത്തിക്കുന്ന പദങ്ങൾ ശരിയായ ആശയത്തെ ഉത്പാദിപ്പിക്കണമെങ്കിൽ, പദങ്ങളുടെ സൂക്ഷ്മമായ അർത്ഥഭേദങ്ങൾ മനസ്സിലാക്കിയേ തീരൂ.

* രാജരാജവർമ്മ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1998, പുറം – 130.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**അമ്മയുടെ ഉദരത്തിൽനിന്ന് നഗ്നനായി ഞാൻ വന്നു. നഗ്നനായിത്തന്നെ ഞാൻ പിൻവാങ്ങും. കർത്താവു തന്നു. കർത്താവ് എടുത്തു. കർത്താവിന്റെ നാമം മഹത്ത്വപ്പെടട്ടെ.** ജോബ് 1:21

**എഡിറ്റോറിയൽ**

# ഭരണകൂടഭീകരതയ്ക്ക് അറുതിയുണ്ടാകണം

മനുഷ്യാവകാശപ്രവർത്തകനും ഈശോസഭാ വൈദികനുമായ ഫാ. സ്റ്റാൻ സ്വാമിയുടെ അതിദാരുണമരണം രാജ്യമനസ്സാക്ഷിയെ മുറിവേല്പിച്ചു. നീതിക്കുവേണ്ടിയുള്ള നിലയ്ക്കാത്ത നിലവിളിയുടെ അന്ത്യം അന്താരാഷ്ട്രതലങ്ങളിൽവരെ പ്രതിഷേധത്തിനിടയാക്കി. ഫാ. സ്റ്റാൻ ജയിലിൽ കഴിയവേ, ഒരു ജസ്വിറ്റ് വൈദികനെഴുതിയ കത്തിന്റെ അവസാനക്കുറി 'കൂട്ടിലടയ്ക്കപ്പെട്ട പക്ഷിക്കും പാടാനാകും' എന്നായിരുന്നു. തടവറയ്ക്കുള്ളിലും പാർശ്വവത്കരിക്കപ്പെട്ട ഒരു പറ്റം ജനതയുടെ നീതിനിഷേധത്തിനെതിരേയുള്ള ഈ വൃദ്ധപുരോഹിതന്റെ സമരസ്വരവും പോരാട്ടവീര്യവും ശാരീരികാവശതകളെ മറികടക്കുന്നതായിരുന്നു. ഫാ. സ്റ്റാൻ സ്വാമിയുടെ മരണവാർത്ത അറിഞ്ഞയുടൻ റാഞ്ചി അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് ഫെലിക്സ് ടോപ്പോ എഴുതി: "കൂട്ടിലടയ്ക്കപ്പെട്ട പക്ഷി സ്വർഗത്തിൽ പാടുന്നു. പക്ഷേ, നമ്മുടെ കൈകളിൽ ചോര പുരണ്ടിരിക്കുന്നു."

തമിഴ്നാട് തിരുച്ചിറപ്പള്ളി സ്വദേശിയായ സ്റ്റാൻ സ്വാമിയച്ചൻ ജാർഖണ്ഡിലെ ഗോത്രവർഗക്കാർക്കിടയിലാണ് പ്രവർത്തിച്ചുവന്നത്. ദേശീയ കുറ്റാന്വേഷണ ഏജൻസി (എൻ.ഐ.എ.) കഴിഞ്ഞ വർഷം ഒക്ടോബർ എട്ടിന് അർദ്ധരാത്രിയിലാണ് റാഞ്ചിയിലെ വസതിയിൽനിന്ന് നിയമവിരുദ്ധ പ്രവർത്തനനിരോധനനിയമം (യു.എ.പി.എ.) ചുമത്തി സ്വാമിയച്ചനെ കസ്റ്റഡിയിലെടുക്കുന്നത്. 2018 ജനുവരി ഒന്നിന് പുണെയിലെ ഭീമ-കൊറേഗാവിലുണ്ടായ കലാപവുമായി ബന്ധമാരോപിച്ചായിരുന്നു നടപടി. കലാപപ്രദേശം കണ്ടിട്ടുപോലുമില്ലെന്നും, എൻ.ഐ.എ. പറയുന്ന തെളിവുകൾ കെട്ടിച്ചമച്ചതാണെന്നും, വ്യാജതെളിവുകൾ ഉദ്യോഗസ്ഥർ തന്റെ കംപ്യൂട്ടറിൽ നിക്ഷേപിച്ചതാണെന്നും ഫാ. സ്റ്റാൻ വാദിച്ചിരുന്നു. എൺപത്തിനാലുകാരനായ ഫാദർ വാർദ്ധക്യസഹജമായ അസുഖങ്ങൾ ചൂണ്ടിക്കാട്ടി പലവട്ടം കോടതിയെ സമീപിച്ചുനോക്കി. മാവോയിസ്റ്റുബന്ധത്തിനു ശക്തമായ തെളിവുകളുണ്ടെന്നും ആരോഗ്യപ്രശ്നങ്ങൾക്കു മതിയായ രേഖകളില്ലെന്നുമായിരുന്നു എൻ.ഐ.എ.യുടെ നിലപാട്.

നവിമുംബൈ തലോജ സെൻട്രൽ ജയിലിലായിരുന്ന ഫാ. സ്റ്റാനിന്റെ ആരോഗ്യനില തീർത്തും വഷളായതോടെ മേയ് അവസാനമാണ് അദ്ദേഹത്തെ ആശുപത്രിയിലേക്കു മാറ്റാൻ കോടതി ഉത്തരവിടുന്നത്. പാർക്കിൻസൺസ് രോഗിയായിരുന്ന ഫാദർ കൊവിഡനന്തരാരോഗ്യപ്രശ്നങ്ങൾമൂലം കൂടുതൽ അവശനായി. വെന്റിലേറ്ററിലായ അച്ചന്റെ ജാമ്യാപേക്ഷയിൽ അടിയന്തരവാദം കേൾക്കുന്നതിനിടെ ആശുപത്രിയിൽവച്ചാണ് അദ്ദേഹം മരിക്കുന്നത്. ബോംബെ ഹൈക്കോടതി ഇപ്പോൾ ദുഃഖം പ്രകടിപ്പിച്ചിരിക്കുന്നു; അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തിയും നേർന്നിരിക്കുന്നു! നീതിന്യായപീഠത്തിലെ അധികാരികളുൾപ്പെടെയുള്ളവർ അല്പം മനുഷ്യത്വം കാണിച്ചിരുന്നെങ്കിൽ, ആ വിലപ്പെട്ട ജീവനെ രക്ഷിക്കാൻ കഴിയുമായിരുന്നു!

ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് നീതിപീഠമുൾപ്പെടെയുള്ള ഭരണകൂടസംവിധാനത്തിന് ഒഴിഞ്ഞുമാറാനാവില്ല. ആശുപത്രിയിൽ വച്ചാണു മരിച്ചതെന്നു സാങ്കേതികമായി പറയാമെങ്കിലും, അദ്ദേഹത്തിന്റെ മരണത്തെ കസ്റ്റഡികൊലപാതകത്തിനു തുല്യമെന്നാണ് കോൺഗ്രസും സിപിഎമ്മും ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ ആരോപിച്ചത്. ഇന്ത്യൻ നീതിന്യായചരിത്രത്തിൽ ഒരു കറുത്ത അധ്യായം കൂടി ചേർക്കപ്പെട്ടിരിക്കുന്നു. കാരണം, അറസ്റ്റുമുതൽ മരണംവരെയുള്ള സംഭവങ്ങളോരോന്നും നിയമവ്യവസ്ഥകളുടെയും ഭരണഘടനയുടെയും നഗ്നമായ ലംഘനങ്ങളും ദുരുപയോഗങ്ങളുമായിരുന്നു. നീതിക്കുവേണ്ടി പോരാടുകയും പ്രതിഷേധിക്കുകയും ചെയ്യുന്ന ശബ്ദങ്ങളെ ഇല്ലാതാക്കുന്ന ഭരണകൂടഭീകരതയുടെ ക്രൂരമായ ഇരയാണ് ഫാ. സ്റ്റാൻ സ്വാമി. കേന്ദ്രസർക്കാരും ദേശീയ അന്വേഷണ ഏജൻസിയും ചേർന്നുനടത്തിയ തീർത്തും മനുഷ്യത്വരഹിതമായ വേട്ടയാടലിന് വൃദ്ധനും രോഗിയുമായിരുന്ന ഈ വന്ദ്യപുരോഹിതൻ ബലിയാടാകേണ്ടിവന്നത് മാനവമനസ്സാക്ഷിയെ വല്ലാതെ നൊമ്പരപ്പെടുത്തുന്നുണ്ട്.

'ദരിദ്രർക്കു ഭക്ഷണം നല്കുമ്പോൾ നിങ്ങളെന്നെ വിശുദ്ധനെന്നു വിളിക്കും. അവരെങ്ങനെ ദരിദ്രരായി എന്നു ചോദിക്കുമ്പോൾ കമ്യൂണിസ്റ്റെന്നും വിളിക്കും' എന്ന് അധികാരവർഗത്തോടു നിരന്തരം കലഹിച്ചിരുന്ന ബ്രസീലിയൻ ആർച്ചുബിഷപ് ഹെൽദർ കാമ്റയുടെ വിപ്ലവാദർശങ്ങളിൽ ആകൃഷ്ടനായിരുന്നു സ്വാമിയച്ചൻ. അനീതിക്കെതിരേ അടരാടുന്നത് തന്റെ ജീവിതനിയോഗവും പ്രേഷിതവഴിയിലെ കർമകാണ്ഡവുമാണെന്ന് ഫാ. സ്റ്റാൻ വിശ്വസിച്ചു. നീതിനിഷേധങ്ങളുടെ മുമ്പിൽ അടയ്ക്കപ്പെട്ട കണ്ണും കാതുമായി നിലകൊള്ളാൻ ക്രിസ്തുമാർഗത്തിൽ ചരിക്കുന്ന ഒരു യഥാർത്ഥമിഷനറിക്കാവില്ലെന്ന് ഫാ. സ്റ്റാൻ സ്വാമിയുടെ രക്തസാക്ഷിത്വം സമൂഹത്തോടു സംവദിക്കുന്നുണ്ട്. ■

## പാലാ സെന്റ് തോമസ് പ്രസ് സമുച്ചയം

# നവീകരിച്ച ഷോറൂം പ്രവർത്തനമാരംഭിച്ചു






*പാലാ സെന്റ് തോമസ് പ്രസ് സമുച്ചയത്തിലെ റിലീജിയസ് ആൻഡ് ഡിവോഷണൽ ആർട്ടിക്കിൾസ് സെന്ററിന്റെ നവീകരിച്ച ഷോറൂം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: പാലാ സെന്റ് തോമസ് പ്രസിന്റെ ഭാഗമായ സെന്റ് തോമസ് ബുക്സ്റ്റാളിനോടനുബന്ധിച്ചു പ്രവർത്തിക്കുന്ന 'റിലീജിയസ് ആൻഡ് ഡിവോഷണൽ ആർട്ടിക്കിൾസ് സെന്ററി'ന്റെ നവീകരിച്ച ഷോറൂം പ്രവർത്തനമാരംഭിച്ചു. ആധുനികനിലവാരത്തിൽ പണി കഴിപ്പിച്ച, പൂർണമായും ശീതീകരിച്ച വിശാലമായ ഷോറൂമിൽ ദേവാലയ-കുടുംബസംബന്ധിയായ എല്ലാവിധ ഭക്തിസാധനങ്ങളുടെയും വമ്പിച്ച ശേഖരമാണ് ഒരുക്കിയിരിക്കുന്നത്.

ബൈബിൾ, പ്രാർത്ഥനപ്പുസ്തകങ്ങൾ, തിരുസ്വരൂപങ്ങൾ, മുത്തുക്കുടകൾ, രൂപക്കൂടുകൾ, ജപമാലകൾ, ഫോട്ടോഫ്രെയിമുകൾ, ആത്മീയ-ആരാധനക്രമഗ്രന്ഥങ്ങൾ, അരുളിക്ക, കാസകൾ, പീലാസകൾ, തിരുവസ്ത്രങ്ങൾ എന്നിവയ്ക്കു പുറമേ അലങ്കാരച്ചെടികൾ തുടങ്ങി ജീവിതബന്ധിയായ നിരവധി സ്റ്റേഷനറിയിനങ്ങളും ഷോറൂമിനെ സമാകർഷകമാക്കുന്നു.

ബുക്സ്സ്റ്റാളിൽ കേരളത്തിലെ പ്രമുഖപ്രസാധകരായ മാതൃഭൂമി ബുക്സ്, ഡി.സി.ബുക്സ്, കറന്റ് ബുക്സ്, മീഡിയാ ഹൗസ്, ജീവൻ ബുക്സ് സോഫിയ ബുക്സ്, വിൻകോ ബുക്സ്, ദീപനാളം ബുക്സ് തുടങ്ങിയ ഒട്ടുമിക്ക പബ്ലിക്കേഷൻസിന്റെയും തിരഞ്ഞെടുത്ത പുസ്തകങ്ങൾ ലഭ്യമാണ്.

കൂടാതെ, വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങളുടെയും പാഠ്യാനുബന്ധപുസ്തകങ്ങളുടെയും ഒരു പ്രത്യേകവിഭാഗംതന്നെ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

നവീകരിച്ച ഷോറൂമിന്റെ ആശീർവാദവും ഉദ്ഘാടനവും ജൂലൈ ഏഴിന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ചടങ്ങിൽ രൂപത വികാരിജനറാൾ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, രൂപത പ്രൊക്യുറേറ്റർ ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, സെന്റ് തോമസ് പ്രസ് മാനേജർ ഫാ. കുര്യൻ തടത്തിൽ, അസി. മാനേജർ ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ, ബ്രദർ റീജന്റ് ആൻസൽ ഇരട്ടമാക്കിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# മനം കവരുന്ന മ്യൂസിയം കാഴ്ചകൾ

ലക്ഷദ്വീപ് വിശേഷങ്ങൾ 3



**മാത്യൂസ് പ്ലാക്കൻ**




ലക്ഷദ്വീപുയാത്രയുടെ ആദ്യ ദിവസം ഉച്ചഭക്ഷണം കഴിഞ്ഞ് ഞങ്ങൾ രണ്ടു വാഹനങ്ങളിലായി കാഴ്ചകൾ കാണാൻ പുറപ്പെട്ടു. രണ്ടോ മൂന്നോ മീറ്റർ മാത്രം വീതിയുള്ള കോൺക്രീറ്റ് റോഡ്. എയർപോർട്ടുമുതൽ ലഗൂൺ ബീച്ച് വരെ നീണ്ടുപോകുന്ന പാത. ഇരുവശത്തും കടൽ കാണാം. അത്ര വീതിയേ കരയ്ക്കുള്ളൂ.

ലക്ഷദ്വീപസമൂഹത്തിൽ ഏറ്റവും പടിഞ്ഞാറേ അറ്റത്തുള്ള ദ്വീപാണ് അഗത്തി. അതുകൊണ്ടുതന്നെ ഇന്ത്യൻ യൂണിയന്റെ പടിഞ്ഞാറൻ അതിർത്തിയായി അഗത്തിദ്വീപിനെ കാണാം. കൊച്ചി തീരത്തുനിന്ന് 459 കി. മീറ്ററാണ് അഗത്തിയിലേക്കുള്ള ദൂരം.

അഗത്തിക്കൊരു വിശേഷണമുണ്ട്. ലക്ഷദ്വീപുകളുടെ കവാടം എന്നാണ് അത് അറിയപ്പെടുക. കാരണം, അഗത്തിയിലാണല്ലോ ലക്ഷദ്വീപ് വിമാനത്താവളമുള്ളത്. കവരത്തി ദ്വീപിനു പടിഞ്ഞാറായാണ് അഗത്തിയുടെ സ്ഥാനം. കേരളത്തിലേതിനു സമാനമായൊരു കാലാവസ്ഥയാണിവിടെയുള്ളത്. മാർച്ചുമുതൽ മേയ് വരെയാണ് ഇവിടെ വേനൽക്കാലം.

കണ്ണഞ്ചിപ്പിക്കുന്ന വർണമത്സ്യങ്ങളുടെ വൻസമ്പത്ത് അഗത്തിയിലെ ലഗൂണിൽ കാണാം. മിനിക്കോയ് പോലെ ധാരാളം മത്സ്യബന്ധനം നടക്കുന്ന ദ്വീപാണിത്. ദ്വീപ് നിവാസികളുടെ പ്രധാന വരുമാന മാർഗവും മീൻപിടിത്തംതന്നെ. കയർ, കൊപ്രാ വ്യാപാരവും ഇതര വരുമാനമാർഗങ്ങളാണ്. വർഷകാലത്ത് മോശം കാലാവസ്ഥയായതിനാൽ ലഗൂണുകൾക്കപ്പുറം മത്സ്യബന്ധനം നടത്താൻ അനുവാദമില്ല.

റിസോർട്ടുകളും ജലവിനോദങ്ങൾക്കുള്ള സൗകര്യങ്ങളും ഇവിടെയുണ്ട്. ബങ്കാരം, കവരത്തി മുതലായ പ്രധാന ദ്വീപുകളിലേക്കുള്ള വിമാനസർവീസ് അഗത്തിയിലാണവസാനിക്കുക. രണ്ടു ദ്വീപുകളിലേക്കും ഇവിടെനിന്നു ഹെലികോപ്ടർ സൗകര്യമുണ്ട്. ആ രണ്ടു ദ്വീപിലും ഹെലിപാഡുള്ളതിനാൽ വിദേശ ടൂറിസ്റ്റുകൾക്കു പ്രയോജനപ്പെടുന്നു.

ഞങ്ങൾ അഗത്തിയുടെ ഹൃദയഭാഗമായ ഒരങ്ങാടിയിലെത്തി. അവിടെ വീതികുറഞ്ഞ വഴിക്കിരുവശവുമായി കുറെയേറെ കടകളുണ്ട്. പലചരക്കും സ്റ്റേഷനറിയും ചായപ്പീടികയും മൊബൈൽ റീചാർജിങ് കടയുമൊക്കെ. അഗത്തി ഹോസ്പിറ്റലും കാനറാ ബാങ്കും അവിടെയാണ്. ഇനി അവിടെയുള്ള ലാൻഡ്മാർക്ക് സ്ഥാപനം മ്യൂസിയംതന്നെ. മ്യൂസിയം ചുറ്റിനടന്നുകാണാൻ കുറെ സമയമെടുക്കും.

ലക്ഷദ്വീപിൽ പലയിടത്തുനിന്നും ബുദ്ധപ്രതിമകൾ കിട്ടിയിട്ടുണ്ട്. പഴയ കാലത്തു ശ്രീലങ്കയിൽ ബുദ്ധമതം പ്രചരിപ്പിക്കാൻപോയ അശോകചക്രവർത്തിയുടെ മകളുടെ സംഘത്തിൽപ്പെട്ടവർ വഴിതെറ്റി ലക്ഷദ്വീപിലെത്തിയതായും ഐതിഹ്യമുണ്ട്.

അപ്രകാരം മിനിക്കോയ് ദ്വീപിൽനിന്നു കണ്ടെടുക്കപ്പെട്ട ശ്രീബുദ്ധന്റെ പ്രതിമ മ്യൂസിയത്തിൽ യാത്രികരുടെ ശ്രദ്ധാകേന്ദ്രമായി. ടൂർ സംഘാടകൻ മുരളീധരനും ഞാനും ശ്രീബുദ്ധനരികേനിന്നൊരു മൊബൈൽ ചിത്രമെടുത്തു. പണ്ട് ബംഗാരദ്വീപിനടുത്തു മുങ്ങിപ്പോയ കപ്പലിന്റെ ഘടികാരവും ചില അവശിഷ്ടങ്ങളും കാണാനായി. എ.ഡി. 1880 ലാണ് ആ സംഭവം.

ആന്ത്രോത്ത്ദ്വീപിൽനിന്നു കുഴിച്ചെടുത്ത ശ്രീബുദ്ധപ്രതിമയുടെ അവശിഷ്ടങ്ങൾ, കളിമൺകലശങ്ങൾ (ഏകദേശം 150 വർഷംമുമ്പ് ലക്ഷദ്വീപുകളിലെ വീടുകളിൽ ഭക്ഷണസാധനങ്ങളും ധാന്യങ്ങളും സൂക്ഷിക്കാൻ ഉപയോഗത്തിലിരുന്നത്), ഏകദേശം 100 വർഷം പഴക്കമുള്ള കളിമൺ കുപ്പി (ആംസ്റ്റർഡാമിൽ നിർമിച്ചത്), മീസാൻകല്ല് (അറബി അക്ഷരങ്ങളും കൊത്തുപണികളുമുള്ളത്), അഗത്തിദ്വീപിൽനിന്നു ശേഖരിച്ച പ്രാചീന കപ്പി, എട്ടാംനൂറ്റാണ്ടിലെ റ്റോംബ് സ്റ്റോൺ, പഴയ സംഗീതോപകരണങ്ങൾ തുടങ്ങി മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന വസ്തുക്കൾ ഓരോന്നിലേക്കും ഞാൻ ശ്രദ്ധ തിരിക്കുകയായിരുന്നു.

തിമിംഗലത്തിന്റെ നട്ടെല്ല് കശേരു, മിനിക്കോയിലെ ഒരു നാവികന്റെ വീട്ടിൽനിന്നു ലഭിച്ച സ്പ്രിങ്ങുകൊണ്ടു പ്രവർത്തിക്കുന്ന ഘടികാരം, മിനിക്കോയ് ദ്വീപിലെ സ്ത്രീകൾ കയർ പിരിക്കുമ്പോഴും കുഞ്ഞിനെ മുലയൂട്ടുമ്പോഴും ഉപയോഗിക്കുന്ന കൊരണ്ടി, പഴയകാലത്തെ ആട്ടുകട്ടിൽ, ചിരവ, ഇതര വീട്ടുപകരണങ്ങൾ എന്നിവയും കണ്ണിനു വിരുന്നേകുന്നു.

ഞങ്ങൾ മ്യൂസിയത്തിലെ കാഴ്ചകൾ മതിയാക്കി പുറത്തേക്കിറങ്ങി. ഇനി ടീ ബ്രേക്ക്. ഒരു മുസ്ലീം പയ്യനും ബാപ്പയും കൂടി നടത്തുന്ന ചായക്കട. മലബാറിലെ സാധാരണവീടിന്റെ മാതൃകയിലുള്ള ചായപ്പീടിക. ചായയും കടിയും (പഴംപൊരി) കേരളസ്റ്റൈലിൽത്തന്നെ. അടുത്ത കടയിൽ നല്ല നാടൻ ഏത്തപ്പഴം. കിലോയ്ക്ക് 50 രൂപ. അതുവാങ്ങി ഓരോന്നു കഴിക്കാതിരുന്നില്ല. കേരളത്തിൽനിന്നു കപ്പൽയാത്ര ചെയ്തുവന്ന പഴം.

പിന്നെ ഞങ്ങൾ ഡീസൽ വൈദ്യുതിനിലയം കാണാൻ പോയി. അഗത്തിയിലെ വൈദ്യുതിയുപയോഗം ഇവിടെനിന്നാണു സാധിക്കുന്നത്. വൈദ്യുതിച്ചാർജ് കേരളത്തിലുള്ളതിനെക്കാൾ കൂടുതലാണെന്നു മാത്രം.

അഗത്തിദ്വീപു കാഴ്ചകൾ ഇവിടെ തീരുന്നില്ല.

■

9
പ്രകൃതിക്കൊരു പുനർവായന



**മാത്യു എം. കുര്യാക്കോസ്**

# ഇവിടൊരു കാടുണ്ടായിരുന്നു...!



ഗവൺമെന്റ് സ്കൂളിൽ ചെറിയ ക്ലാസ്സിൽ പഠിക്കുന്ന സമയം. ഒരധ്യാപകൻ വിളിച്ചുപഠിപ്പിച്ച മുദ്രാവാക്യമാണിത്. ആവേശത്തോടെ ഞങ്ങളതേറ്റു ചൊല്ലും:

“ഒരു മരവും മരമല്ല.<br>ഓരോ മരവും കാടാണ്.<br>കാടില്ലെങ്കിൽ നാടില്ല.<br>നാടില്ലെങ്കിൽ നാമില്ല.”

അന്നതിന്റെ അർത്ഥമൊന്നുമറിയില്ല. നല്ല സ്വരത്തിൽ താളത്തിൽ ചൊല്ലുമ്പോൾ ഒരു രസമുണ്ട്. അത്രതന്നെ! പിന്നീടതിന്റെ അർത്ഥം ശരിക്കും ഹൃദയത്തിനുള്ളിലായത്, പീച്ചി വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണത്തിനായി ചേർന്നതിനുശേഷമാണ്. കേരളത്തിലെ ഒട്ടുമിക്ക വനാന്തരങ്ങളിലൂടെയുമുള്ള യാത്രകളിൽ ഓരോ മരവും ഒരു കാടായി അനുഭവപ്പെട്ടു. ‘നാടു നാടായ് നിൽക്കണമെങ്കിലോ കാടു വളർത്തുവിൻ നാട്ടാരേ’ എന്ന കവിതാശകലത്തിന്റെ പൊരുളും മനസ്സിലായതപ്പോഴാണ്. വെളിപാടുകളുടെ ഒരിടമാണ് കാട് എന്ന് എപ്പോഴും തോന്നാറുണ്ട്. ബിരുദാനന്തരബിരുദംവരെയുള്ള പഠനപ്രക്രിയയിൽ ക്ലാസ്മുറികളിൽനിന്നു കിട്ടാത്ത എത്രയോ അറിവുകൾ സൗമ്യമായി, ശാന്തമായി പകർന്നുതന്ന സർവകലാശാല. വിസ്മയങ്ങളവസാനിക്കാത്ത പ്രകൃതിയുടെ പാഠപുസ്തകം. അന്നും ഇന്നും മരമെനിക്ക് ഒരദ്ഭുതമാണ്... ആനന്ദമാണ്... മരങ്ങളവസാനിക്കുന്നിടത്ത് മരണത്തിന്റെ ഗന്ധമുണ്ട്.

ഒരു മരവുമായി ബന്ധപ്പെട്ട് കുറഞ്ഞത് 30 ജീവിവർഗങ്ങളെങ്കിലുമുണ്ട് എന്നാണ് ശാസ്ത്രനിരീക്ഷണറിപ്പോർട്ട്. എന്നു പറഞ്ഞാൽ, മുപ്പതിലധികം ജീവിവർഗങ്ങളുടെ ആവാസവ്യവസ്ഥയാണ് ഓരോ മരവും. മരത്തിന്റെ പോടുകളിലും വേരുകൾക്കിടയിലും കാണുന്ന സൂക്ഷ്മജീവികളും ചെറിയ കീടങ്ങളും ഉറുമ്പുകളും ചിലന്തികളുമൊക്കെയായി എത്രയെത്ര ജീവികൾ! ഓരോ മരത്തിന്റെയും തണലിൽ വളരുന്ന സസ്യങ്ങൾ, മരത്തിൽ ചുറ്റിപ്പിടിച്ചുവളരുന്ന വള്ളിച്ചെടികൾ, പറ്റിപ്പിടിച്ചു വളരുന്ന ഓർക്കിഡുകൾ, പന്നലുകൾ, ഫേണുകൾ, മോസുകൾ, ലൈക്കനുകൾ തുടങ്ങിയുള്ള സസ്യജീവിവൈവിധ്യങ്ങൾ! മരത്തിന്റെ ചില്ലകളിൽ കൂടൊരുക്കുന്ന പക്ഷികൾ, തേൻനുകരാനെത്തുന്ന ശലഭങ്ങൾ, ഫലങ്ങൾ ആസ്വദിക്കാനെത്തുന്ന മറ്റു പക്ഷികൾ, വവ്വാലുകൾ, അണ്ണാറക്കണ്ണന്മാർ, കുരങ്ങുകൾ തുടങ്ങി അനവധി ജീവിവർഗങ്ങളുടെ ഗൃഹമായി ഒരു മരം മാറുമ്പോൾ ഓരോ മരവും ഒരു കാടല്ലാതെ മറ്റെന്താണ്?

അതുകൊണ്ടാണ് നമ്മുടെ പൂർവികർ ഒരു മരം മുറിക്കുമ്പോൾ, അതിനുമുമ്പ് അതിൽ വസിക്കുന്ന പക്ഷികളടക്കമുള്ള ജീവിവർഗങ്ങളോട് അനുവാദം ചോദിച്ച്, ക്ഷമ യാചിച്ച് മരം മുറിക്കുന്ന സംസ്കാരം പിന്തുടർന്നിരുന്നത്. ഇന്ന് ഓരോ മിനിറ്റിലും 60,000 മരങ്ങൾ ഭൂമിയിൽനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ് എന്ന കണക്ക് നമ്മെ ഞെട്ടിപ്പിക്കുന്നു. തേക്കടി പെരിയാർ ടൈഗർ റിസർവിലെ ഡാമിൽ ബോട്ടിൽ സവാരി നടത്തുമ്പോൾ കാണുന്ന ഒരു കാഴ്ചയുണ്ട്. വെള്ളത്തിനുമേൽ ഉയർന്നുനില്ക്കുന്ന കറുത്തുണങ്ങിയ മരക്കുറ്റികൾ! അവ നിശ്ശബ്ദമായി നമ്മോടു വിളിച്ചുപറയുന്ന ഒരു സത്യമുണ്ട്: “ഇവിടൊരു കാടുണ്ടായിരുന്നു...” വർഷങ്ങൾ കഴിഞ്ഞിട്ടും പരാജയപ്പെട്ട അതിജീവനത്തിന്റെ സ്മാരകശിലകളായി വിറകുകൊള്ളികൾ കണക്കേ ഉയർന്നുനില്ക്കുന്ന മരമുത്തശ്ശിമാരുടെ അസ്ഥിപഞ്ജരങ്ങൾക്ക് ആദരാഞ്ജലികൾ. മതികെട്ടാനും ‘മുട്ടിലു’ മൊക്കെ ഓരോ കാലത്തും നിർബാധം തുടരുമ്പോൾ, കുഞ്ഞുണ്ണിമാഷിന്റെ വാക്കുകൾ ഓർമയിൽ കനലായെരിയുന്നു:

മഴുകൊണ്ടുണ്ടായൊരു നാടിത്<br>മഴുകൊണ്ടില്ലാതാകുന്നു.

■

# കാൻസർ കണ്ടുപിടിക്കാൻ മാത്രമല്ല ബയോപ്‌സി ടെസ്റ്റ്



ഡോ. മനോജ് വെള്ളനാട്

**ബയോപ്‌സി: എന്ത്? എന്തിന്?**

ഏതെങ്കിലും ഒരു ശരീരഭാഗത്ത് ശരീരകലകളെ (Tissues) ബാധിക്കുന്ന ഏതെങ്കിലും രോഗമുണ്ടെന്നു സംശയിക്കുമ്പോൾ, ആ ശരീരകലയുടെ ഒരു സാമ്പിൾ (Specimen) എടുത്തുപരിശോധിക്കുകയാണ് പൊതുവേ ബയോപ്‌സിയിൽ ചെയ്യുന്നത്.

**ബയോപ്‌സി ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങൾ**

**1. പ്രാഥമികമായ രോഗനിർണയത്തിന് (To make a new diagnosis)**

ഉദാഹരണത്തിന്, മാറിൽ പുതുതായി കണ്ടെത്തിയ ഒരു മുഴ കാൻസറാണോന്നറിയാൻ, അല്ലെങ്കിൽ കഴുത്തിലെ കഴലവീക്കം ക്ഷയരോഗത്തിന്റേതാണോന്നറിയാൻ ഒക്കെ ബയോപ്‌സി ചെയ്യണം. ദീർഘനാളായി മലത്തിലൂടെ രക്തസ്രാവമുണ്ടാകുന്ന ഒരു രോഗിക്ക് ഒരു കുഴൽപരിശോധനയിലൂടെ (Colonoscopy) രക്തസ്രാവമുണ്ടാകുന്ന കുടലിന്റെ ഭാഗത്തുനിന്ന് കുറച്ചുഭാഗം ബയോപ്‌സി പരിശോധനയ്ക്കെടുത്ത് രോഗനിർണയം നടത്താം.

**2. സംശയത്തിലിരുന്നതോ അല്ലെങ്കിൽ മറ്റേതെങ്കിലും ടെസ്റ്റിലൂടെ കണ്ടെത്തിയതോ ആയ ഒരു രോഗം അതുതന്നെയാണെന്നുറപ്പിക്കാൻവേണ്ടി (To confirm a suspected or established clinical diagnosis)**

ചില രോഗങ്ങൾ സ്‌കാൻ വഴിയോ രക്തപരിശോധനയിലൂടെയോ ശരീരപരിശോധനയിലൂടെയോ നിർണയിക്കാൻ സാധിക്കും. അപ്പോഴും നൂറു ശതമാനം നിശ്ചിതരോഗമാണെന്നുറപ്പിക്കാൻ പലപ്പോഴും ബയോപ്‌സി ആവശ്യമായി വരാറുണ്ട്. ഉദാ: കുടലിലെ കാൻസർ, തൈറോയിഡ് മുഴകൾ, തൊലിപ്പുറത്തുണ്ടാകുന്ന രോഗങ്ങൾ.

**3. ചികിത്സാരീതികൾ തീരുമാനിക്കാൻ (To help Plan management)**

രോഗമേതാണെന്നു മാത്രമല്ല, രോഗത്തിന്റെ സ്വഭാവമെന്താണെന്നുകൂടി കൃത്യമായി മനസ്സിലാക്കിയാൽ മാത്രമേ ഏറ്റവും അനുയോജ്യമായ ചികിത്സ സാധിക്കൂ. അതിനും പലപ്പോഴും ബയോപ്‌സി ഒഴിവാക്കാനാകാത്ത ഒരുപാധിയാണ്.

**4. ചികിത്സയുടെ വിജയപരാജയസാധ്യതകൾ പ്രവചിക്കാൻ (To assist with Prognosis)**

ബയോപ്‌സിപരിശോധനയിലൂടെ ഒരു രോഗത്തിന്റെ തീവ്രതയും സ്വഭാവവും മറ്റും മനസ്സിലാക്കാൻ ഒരു പത്തോളജിസ്റ്റിനു സാധിക്കും. മരുന്നിനോടും മറ്റു ചികിത്സാവിധികളോടും ആ രോഗിയെങ്ങനെ പ്രതികരിക്കുമെന്നും, താരതമ്യേന നൽകാൻ പറ്റിയ മികച്ച ചികിത്സ എന്താണെന്നും ചികിത്സിക്കുന്ന ഡോക്ടർക്കു മനസ്സിലാക്കാനും അതൊക്കെ മുൻകൂട്ടി രോഗിയെയോ ബന്ധുജനങ്ങളെയോ അറിയിക്കാനും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാധിക്കും. പ്രത്യേകിച്ചും കാൻസർ ചികിത്സയിൽ ഇത് ഒരുപാട് ഗുണം ചെയ്യുന്നുണ്ട്.

**5. പ്രത്യക്ഷത്തിൽ സമാനസ്വഭാവമുള്ള, എന്നാൽ തികച്ചും വ്യത്യസ്തമായ മറ്റു രോഗങ്ങളൊന്നുമില്ലെന്ന് ഉറപ്പിക്കാൻ (To exclude additional diagnosis)**

ഉദാഹരണത്തിന് കഴുത്തിലെ കഴലവീക്കംതന്നെയെടുക്കാം. അതൊരു വൈറൽപനിയുടെ ഭാഗമാകാം, ക്ഷയരോഗത്തിന്റെ ലക്ഷണമാകാം, തൊണ്ടയിലെ അണുബാധയുടെ ഫലമാകാം, ലുക്കീമിയപോലുള്ള കാൻസറിന്റെ ലക്ഷണമാകാം അല്ലെങ്കിൽ മറ്റേതെങ്കിലും അവയവത്തിനെ ബാധിച്ച കാൻസറിൽനിന്നുള്ള പകർച്ചയാവാം. ഒരൊറ്റ ബയോപ്‌സിവഴി എന്താണു കാരണമെന്ന് വളരെയെളുപ്പത്തിൽ കണ്ടെത്താം.

**ബയോപ്‌സി: എങ്ങനെ?**

ശരീരകലകളെ ശേഖരിച്ച് പരിശോധിക്കുകയാണല്ലോ ബയോപ്‌സിയിൽ ചെയ്യുന്നത്. രണ്ടു രീതിയിലാണ് സാധാരണമായി ബയോപ്‌സിവഴിയുള്ള രോഗപഠനം നടത്തുന്നത്. ഒന്ന്, സൈറ്റോപത്തോളജിക്കൽ അഥവാ കോശങ്ങളെ ഒന്നൊന്നായി അവയുടെ സ്വഭാവ-ഘടനാവ്യത്യാസങ്ങൾ പരിശോധിച്ച് രോഗനിർണയം നടത്തുന്ന രീതി. രണ്ട്, ഹിസ്റ്റോപത്തോളജിക്കൽ അഥവാ ഒരു കോശസമൂഹത്തെയാകെ പഠനവിധേയമാക്കുന്ന രീതി.

**സൈറ്റോളജി/സൈറ്റോപത്തോളജി**

സൈറ്റോളജി പരിശോധനയിൽ ഏതു ശരീരഭാഗമാണ് പരിശോധനയ്ക്കു വിധേയമാക്കുന്നതെന്നത് അടിസ്ഥാനമാക്കി വ്യത്യസ്തരീതികളുണ്ട്. അതിൽത്തന്നെ നമ്മൾ പലർക്കും ഏറെ പരിചിതമായ ഒന്നാണ്, FNAC അഥവാ Fine Needle Aspiration Cytology. ഒരു ചെറിയ സൂചികൊണ്ട് എന്തെങ്കിലും കട്ടിയോ തടിപ്പോ ഉള്ള ശരീരഭാഗത്തുനിന്നു കോശങ്ങൾ കുത്തിയെടുത്ത് പരിശോധിക്കുന്നതിനാണ് FNAC എന്നു പറയുന്നത്. മാറിലോ, തൈറോയിഡ് ഗ്രന്ഥിയിലോ ഉണ്ടായ മുഴകൾ, കഴുത്തിലെയോ ഇടുപ്പിലെയോ കഴലവീക്കം തുടങ്ങിയവ ഒരു നേർത്ത സൂചികൊണ്ടു കുത്തിയെടുത്ത് ഒരു ഗ്ലാസ് സ്ലൈഡിൽ തേച്ചുപിടിപ്പിച്ചു പരിശോധിക്കാൻ കൊണ്ടുപോകുന്നത് പലർക്കും അനുഭവമുണ്ടാവും. അതുപോലെ, ഗർഭാശയഗള കാൻസറിന്റെ സാധ്യത (Cancer cervix) പരിശോധിക്കുന്ന 'പാപ് സ്മിയർ' (Pap smear) ടെസ്റ്റും ഒരു സൈറ്റോളജിക്കൽ ബയോപ്‌സിയാണ്. ഐസ്ക്രീം കഴിക്കുന്ന തടിക്കരണ്ടിപോലുള്ള ചെറിയൊരുപകരണംകൊണ്ട് ഗർഭാശയഗളത്തിൽനിന്നു കോശങ്ങൾ ചുരണ്ടിയെടുത്ത്, ഒരു ഗ്ലാസ് സ്ലൈഡിലാക്കി ചില പ്രത്യേകതരം കളറുകൾ പുരട്ടി (പാപ്പിനിക്കോളോൺ സ്റ്റെയിൻ-അതിന്റെ ചുരുക്കപ്പേരാണ് പാപ്സ്മിയർ) മൈക്രോസ്കോപ്പിലൂടെ നോക്കിയാണിതു ചെയ്യുന്നത്. ഇങ്ങനെ നോക്കുമ്പോൾ ആ കോശങ്ങളുടെ ന്യൂക്ലിയസ്, സൈറ്റോപ്ലാസം, മറ്റു ഭാഗങ്ങൾ ഒക്കെ വ്യക്തമായി കാണാനും അതുവഴി രോഗസാധ്യത മനസ്സിലാക്കാനും സാധിക്കുന്നു.

പരിശോധന നടത്താനുള്ള എളുപ്പം, കുറഞ്ഞ സമയത്തിനുള്ളിൽ (12 ദിവസങ്ങൾ) തന്നെ പരിശോധനാഫലം ലഭിക്കുമെന്നത്, കുറഞ്ഞ ചെലവ് ഒക്കെ ഈ സൈറ്റോളജിപരിശോധനയുടെ മേന്മയാണ്. അതിനാൽ, പലപ്പോഴും രോഗനിർണയത്തിലേക്കുള്ള ആദ്യപടിയായി സൈറ്റോളജി പരിശോധനയെയാണ് ഡോക്ടർമാർ ആശ്രയിക്കുന്നത്. എന്നാൽ, ചികിത്സാവിധികൾ നിർണയിക്കാൻ സഹായിക്കുന്നതിൽ ഈ പരിശോധനയ്ക്കു പരിമിതികളുണ്ട്. അതിന് ഹിസ്റ്റോപത്തോളജിക്കൽ പരിശോധനതന്നെ വേണ്ടിവരാറുണ്ട്.

**ഹിസ്റ്റോപത്തോളജി**

ശസ്ത്രക്രിയ ചെയ്തോ, വലിയ സൂചികൊണ്ട് കുത്തിയോ ഒക്കെ ശരീരഭാഗങ്ങളിൽനിന്ന് കലകൾ പരിശോധനയ്ക്കെടുക്കുകയാണ് ഇവിടെ ചെയ്യുന്നത്. അതുതന്നെ പലവിധമുണ്ട്. കുടലിനെ ബാധിക്കുന്ന ഒരു മുഴയാണെങ്കിൽ, ശസ്ത്രക്രിയവഴി കുടലിന്റെ ആ ഭാഗം മുഴയുടെ രണ്ടുവശത്തുനിന്നും മുറിച്ചെടുത്ത് പരിശോധിക്കുന്നതിനെ റിസക്ഷൻ ബയോപ്‌സിയെന്നു പറയും. നാക്കിലെ (മറ്റ് ഏതു ശരീരഭാഗവുമാകാം) ഉണങ്ങാത്ത മുറിവിന്റെ ഒരറ്റത്തെ ചെറിയൊരു ഭാഗം മാത്രം



മുറിച്ചെടുക്കുന്നതിന് വെഡ്ജ് ബയോപ്‌സിയെന്നു പറയും. ഒരു മുഴയെ അങ്ങനെതന്നെ ശസ്ത്രക്രിയ ചെയ്തെടുക്കുന്നതിന് എക്സിഷൻ ബയോപ്‌സിയെന്നും അതിന്റെ ഒരു കഷണം മാത്രം മുറിച്ചെടുക്കുന്നതിന് ഇൻസിഷൻ ബയോപ്‌സിയെന്നും പറയുന്നു. വലിയൊരു സൂചി മുഴകൾക്കുള്ളിലേക്കു കടത്തി ചെറുചെറു കഷണങ്ങൾ ശേഖരിക്കുന്നതിന് കോർ ബയോപ്‌സിയെന്നാണ് പറയുന്നത്.

സാധാരണഗതിയിൽ എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയാത്തയിടങ്ങളിലുള്ള മുഴകളിൽ, അല്ലെങ്കിൽ രോഗം ബാധിച്ചിട്ടുള്ള ഭാഗം വളരെ ചെറുതാണെങ്കിൽ ചില സ്കാനുകളുടെ സഹായത്തോടെ ബയോപ്‌സി പരിശോധന നടത്താറുണ്ട്. വിരലുകൊണ്ട് തൊട്ടു മനസ്സിലാക്കാൻ കഴിയാത്തത്ര ചെറിയ തൈറോയിഡ് മുഴകളിൽ അൾട്രാസൗണ്ട് സ്കാനിന്റെ സഹായത്തോടെ FNAC എടുക്കാറുണ്ട്. ഇതിനെ Ultrasound guided FNAC എന്നു പറയും. ശ്വാസകോശത്തെയോ തലച്ചോറിനെയൊ ബാധിക്കുന്ന മുഴകളിൽനിന്നും CT സ്കാനിന്റെ സഹായത്തോടെ ചെയ്യുന്ന ബയോപ്‌സിയെ CT guided biopsy എന്നും പറയും.

വിദഗ്ദ്ധരായ പത്തോളജിസ്റ്റുകളുടെ നേതൃത്വത്തിൽ വിവിധ ഘട്ടങ്ങളിലൂടെ ഈ സ്പെസിമൻ കടന്നുപോകേണ്ടതുണ്ട്. ആദ്യം ഫോർമാലിനിൽനിന്നു ശരീരകലകളെ പുറത്തെടുത്ത് ചെറിയ ചെറിയ കഷണങ്ങളായി മുറിക്കും. ഓരോന്നിനെയും ചെറിയ പ്ലാസ്റ്റിക് കാസറ്റുകളിലേക്കു മാറ്റും. എന്നിട്ട് പാരഫിൻ വാക്സിൽ പൊതിയും. ഇപ്പോളതൊരു ടിഷ്യു ബ്ലോക്കായി. ഈ ബ്ലോക്കിനെ മൈക്രോട്ടോം (Microtome) എന്ന ഉപകരണമുപയോഗിച്ച് അഞ്ച് മൈക്രോൺ ( 1 മൈക്രോൺ = 1 മില്ലിമീറ്ററിന്റെ ആയിരത്തിലൊന്ന്) മാത്രം കട്ടിയുള്ള ഷീറ്റുകളായി മുറിക്കും. ശേഷം ഓരോ ഷീറ്റിനെയും ഒരു ഗ്ലാസ് സ്ലൈഡിലെടുത്ത്, ഇയോസിൻ, ഹെമറ്റോക്സൈലിൻ (Eosin & Hematoxylin) തുടങ്ങിയ വർണദ്രാവകങ്ങൾകൊണ്ടു നനയ്ക്കും. തുടർന്ന്, ഒരു മൈക്രോസ്കോപ്പിലൂടെ നോക്കി വിശദമായ വിശകലനങ്ങൾ നടത്തി രോഗനിർണയം നടത്തും.

ചുരുങ്ങിയത് ഒരാഴ്ചയെങ്കിലും ഈ പരിശോധനാഫലത്തിനു വേണ്ടിവരുമെങ്കിലും ഏറ്റവും വിശ്വസനീയമായ രോഗനിർണയരീതി ഇതുതന്നെയാണ്. കാൻസർപോലുള്ള രോഗങ്ങളിൽ ഇത് പരമപ്രധാനമാണ്.

രോഗനിർണയം മാത്രമല്ല ഹിസ്റ്റോപത്തോളജി പരിശോധന ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ. കാൻസറാണെങ്കിൽ ഏതു തരത്തിലുള്ള കാൻസറാണ് (കാർസിനോമ, സാർക്കോമ, മെലനോമ, ലിംഫോമ etc), അതിന്റെ ഗ്രേഡ് എന്താണ് (low grade/ high grade or ഗ്രേഡ് 1,2,3,4), കോശങ്ങളുടെ അവകലനം (differentiation- well, moderate or poorly differentiated), രക്തക്കുഴലുകളെയോ നാഡികളെയോ ബാധിച്ചിട്ടുണ്ടോയെന്നത് (Vascular or perineural invasion), ശസ്ത്രക്രിയ ചെയ്തത് പൂർണമാണോ (Negative resection margins) എന്നൊക്കെ അറിയാൻ ഈ പരിശോധനയിലൂടെ സാധിക്കും. ഇവയെല്ലാംതന്നെ രോഗത്തിന്റെ തുടർചികിത്സയെ ഗണ്യമായി സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

ബയോപ്‌സി എന്നാൽ കാൻസറിന്റെ മാത്രം രോഗനിർണയരീതിയല്ലെന്ന് ഇപ്പോൾ മനസ്സിലായില്ലേ? മാത്രമല്ല ഒരുപാടധ്വാനവും കഴിവും സാങ്കേതികസഹായങ്ങളും ആവശ്യമായ ഒരു മേഖലയുംകൂടിയാണത്. മുഖക്കുരുമുതൽ മൂലക്കുരുവരെയും കഷണ്ടിമുതൽ ആണിരോഗംവരെയും ക്ഷയംമുതൽ വാതംവരെയുമുള്ള ഏതു രോഗത്തിന്റെയും കാരണം ഒരു ബയോപ്‌സി പരിശോധനയിലൂടെ മനസ്സിലാക്കാവുന്നതാണ്. മാത്രമല്ല, വിശേഷപ്പെട്ട ചില സ്റ്റെയിനുകളുടെയും (special stains) ഇമ്മ്യൂണോഹിസ്റ്റോകെമിസ്ട്രിയുടെയും (Immunohistochemistry) വരവോടെ ബയോപ്‌സിയിലൂടെയുള്ള രോഗനിർണയത്തിനുള്ള കൃത്യതയും വേഗവും പതിന്മടങ്ങ് ഉയർന്നിട്ടുമുണ്ട്. ■



# ബേപ്പൂർ സുൽത്താന്റെ ശില്പമൊരുങ്ങി; ആർട്ട് ഗാലറിയും

**നിനു പി. രാജു**

രണ്ടര പതിറ്റാണ്ടുകൾക്കപ്പുറം മലയാളസാഹിത്യവേദികയിൽനിന്നു വിടകൊണ്ട, മലയാളത്തിന്റെ വിശ്വസാഹിത്യകാരൻ, ബേപ്പൂർ സുൽത്താനെന്ന അപരനാമത്തിലറിയപ്പെട്ട വൈക്കം മുഹമ്മദ് ബഷീറിന് ആദരമായി, ജന്മനാട്ടിൽ അദ്ദേഹത്തിന്റെ ശിലാശില്പവും അദ്ദേഹം അനശ്വരമാക്കിയ കഥാപാത്രങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ആർട്ട് ഗാലറിയും സാംസ്കാരികവകുപ്പ് മന്ത്രി സജി ചെറിയാൻ നാടിനു സമർപ്പിച്ചു.

**കൃഷ്ണശിലയിലെ സുൽത്താനും ആർട്ട് ഗാലറിയും**

തലയോലപ്പറമ്പിലെ ബഷീർ സ്മാരക ട്രസ്റ്റിന്റെ ആഭിമുഖ്യത്തിലാണ് അണിഞ്ഞൊരുങ്ങിയിരിക്കുന്നത്. തലയോലപ്പറമ്പിലെ പാലംകടവിലുള്ള ബഷീർ സ്മാരക ട്രസ്റ്റ് ഓഫീസ് സമുച്ചയത്തിലാണ് കൃഷ്ണശിലയിൽ, ശില്പി വി. കെ. രാജൻ ആനന്ദപുരം, ബഷീറിന്റെ അർദ്ധകായ ശില്പം മെനഞ്ഞിരിക്കുന്നത്. ചിന്താധീനനായിരിക്കുന്ന ബഷീറിനെ ഈ ശില്പത്തിലൂടെ ശില്പി അവതരിപ്പിക്കുന്നത്. സദാ ബഷീറിനൊപ്പമുണ്ടായിരുന്ന കറുത്ത കണ്ണട കയ്യിൽപ്പിടിച്ച് തരളിതമായ മുഖഭാവത്തോടെയിരിക്കുന്ന ബഷീറിനെ നമുക്ക് ശില്പത്തിൽ കാണാം. ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസത്തിന്റെ നൈസർഗികപശ്ചാത്തലമായ പാലക്കാട്ടെ തസ്രാക്കിനെ ശില്പരൂപത്തിൽ പുനർനിർമിച്ച പ്രതിഭാശാലിയായ ശില്പിയാണ് വി. കെ. രാജൻ. മിക്ക ബഷീർക്കഥകളിലും നോവലുകളിലും ജീവൽപ്രവാഹമായൊഴുകുന്ന മൂവാറ്റുപുഴയാറിന്റെ ഓരം ചേർന്നാണ് സ്മാരകം ഉയർന്നിരിക്കുന്നത്.

ബഷീറിന്റെ വിശ്വവിഖ്യാതമായ കഥാലോകത്തിലെ കഥാപാത്രങ്ങളെയും കഥാപശ്ചാത്തലങ്ങളെയും സമന്വയിപ്പിച്ചാണ് ആർട്ട് ഗാലറി സജ്ജമാക്കിയിരിക്കുന്നത്. സ്ഥിരം പ്രദർശനത്തിനായി തയ്യാറാക്കിയിട്ടുള്ളത് പത്തു ചിത്രങ്ങളാണ്. മുച്ചീട്ടുകളിക്കാരന്റെ മകൾ, ഭൂമിയുടെ അവകാശികൾ, പ്രേമലേഖനം, അമ്മയും മകനും, മതിലുകൾ, ബാല്യകാലസഖി, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു, പാത്തുമ്മായുടെ ആട്, ശബ്ദങ്ങൾ, ആനവാരിയും പൊൻകുരിശും എന്നീ വിഖ്യാത രചനകളെ ആസ്പദമാക്കി, യഥാക്രമം കെ. ടി. മത്തായി, ഷാജി അപ്പുക്കുട്ടൻ, മുരളി ചീരോത്ത്, കെ. കെ. മുഹമ്മദ്, സജിതാ ശങ്കർ, ശ്രീജ പള്ളം, കെ. ജി. ബാബു, പി. ജി. ദിനേശ്, സി. ബി. ബാഹുലേയൻ, ഷാജു നെല്ലായി എന്നീ ചിത്രകാരന്മാരാണ് ഗാലറിയിൽ ചിത്രങ്ങളൊരുക്കിയിരിക്കുന്നത്.

കേരളത്തിൽ ഒരു സാഹിത്യകാരന്റെ പേരിലുള്ള ആദ്യത്തെ ആർട്ട് ഗാലറിയാണിത്. മൂന്നു വർഷത്തെ കഠിനാധ്വാനത്തിന്റെ ഫലമായിട്ടാണ് ഇത് സാർത്ഥകമായത്. ആർട്ട് ഗാലറിയുടെ പ്രഥമഘട്ടം മാത്രമാണ് ഇപ്പോൾ രൂപീകൃതമായിരിക്കുന്നത്. തൃശൂർ സ്റ്റോൺ ഫൗണ്ടേഷന്റെ സഹകരണത്തോടെയാണ് ഗാലറി നിർമിച്ചിരിക്കുന്നത്.

**ബഷീർ സ്മരണകളിൽ മലയാളം**

മലയാളസാഹിത്യനഭസ്സിലെ ഏക സുൽത്താനായിരുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണദിനമാണ് ജൂലൈ 5. കോട്ടയം ജില്ലയിൽ വൈക്കത്തിനടുത്തുള്ള തലയോലപ്പറമ്പിൽ 1908 ജനുവരി 21 നായിരുന്നു ബഷീറിന്റെ ജനനം. പിതാവ് അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാച്ചുമ്മ. വൈക്കം സ്കൂളിൽ ഫിഫ്ത്ത് ഫോറത്തിൽ പഠിക്കുമ്പോൾ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിലിൽ പോയി. തുടർന്ന് പല പ്രാവശ്യം ജയിൽവാസമനുഭവിച്ചു. ഒളിവിൽ നടന്ന കാലത്ത് ഭാരതം മുഴുവൻ ചുറ്റിനടന്നു. ആഫ്രിക്ക, അറേബ്യ എന്നീ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്.

മലയാളസാഹിത്യത്തിലെ മസ്തിഷ്കമല്ലന്മാർ വിരാജിച്ച നോവൽ-കഥ മേഖലയിലെ പരമ്പരാഗതമായ വ്യാകരണനിയമങ്ങളെ മുഴുവൻ പൊളിച്ച്, സാധാരണക്കാരൻ വ്യവഹരിക്കുന്ന നാട്ടുഭാഷയിലേക്കു പകർത്തി, ഹാസ്യാത്മകമായ രചനകൾകൊണ്ട് ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും കരയിക്കുകയും ചെയ്ത സാഹിത്യകുലപതിയായിരുന്നു ബഷീർ. തന്റേതു മാത്രമായ ശൈലിയിൽ നിരന്തരമായി എഴുതിയ കഥകൾകൊണ്ട് സാധാരണക്കാരെ സന്ധിക്കുകവഴി അവർക്കിടയിൽ ബഷീറിനുണ്ടായിരുന്ന സ്വാധീനം ഉണ്ടാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ബഷീറിന്റെ ജീവസ്സുറ്റ കഥാപാത്രങ്ങൾ വായനക്കാരുടെ ഹൃദയത്തിൽ സ്പന്ദിച്ചുകൊണ്ടിരിക്കുന്നു.

ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു! എന്ന പുസ്തകം കേന്ദ്ര സാഹിത്യ അക്കാദമി പതിന്നാലു ഭാഷകളിൽ തർജ്ജമ ചെയ്തു. ഭാർഗ്ഗവീനിലയം, ബാല്യകാലസഖി, മുച്ചീട്ടുകളിക്കാരന്റെ മകൾ, പ്രേമലേഖനം, മതിലുകൾ, ശശിനാസ്, കഥവീട് എന്നീ സിനിമകൾ ബഷീറിന്റെ കഥകളെ അടിസ്ഥാനമാക്കിയുള്ളവയാണ്. കേന്ദ്ര/കേരള സാഹിത്യ അക്കാദമിയുടെ ഫെല്ലോഷിപ്പുകൾ ലഭിച്ചിട്ടുണ്ട്. രാഷ്ട്രം പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. 1994 ജൂലൈ 5 നായിരുന്നു നിര്യാണം.

■

# എന്തു പറ്റി നമ്മുടെ അമ്മമാർക്ക്?



**സിൽജി ജെ. ടോം**

"നവജാതശിശുവിനെ കരിയിലക്കൂട്ടത്തിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി.'' ജനുവരി അഞ്ചിന് കൊല്ലം കല്ലുവാതുക്കലിൽനിന്നു കേട്ട വാർത്തയാണിത്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ചികിത്സയിലിരിക്കേ ആ കുഞ്ഞ് മരിച്ചു. പിന്നീടങ്ങോട്ട് ഈ കേസന്വേഷണത്തിൽ പുറത്തുവന്നുകൊണ്ടിരിക്കുന്നത് ആരെയും ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ്. ഫേസ്ബുക്കിലൂടെ പരിചയപ്പെട്ട, ഇന്നുവരെ കണ്ടിട്ടുപോലുമില്ലാത്ത കാമുകന്റെ നിർദേശപ്രകാരമാണ് ഒരുമിച്ചുള്ള ജീവിതം മോഹിച്ച് രേഷ്മയെന്ന ആ അമ്മ സ്വന്തം കുഞ്ഞിനെ ഉപേക്ഷിച്ചത്. വിവാഹിതയും രണ്ടു വയസുള്ള കുഞ്ഞിന്റെ അമ്മയുമാണ് രേഷ്മ. ഇങ്ങനെ എത്രയോ രേഷ്മമാരാണ് നമുക്കു ചുറ്റും വിവാഹേതര ബന്ധങ്ങളുടെ പേരിൽ വാർത്തകളിൽ ഇടം നേടുന്നത്!

മുറ്റത്തും അകത്തളങ്ങളിലും കൊഞ്ചിക്കളിച്ചു നടക്കേണ്ട എത്രയോ കുഞ്ഞുങ്ങളാണ് ഇന്ന് ഉറ്റവരാൽ ഇല്ലാതാക്കപ്പെടുന്നത്. ചേർത്തണയ്ക്കേണ്ട അമ്മമാർ തന്നെ അവരെ എന്നേക്കുമായി ഉറക്കിക്കിടത്തുമ്പോൾ അമ്മയെന്ന വാക്കിന്റെ അർത്ഥമെന്ത്?

വിവാഹേതരബന്ധങ്ങൾ കുടുംബബന്ധങ്ങളിൽ വിള്ളലുകൾ വീഴ്ത്തുന്ന വാർത്തകളാണ് ദിനവും നാം കേൾക്കുന്നത്. സോഷ്യൽമീഡിയതന്നെയാണ് പല കേസുകളിലും വില്ലനാവുന്നത്. ഭർത്താവും മക്കളും തന്റെ സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയാവുന്നുവെന്ന് അമ്മമാരിൽ ചിലരെങ്കിലും വിശ്വസിക്കുന്നു.

നൊന്തു പ്രസവിച്ച കുഞ്ഞിനെ ശ്വാസംമുട്ടിച്ചു കൊന്നിട്ട് അത് നിർവികാരയായി പോലീസിനോടു വിവരിക്കുന്ന അമ്മമാരെ നമ്മൾ കുറച്ചുകാലങ്ങളായി കാണുന്നുണ്ട്.



വഴിവിട്ട ബന്ധത്തിനായി സ്വന്തം മാതാപിതാക്കളെയും നൊന്തുപ്രസവിച്ച മക്കളെയും വിഷം കൊടുത്തു കൊന്ന പിണറായിയിലെ സൗമ്യയെന്ന യുവതി പിന്നീട് ജയിലിനുള്ളിൽ തൂങ്ങിമരിക്കുകയായിരുന്നു.

കാമുകനൊപ്പം സുഖജീവിതം നയിക്കാൻ സ്വന്തം കുഞ്ഞിനെ കൊല്ലാൻ കൂട്ടുനിന്ന അനുശാന്തി, കാമുകനൊപ്പം ജീവിക്കാനായി ഒന്നരവയസ്സുകാരനായ സ്വന്തം മകനെ കടലിലെറിഞ്ഞു കൊന്ന കണ്ണൂർ സ്വദേശിനി ശരണ്യ, സ്വന്തം ഭർത്താവിനെ കബളിപ്പിച്ച് മറ്റൊരാളെ പ്രണയിച്ച് ഒടുവിൽ ഭർത്താവിനെയും സ്വന്തം മകളെയും വകവരുത്താൻ കാമുകനെ ഏർപ്പാടു ചെയ്ത ടെക്നോപാർക് ജീവനക്കാരി... ഇവരൊക്കെ ഇതേപോലുള്ള ക്രൂരതയുടെ അമ്മമുഖങ്ങളിൽ ചിലതു മാത്രമാണ്. കട്ടപ്പനയിൽ എട്ടു വയസുകാരിയെ തല്ലിച്ചതച്ച കേസിൽ അറസ്റ്റിലായത് അമ്മയുടെ കാമുകനായിരുന്നു. തടയാനോ പൊലീസിൽ അറിയിക്കാനോ ആ അമ്മ മെനക്കെട്ടില്ല. പെറ്റമ്മ ചട്ടുകം പഴുപ്പിച്ചു പൊള്ളിക്കുകയും മർദിക്കുകയും ചെയ്ത മൂന്നു വയസുകാരൻ ആലുവയിൽ മരണത്തിനു കീഴടങ്ങിയ വാർത്തയും നാം കേട്ടതാണ്. തൊടുപുഴയിൽ രണ്ടാനച്ഛന്റെ കൊടുംപീഡനത്തിനിരയായി ഏഴുവയസുകാരൻ മരണത്തിനു കീഴടങ്ങിയപ്പോഴും തടയാനോ എതിർക്കാനോ സന്നദ്ധമാവാതെ നിസ്സംഗത പുലർത്തിയ അമ്മ. കഴിഞ്ഞ ദിവസമാണ് ഭർത്താവിനെയും കുഞ്ഞിനെയും ഉപേക്ഷിച്ച് കാമുകനൊപ്പം ബൈക്കിൽ നാടുവിട്ടു പോകവേ തിരുവനന്തപുരം കുളത്തൂർ പുളിമൂട് വിളയിൽ സുമിത്ര പ്രവീൺ എന്ന യുവതി വാഹനാപകടത്തിൽ മരണപ്പെട്ടത്. സ്ത്രീസ്വാതന്ത്ര്യത്തിന്റെ പേരു പറഞ്ഞ് പുതുബന്ധങ്ങളും സൗഹൃദങ്ങളും തേടിപ്പോകുന്നവർ ഇന്ന് കാലം നൽകുന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗിക്കുകയാണ്.

അമ്മ എന്ന വാക്ക് മനസ്സിലുണർത്തുന്നത് ദിവ്യമായ വികാരമാണ്. നൊന്തുപ്രസവിച്ചു പാലൂട്ടി താരാട്ടി താലോലിച്ചു വളർത്തിയ അമ്മയോടുള്ള കുഞ്ഞിന്റെ ബന്ധം പവിത്രമാണ്, കുഞ്ഞിന് അമ്മ ആശ്രയമാണ് അതങ്ങനെതന്നെ തുടരണം.

**വീടുകളിൽ കുഞ്ഞുങ്ങൾ സുരക്ഷിതരല്ലാതാവുമ്പോൾ**

അമ്മമാർപോലും മാതൃത്വം മറക്കുമ്പോൾ കുഞ്ഞുങ്ങൾക്ക് എവിടെയാണ് സുരക്ഷ? സംസ്ഥാനത്തെ പന്ത്രണ്ടുലക്ഷത്തോളം കുടുംബങ്ങളിൽ കുട്ടികൾക്കു സുരക്ഷയില്ലെന്നും അവർക്കു നേരേ അതിക്രമങ്ങൾ നടക്കുന്നുണ്ടെന്നും സാമൂഹികനീതി വകുപ്പ് സർവേ പറയുന്നു. ഇത് ഏറ്റവും പുതിയ കണക്കല്ല. ദാമ്പത്യത്തിലെ അസ്വാരസ്യങ്ങൾ, ജോലിസ്ഥലത്തെ പിരിമുറുക്കങ്ങൾ, കടബാധ്യതകൾ, ഒറ്റപ്പെടലുകൾ എന്നീ കാരണങ്ങളാലൊക്കെ അസ്വസ്ഥരാകുന്ന പല ദമ്പതിമാരും തങ്ങളുടെ ദേഷ്യം തീർക്കുന്നത് കുഞ്ഞുങ്ങളോടാണ്. മറ്റുള്ളവരോടുള്ള ദേഷ്യവും പകയും കുഞ്ഞുങ്ങൾക്കു നേരേ തിരിച്ചുവിടുമ്പോൾ പ്രതിരോധിക്കാൻ അശക്തരായ കുഞ്ഞുങ്ങൾ അക്ഷരാർത്ഥത്തിൽ വേദനിക്കുകയാണ്.

കുടുംബത്തിൽനിന്ന് സ്നേഹം ലഭിക്കാത്ത കുഞ്ഞുങ്ങളാണ് പലപ്പോഴും വീടുവിട്ട് ഒളിച്ചോടുന്നവരിലേറെയും. സ്നേഹം നിറഞ്ഞ കുടുംബാന്തരീക്ഷം സൃഷ്ടിച്ചാലേ കുഞ്ഞുങ്ങൾക്കും സമാധാനമായി ജീവിക്കാനാവൂ. സ്നേഹിച്ചും സന്തോഷം പങ്കിട്ടും വിട്ടുവീഴ്ചാമനോഭാവത്തിലും ജീവിക്കുന്ന ദമ്പതികൾ കുഞ്ഞുങ്ങൾക്ക് സ്നേഹത്തിന്റെ സന്ദേശമാണു നൽകുന്നത്. പരസ്പരം കലഹിക്കുകയും തമ്മിൽ തല്ലുകയും ചെയ്യുന്ന മാതാപിതാക്കൾ മക്കളുടെ ജീവിതങ്ങളെയും അസ്വസ്ഥമാക്കുന്നു.


കുട്ടികളെ ദുരുപയോഗം ചെയ്യുന്നവരുടെ എണ്ണവും സമൂഹത്തിൽ വർധിച്ചുവരുന്നു. വീട്ടിലും വീടിനുവെളിയിലും ഇങ്ങനെ കുട്ടികളെ പീഡിപ്പിക്കുന്നവർ ധാരാളമുണ്ട്. ആൺകുട്ടിയെന്നോ പെൺകുട്ടിയെന്നോ ഭേദമില്ലാതെ ലൈംഗികമായ ചൂഷണത്തിനു കുട്ടികൾ ഇരയാവുന്നു.

കുട്ടികളെ പീഡിപ്പിക്കുന്നവരിൽ തൊണ്ണൂറുശതമാനവും ബന്ധുക്കളും അടുത്തറിയുന്ന ആളുകളുംതന്നെയാണ്. ഇത്തരം പീഡനങ്ങളെ എതിർക്കാനുള്ള അവബോധവും കരുത്തും കുട്ടികളിൽ പകർന്നുനൽകണം.

സ്നേഹത്തിൽ അധിഷ്ഠിതമാവണം ബന്ധങ്ങൾ. എങ്കിലേ നല്ല കുടുംബങ്ങൾ രൂപപ്പെടൂ. നമ്മുടെ കുഞ്ഞുങ്ങൾ കുരുന്നിലേ തല്ലിക്കൊഴിക്കപ്പെടാതിരിക്കാൻ ഒരുമയുടെ നല്ല ബന്ധങ്ങൾ കുടുംബത്തിൽ ഉണ്ടാവണം, അവിടെ അവർ സുരക്ഷിതരായി വളരട്ടെ.

■

# ശങ്കിക്കേണ്ട, നന്മനിറഞ്ഞവൾ അരികെയുണ്ട്



ഡോ. തോമസ് മൂലയിൽ



പണ്ടൊക്കെ നമ്മുടെ നാട്ടിൻപുറങ്ങളിൽ കല്യാണം വന്നാൽ ക്രൈസ്തവകുടുംബങ്ങളിൽ അതിനുള്ള മുന്നൊരുക്കം വളരെ നേരത്തേ തുടങ്ങും. മക്കൾക്കു വിവാഹപ്രായമാകുന്നതോടെ കല്യാണാലോചനകൾ വരും; അന്ന് ഇന്നത്തെപ്പോലെ ഭക്ഷണവിഭവങ്ങളൊന്നും വിലയ്ക്കുവാങ്ങുന്ന പതിവില്ല. മാംസത്തിന്റെ കാര്യം ഉദാഹരണത്തിനെടുക്കാം. സദ്യയ്ക്കാവശ്യമായ മാംസത്തിനുവേണ്ട ആട്, മാട്, പന്നി, കോഴി, താറാവ് എന്നിങ്ങനെയുള്ള ജന്തുജാലങ്ങളെ വളർത്താനാരംഭിക്കും. പടിഞ്ഞാറൻപ്രദേശങ്ങളിൽ മീൻകറികൾ വളരെ പ്രധാനമാണ്. അതിനുള്ള സ്പെഷ്യൽ ഇനങ്ങളായ വാള, വരാൽ, കരിമീൻ, ഏട്ടക്കൂരി എന്നിവയെ മുൻകൂട്ടി കരുതിയിരിക്കും. ചോറാണല്ലോ പ്രധാനയിനം. അതിനുള്ള അരിക്കുള്ള മുൻകരുതലുണ്ടാകും. അന്നു പലതരം അരിയുണ്ട്; കുത്തരി, ചാക്കരി, പച്ചരി, കൊമ്പനരി എന്നിങ്ങനെ. സാമാന്യം ഭേദപ്പെട്ട വീടുകളിൽ കുത്തരി നിർബന്ധമാണ്. പടിഞ്ഞാറൻപ്രദേശങ്ങളിൽ കണ്ടക്കൃഷിയും കിഴക്കൻ പ്രദേശങ്ങളിൽ കരക്കൃഷിയുമുണ്ടാകും. എങ്ങനെയാണെങ്കിലും പത്താഴത്തിൽ നെല്ലുണ്ടാകും. നെല്ലു പുഴുങ്ങിയുണങ്ങി കുത്തിയെടുക്കുന്നതാണു കുത്തരി. മറ്റിനങ്ങളെല്ലാം വിലയ്ക്കു വാങ്ങുന്നതും. ഇന്നത്തെക്കാലത്ത് നെല്ലു പുഴുങ്ങുന്നതോ പരമ്പിൽ ചിക്കിയുണങ്ങി ഉലക്കകൊണ്ടു കുത്തി അരിയാക്കുന്നതോ ഒന്നും കാണാനില്ലല്ലോ. പുതുതലമുറയ്ക്ക് ഒല്ലും ഉലക്കയും നെല്ലുപോലും കാഴ്ചവസ്തുക്കളായിരിക്കും!

അച്ചാരക്കല്യാണം അല്ലെങ്കിൽ ഒത്തുകല്യാണം (Betrothal) കഴിയുന്നതോടെ ഒരുക്കത്തിന്റെ സ്പീഡ് കൂടും. കെട്ടുകല്യാണം തിങ്കളാഴ്ചയേ പതിവുണ്ടായിരുന്നുള്ളൂ. മണവാട്ടിയുടെ വീട്ടിൽ തലേഞായറാഴ്ച വൈകുന്നേരമാണ് ആഘോഷം. ഇരുകൂട്ടരുടെയും വീടുകളിൽ തലേവ്യാഴാഴ്ചയോടെ സ്വന്തത്തിൽപ്പെട്ടവരെല്ലാം എത്തിയിരിക്കും. വ്യാഴാഴ്ചയോടെ വീട്ടുമുറ്റത്ത് പന്തലിട്ടിരിക്കും. ചോരാപ്പന്തലായിരിക്കും സാമാന്യം സാമ്പത്തികശേഷിയുള്ളവരുടെ വീടുകളിൽ. മണ്ടപോയ കമുക്, മുള എന്നിവ സ്വന്തം പറമ്പിലോ അയല്പക്കത്തെ പറമ്പിലോ ഉണ്ടാകും. അവയും ഓലയും കൊണ്ടാണ് പന്തലുണ്ടാക്കുന്നത്. ഓരോരുത്തരുടെയും സ്ഥിതിയനുസരിച്ച് അലങ്കാരവുമുണ്ട്.

പന്തലുയരുന്നതോടെ അടുത്തയൊരുക്കമായി. ചീപ്പപ്പം, കുഴലപ്പം, അവലോസ്, ചുരുട്ട്, അരിയുണ്ട, അലുവ, ഉപ്പേരി മുതലായ പലഹാരങ്ങൾ വ്യാഴാഴ്ചയ്ക്കുമുമ്പുതന്നെ റെഡിയായിരിക്കും. പുറമേയുള്ള ഒരുക്കങ്ങൾ പുരുഷന്മാരും അകമേയുള്ള ഒരുക്കങ്ങൾ സ്ത്രീകളുമാണ് ചെയ്യുന്നത്. ഇതൊന്നും കൂലി കൊടുത്തോ, ജോലിക്കാരെക്കൊണ്ടോ ഒന്നുമല്ല ചെയ്യിക്കുന്നത്. മുഖ്യമായും അയല്ക്കാരാണ് ഇതെല്ലാം ചെയ്യുന്നത്. അയല്ക്കാരുടെ അവകാശവും ഉത്തരവാദിത്വവുമാണെന്നാണ് വയ്പ്പ്. ഓരോ പണിക്കും സ്പെഷ്യലിസ്റ്റുകളുണ്ടാവും ഓരോ കരയിലും. പലഹാരമുണ്ടാക്കുന്നതു സ്ത്രീകളാണ്. ചുരുട്ടുണ്ടാക്കൽ, ചീപ്പപ്പം, കുഴലപ്പം ഉണ്ടാക്കൽ, മീൻ പറ്റിക്കൽ എന്നിങ്ങനെ ഓരോന്നിനും മികവുള്ള ചേടത്തിമാരുണ്ടാകും. ഈ സ്പെഷ്യലിസ്റ്റുകൾ വിവാഹദിവസത്തെ സദ്യയൊരുക്കലിന്റെ ചട്ടവട്ടങ്ങളിൽ അണിയറയിലുണ്ടാകും. ഈ സ്ത്രീകൾക്ക് ഒരു നേത്രി കാണും. പൊതുസമ്മതമാണ് നേതൃത്വത്തിന്റെ മാനദണ്ഡം. ചുരുക്കത്തിൽ, വിവാഹഒരുക്കങ്ങൾ അയല്ക്കാരുടെ ജോലിയാണ്. അവരുടെ സജീവസാന്നിധ്യവും കൂട്ടായ്മയും നമ്മുടെ ഗ്രാമീണജീവിതത്തിന്റെ മഹത്തായ പാരമ്പര്യമായിരുന്നു.

പാലസ്തീനായിലും വിവാഹാഘോഷം ദിവസങ്ങൾ നീണ്ടിരുന്നു. നമ്മുടെ നാട്ടിൽ വിവാഹസദ്യയോടെ ചടങ്ങുകൾ അവസാനിച്ചിരുന്നെങ്കിൽ പാലസ്തീനായിൽ വിവാഹസദ്യയ്ക്കുശേഷമായിരുന്നു ചടങ്ങുകൾ എന്നൊരു വ്യത്യാസമുണ്ട്. ഏതായാലും, ഒരുക്കം പ്രധാനപ്പെട്ട കാര്യമാണ്. അവിടെയും ഒരുക്കങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം ന്യായമായിട്ടും ഉണ്ടാവണം. അങ്ങനെയുള്ള സാന്നിധ്യമായിരിക്കണം കാനായിലെ കല്യാണവിരുന്നിൽ മറിയത്തിന്റേത്. കല്യാണവീടുമായി മറിയത്തിന് എന്തെങ്കിലും ബന്ധമുണ്ടായിരുന്നതായി ബൈബിളിൽ സൂചനയില്ല. ന്യായമായും അയൽബന്ധമായിരിക്കണം. അങ്ങനെ, അയൽബന്ധത്തിൽ ഒരുക്കങ്ങളിൽ പങ്കെടുത്ത സ്ത്രീകളിൽ പ്രമുഖസ്ഥാനം മറിയത്തിനായിരുന്നിരിക്കാം. അതുകൊണ്ടാണ്, 'അവർക്കു വീഞ്ഞില്ല' (യോഹ. 2:3) എന്ന കാര്യം മറിയം അറിഞ്ഞതും ഉടനടി പ്രതിവിധി കണ്ടതും.

നസ്രസിലെ കുടുംബത്തിൽ കുടുംബനായകനായ ജോസഫ് മൗനിയായിരുന്നു. സംഭവബഹുലമായ ആ കുടുംബജീവിതത്തിൽ ഒരക്ഷരംപോലും ജോസഫ് ഉരിയാടുന്നതായി ബൈബിളില്ല. എന്നാൽ, കുടുംബിനിയായ മറിയം സംസാരിക്കുന്നുണ്ട്; അത്യാവശ്യത്തിനുമാത്രം. അളന്നുതൂക്കി പറയുക എന്നൊരു ശൈലി മലയാളത്തിലുണ്ടല്ലോ. അതായിരുന്നു മറിയത്തിന്റെ ശൈലി. 'അവർക്കു വീഞ്ഞില്ല' എന്ന രണ്ടു വാക്കിൽ വിവാഹവീട്ടിലുണ്ടായ ദാരുണസംഭവം മറിയം ഒതുക്കുന്നു. ഒരു കഥയ്ക്കു മാത്രമുള്ള സംഭവമുണ്ട്, വിവരിച്ചുപറഞ്ഞാൽ. ഒരു വിവരണത്തിനും വിശദീകരണത്തിനുമൊന്നും മറിയം തുനിയുന്നില്ല. നമുക്കറിയാവുന്നതുപോലെ ഈശോയുടെ പ്രതികരണം തികച്ചും പരുക്കനായിരുന്നു: "സ്ത്രീയേ, നിനക്കും എനിക്കുമെന്ത്?'' (യോഹ. 2:4). വൈരുധ്യമെന്നു പറയട്ടെ, മറിയം ഇതു കേട്ടഭാവംപോലും നടിക്കുന്നില്ല. ക്ഷോഭിക്കുകയോ കെഞ്ചുകയോ ഒന്നും ചെയ്യുന്നില്ല. മറിച്ച്, ഒരു നിർദേശം മാത്രം: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ. 2:5). ആ വാക്കിന്റെ ശക്തി പിന്നീടുണ്ടായ സംഭവങ്ങളിൽ വിവരിക്കുന്നുണ്ട്.

മറിയത്തിന്റെ സ്വരം നമ്മൾ ആദ്യമായി കേൾക്കുന്നത് ഒരു ചോദ്യരൂപത്തിലാണ്: "ഇതെങ്ങനെ സംഭവിക്കും?" (ലൂക്കാ 1:34). തുടർന്നുപറഞ്ഞു: "ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" (ലൂക്കാ 1:35). മാലാഖയുടെ സാമാന്യം സുദീർഘമായ സംഭാഷണത്തിനുള്ള പ്രതികരണങ്ങളും രണ്ടു കൊച്ചുവാക്യത്തിൽ ഒതുങ്ങുന്നു. തുടർന്നുള്ള മാലാഖയുടെ സംഭാഷണത്തിനുള്ള ഉത്തരവും ഇങ്ങനെതന്നെ: "ഇതാ, കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1:38). രക്ഷാകരസംഭവത്തിന്റെ നാന്ദികുറിച്ചുകൊണ്ടുള്ള യേശുവിന്റെ ജനനസമയത്ത് ക്ലേശനിർഭരമായ യാത്രയിൽപ്പോലും മറിയം ഒരു വാക്കും ഉരിയാടുന്നതായി നമ്മൾ ബൈബിളിൽ കാണുന്നില്ല. യേശുവിന് 12 വയസ്സാകുന്നതുവരെ പരിപൂർണ നിശ്ശബ്ദത! പന്ത്രണ്ടാം വയസ്സിൽ യേശുവിനെ കാണാതായി ജറൂസലേം ദൈവാലയത്തിൽ കണ്ടെത്തിയപ്പോൾ ഒരു ചോദ്യവും ആ ചോദ്യത്തിനു വിശദീകരണവും രണ്ടു കൊച്ചുവാക്യങ്ങളിൽ തീർക്കുന്നു: ''മകനേ, നീ ഞങ്ങളോടിങ്ങനെ ചെയ്തതെന്തുകൊണ്ട്? നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു" (ലൂക്കാ 2:5). യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ കാനായിലെ കല്യാണവിരുന്നിലെ സംഭാഷണത്തിനുശേഷം പിന്നീടൊരിക്കലും മറിയം സംസാരിക്കുന്നതായി കാണുന്നില്ല.

ഈ മിതഭാഷണം മറിയത്തിനെ മറ്റുള്ള സ്ത്രീകളിൽനിന്നു വ്യത്യസ്തയാക്കുന്നു. സ്ത്രീകൾ പൊതുവേ സംസാരപ്രിയരാണല്ലോ. മറ്റു സ്ത്രീകളാണെങ്കിൽ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ എന്തുമാത്രം സംസാരിക്കുമായിരുന്നു! കരച്ചിലും പിഴിച്ചിലും അലമുറയും വിലാപവും പുഞ്ചിരിയും പൊട്ടിച്ചിരിയും; എന്തെല്ലാം പ്രതികരണങ്ങളായിരിക്കും. ഈ സ്വഭാവവൈശിഷ്ട്യത്തിന്റെ സ്പഷ്ടമായ തെളിവാണ് കാണാതെപോയ ബാലനായ യേശുവിനെ കണ്ടെത്തിയപ്പോഴുണ്ടായ പ്രതികരണം: "അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു" (ലൂക്കാ. 2:51).

ഉത്തമയായ കുടുംബിനി, ഉത്തമയായ അയല്ക്കാരി ഇതിനപ്പുറമൊന്നും മറിയത്തിന്റെ ജീവിതത്തിൽ കാണുന്നില്ല. ലോകം മുഴുവൻ ചുറ്റിസഞ്ചരിച്ചു സുവിശേഷത്തിനു സാക്ഷ്യം വഹിച്ച മദർ തെരേസായ്ക്കും നാലു ചുവരുകൾക്കുള്ളിൽ ജീവിച്ചു വിശുദ്ധരായി ജീവിച്ച കൊച്ചുത്രേസ്യായ്ക്കും അൽഫോൻസാമ്മയ്ക്കും മാതൃക മറിയംതന്നെ. കുടുംബജീവിതം നയിക്കുന്ന സാധാരണ സ്ത്രീകൾക്കും മറ്റൊരു മാതൃകയില്ല. എത്രയോ ധന്യജീവിതം.

■

## വായന

### തൂമഞ്ഞിൻ ചെപ്പിനുള്ളിൽ

| | |
|---|---|
| ഗ്രന്ഥകർത്താ | : സാവിയോ |
| പ്രസാധനം | : സോഫിയ ബുക്സ്, കോഴിക്കോട് |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 70 രൂപ |

വലിയവരിൽനിന്നു മറച്ചുവച്ച് ദൈവം വൻകാര്യങ്ങൾ ചെറിയവർക്ക് (നിഷ്കളങ്കർക്ക്) വെളിപ്പെടുത്തിക്കൊടുക്കുമെന്ന തിരുവചനത്തെ സാധൂകരിക്കുന്ന പുസ്തകം.




### പരിശുദ്ധ അമ്മയുടെ സമ്മാനം

| | |
|---|---|
| ഗ്രന്ഥകർത്താ | : ഫാ. ജോബി കാച്ചപ്പിള്ളി വി.സി. |
| പ്രസാധനം | : സോഫിയ ബുക്സ്, കോഴിക്കോട് |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 140 രൂപ |

കാട്ടറാത്തച്ചന്റെ ജീവിതത്തിൽ പരിശുദ്ധ മറിയത്തിന് ഉണ്ടായിരുന്ന സ്ഥാനവും, മറ്റുള്ളവർ മരിയഭക്തിയിൽ വളരണം എന്നുള്ള ആഗ്രഹവുമാണ് ഈ പുസ്തകത്തിലൂടെ വെളിപ്പെടുത്തുവാൻ ശ്രമിക്കുന്നത്.






**കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി**

# പൊയ്ക്കാലിൽ നേടിയ പോരാട്ടവിജയം



**ജോയിഷ് ജോസ്**


“എനിക്കു നൃത്തം ചെയ്യണമെന്നു തോന്നി. ഒരേസമയം ചിരിയും കരച്ചിലും വന്നു. മനസ്സ് പലപല വികാരങ്ങളുടെ ഒരു ‘കാലിഡോസ്കോപ്പായി.’ അമ്പേ തളർന്ന് ഞാൻ മുട്ടുകുത്തി ഇരുന്നുപോയി. ഉച്ചത്തിൽ വിളിച്ചു കൂവണമെന്നു തോന്നി. ഞാൻ ലോകത്തിന്റെ മുകളറ്റത്തെത്തിയിരിക്കുന്നു. എല്ലാവർക്കുമുണ്ട് ജീവിക്കാനൊരു കാരണം... നിറവേറ്റാൻ ഒരു ദൗത്യം... അഭിനയിക്കാൻ തനതായ ഒരു ഭാഗം... എന്റേത് ഇതായിരിക്കാം. ആ ഹിമപാളിയിൽനിന്ന് ഞാൻ ചുറ്റും നോക്കി... എന്റെ ദേശീയപതാക ഞാനേതു കൊടിമരത്തിലാണ് ഉയർത്തുക. അതിനു പറ്റിയതൊന്നും ഞാനവിടെ കണ്ടില്ല. ത്രിവർണപതാക രണ്ടുകൈകൊണ്ട് പിടിച്ച് ഞാനുയർത്തിവീശി... എവറസ്റ്റിനു മുകളിൽ എന്റെ രാജ്യത്തിന്റെ സാന്നിധ്യം എല്ലാവരെയും അറിയിച്ചുകൊണ്ട്...”

*അരുണിമ സിൻഹയുടെ ആത്മകഥയിൽനിന്ന്...*

എല്ലാ ആത്മകഥകളിലും, പ്രത്യേകിച്ചു പെൺജീവിതങ്ങളിൽ, കാണുന്ന പൊതുവായ ഒന്നുണ്ട്: ഏതു പ്രതിസന്ധികളെയും നേരിടാനുള്ള മനോധൈര്യം. വിജയത്തിന്റെ പടവുകൾ കയറിക്കൊണ്ടിരിക്കുമ്പോൾ വിധിയുടെ വിളയാട്ടത്തിൽ കാൽ നഷ്ടപ്പെടുകയും ആ വിധിയെ ചങ്കുറപ്പോടെ നേരിട്ട് ലോകത്തിന്റെ നെറുകയിൽ - ഹിമവാന്റെ മുകൾത്തട്ടിൽ - രാജ്യത്തിന്റെ ത്രിവർണപതാകപാറിച്ച് രാജ്യത്തിന്റെയും തന്റെതന്നെയും യശസ്സ് വാനോളമുയർത്തുകയും ചെയ്തതാണ് അരുണിമ സിൻഹയെന്ന പെൺപോരാളിയുടെ ജീവിതകഥ. അരുണിമയുടെ ജീവിതത്തിന് രണ്ടു ഘട്ടങ്ങളാണുള്ളത്: അപകടത്തിനുമുമ്പും അപകടത്തിനുശേഷവും...

**ഒന്നാം ഘട്ടം**

ഉത്തർപ്രദേശിലെ അംബേദ്കർ നഗറിൽ ഒരു സാധാരണ കുടുംബത്തിലാണ് അരുണിമ സിൻഹ ജനിച്ചത്. പട്ടാളക്കാരനായിരുന്ന ഹരേന്ദ്രകുമാർ സിൻഹയുടെയും ജ്ഞാബാലാ സിൻഹയുടെയും മകൾ. കുട്ടിക്കാലം മുതൽ സ്പോർട്സിൽ താത്പര്യം കാണിച്ചിരുന്ന അരുണിമ ദേശീയതലത്തിൽ മികവുകാട്ടിയ വോളിബോൾതാരമായി വളർന്നു. എന്നാൽ, രണ്ടായിരത്തിപ്പതിനൊന്ന് ഏപ്രിൽ പതിനൊന്നിന് സിഐഎസ്എഫിലേക്കുള്ള പ്രവേശനപ്പരീക്ഷയെഴുതുന്നതിനായി ലക്നോവിൽ നിന്ന് ഡൽഹിയിലേക്കു നടത്തിയ ട്രെയിൻ യാത്ര അവളുടെ ജീവിതത്തെയാകെ മാറ്റിമറിച്ചു. മൂന്നുകൊള്ളക്കാർ ട്രെയിനിലെ യാത്രക്കാരെ കൊള്ളയടിക്കാൻ ശ്രമിച്ചു. കഴുത്തിൽ കിടന്നിരുന്ന സ്വർണമാല മോഷ്ടിക്കാനുള്ള ശ്രമത്തെ അരുണിമ ശക്തമായി എതിർത്തു. പിടിവലിക്കിടയിൽ കൊള്ളക്കാർ അരുണിമയെ ട്രെയിനിൽനിന്നു പുറത്തേക്കെറിഞ്ഞു. എതിർവശത്തെ ട്രാക്കിൽ വീണ അരുണിമയ്ക്ക് എഴുന്നേറ്റു നിൽക്കാൻപോലും കഴിഞ്ഞില്ല. ട്രാക്കിലൂടെ പാഞ്ഞുപോയ ട്രെയിൻ ഇടതുകാലിലൂടെ കയറിയിറങ്ങി. ഒരു രാത്രിമുഴുവനും വേദനകൊണ്ടു പിടഞ്ഞ് ആരും സഹായിക്കാനില്ലാതെ കിടന്നു. പിറ്റേന്നു വെളുപ്പിനെയാണ് പാളത്തിൽ അവശയായിക്കിടന്ന അവളെ ഗ്രാമവാസികൾ ആശുപത്രിയിലാക്കിയത്.




**രണ്ടാം ഘട്ടം**

ബറേലി ജില്ലാ ആശുപത്രിയിലാണ് അരുണിമയെ പ്രവേശിപ്പിച്ചത്. ആശുപത്രിസ്റ്റാഫ് അവളെക്കണ്ടു പകച്ചു. നൽകാൻ രക്തമില്ല, അനസ്തേഷ്യ നൽകാൻ സംവിധാനമില്ല. അടിയന്തര ഓപ്പറേഷൻ ആവശ്യമായിരുന്നു. അനസ്തേഷ്യയില്ലാതെ ഇടതുകാൽ മുട്ടിനു താഴെവച്ചു പച്ചയ്ക്കു മുറിച്ചുകളയാൻ അവൾ ആവശ്യപ്പെട്ടു. വേദന തിന്നുകഴിഞ്ഞ തലേരാത്രിയുടെ അനുഭവമായിരുന്നു അങ്ങനെ പറയാൻ അവളെ പ്രേരിപ്പിച്ചത്. ഈ മനക്കരുത്തു കണ്ട് ആശുപത്രിസ്റ്റാഫ് അവൾക്കു രക്തം നൽകി. ഡോക്ടർമാർ അവളുടെ കാൽ മുറിച്ചെടുത്തു. കാൽ നഷ്ടപ്പെട്ടവൾക്ക് ഇനിയൊരു വോളിബോൾ ഭാവിയില്ലെന്ന് ഒരു നടുക്കത്തോടെ അവൾ തിരിച്ചറിഞ്ഞു.

ആശുപത്രിക്കിടക്കയിൽവച്ച് അവൾ ഉറച്ച ഒരു തീരുമാനമെടുത്തു ആശുപത്രി വിട്ടാൽ എവറസ്റ്റ് കീഴടക്കാനുള്ള ശ്രമം തുടങ്ങും. കേട്ടവർക്ക് അവിശ്വസനീയമായി ത്തോന്നി. പക്ഷേ, അരുണിമയ്ക്ക് അതൊരു ദൃഢനിശ്ചയമായിരുന്നു. ദുരിതങ്ങൾ മുമ്പും വേട്ടയാടിയ ജീവിതമാണ് അരുണിമ സിൻഹയുടേത്. പട്ടാളോദ്യോഗസ്ഥനായ അച്ഛൻ ഹരേന്ദ്രകുമാർ സിൻഹയുടെ ദുരൂഹമരണവും തുടർന്നുവന്ന കള്ളക്കേസും കുടുംബത്തെ തളർത്തിരുന്നു. കള്ളക്കേസിന്റെ ഫലമായി അമ്മയും മുതിർന്ന സഹോദരങ്ങളും ജയിലിലായപ്പോൾ വീട്ടിൽ കുട്ടികളായ അരുണിമയും സഹോദരൻ രാഹുലും തനിച്ചായിരുന്നു. പിന്നെ ജ്യേഷ്ഠൻ രവിയെ ബിസിനസ് പങ്കാളികൾ ചേർന്നു കൊലപ്പെടുത്തി... അങ്ങനെ ഓരോ ദുരന്തങ്ങൾ അവളെ വേട്ടയാടിയിരുന്നു. ഏതൊരു വ്യക്തിക്കും തങ്ങളുടെ ജീവിതത്തിൽ കൈത്താങ്ങാകാൻ ഒരു കരമുണ്ടാകും... അരുണിമയ്ക്കും ഉണ്ടായി ഒരു രക്ഷകൻ. അവൾ സാഹിബ് എന്നു വിളിക്കുന്ന സഹോദരീഭർത്താവ് ഓം പ്രകാശ്. അവൾ വീണുപോകുമെന്നു തോന്നിയ എല്ലാ കാലഘട്ടത്തിലും അവൾക്കു കാവലാളായി സാഹിബ് ഉണ്ടായിരുന്നു.

എവറസ്റ്റ് കീഴടക്കിയ ആദ്യവനിതയായ ബചേന്ദ്രിപാലാണ് അരുണിമയ്ക്ക് പരിശീലനം നല്കിയത്. രണ്ടായിരത്തിപ്പന്ത്രണ്ട് ജനുവരിയിലാണ് അരുണിമ പർവതാരോഹണത്തിനുള്ള ശ്രമം തുടങ്ങുന്നത്. ഒരുനാൾ എവറസ്റ്റ് കീഴടക്കണം എന്ന ഒരു ലക്ഷ്യം മാത്രമാണ് അവളുടെ മുന്നിലുണ്ടായിരുന്നത്. അവളുടെ കൃത്രിമക്കാൽ പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. ചില സമയത്ത് സ്റ്റിച്ച് പൊട്ടി രക്തം ഒഴുകി. അവളുടെ പരിശീലകർ ഈ ഉദ്യമത്തിൽനിന്നു പിന്തിരിപ്പിക്കാൻ ശ്രമിച്ചിരുന്നെങ്കിലും അവളിലെ പോരാളി തയ്യാറായില്ല. എവറസ്റ്റ് എന്ന ഒറ്റ ലക്ഷ്യം മാത്രമേ അപ്പോൾ അവൾക്കുണ്ടായിരുന്നുള്ളു.

ആദ്യം അവൾ നേരിട്ടത് മനസ്സു മടുപ്പിക്കുന്ന കാഴ്ചകളെയാണ്. അതായത്, ദൗത്യത്തിനിടെ മഞ്ഞിൽ ജീവൻ ഹോമിക്കപ്പെട്ടവരുടെ മൃതദേഹങ്ങൾ, പിന്നെ കൈയിൽ കരുതിയിരിക്കുന്ന ഓക്സിജൻ സിലണ്ടർ തീർന്നുപോകുമോയെന്ന ഭയം, കയറ്റത്തിനിടെ ഷേർപ്പയുടെ നിരുത്സാഹപ്പെടുത്തലുകൾ തുടങ്ങി പലതും, പലപ്പോഴും അനുസരണക്കേടു കാണിച്ച പൊയ്ക്കാലുകൾ നൂറുഡിഗ്രി വരെ ചരിഞ്ഞ് അവളെ ബുദ്ധിമുട്ടിലാക്കി. പക്ഷേ, അതെല്ലാം അരുണിമയുടെ നിശ്ചയദാർഢ്യത്തിന്നുമുമ്പിൽ തോറ്റുമടങ്ങി.

രണ്ടായിരത്തിപ്പതിമൂന്ന് മെയ് ഇരുപത്തിയൊന്നിന് രാവിലെ 10.55 ന് ലോകം ആ അദ്ഭുതവിജയത്തിനു സാക്ഷ്യം വഹിച്ചു. പൊയ്ക്കാലുമായി എവറസ്റ്റ് കീഴടക്കിയ ആദ്യ ഇന്ത്യക്കാരിയായി അരുണിമ ചരിത്രത്തിൽ ഇടം നേടി.

റെയിൽവേ ട്രാക്കിൽ ചോരവാർന്നു കിടന്ന നിസ്സഹായയായ പെൺകുട്ടിയിൽനിന്ന് ലോകമറിയുന്ന കരുത്തുറ്റ വനിതയെന്ന ബഹുമതിയിലേക്കാണ് അരുണിമ നടന്നുകയറിയത്. ■

# കരയുന്ന കുഞ്ഞുങ്ങൾ കരുണയില്ലാത്ത അമ്മമാർ



**ത്രേസ്യാമ്മ ജോസഫ്**

പത്രത്തിൽ ഒരിക്കൽ കണ്ട വാർത്ത മനസ്സിനെ ഒത്തിരി വേദനിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തു. ഒറ്റപ്രസവത്തിൽ അഞ്ചുമക്കൾ! നാലു പെണ്ണും



ഒരാണും. കുട്ടികളെ വളർത്താൻ സാമ്പത്തികബുദ്ധിമുട്ടുള്ളതുകൊണ്ട് പിതാവ് ആത്മഹത്യ ചെയ്തെന്ന് പിന്നീടു കേട്ടു. അഞ്ചുമക്കളുമായി നിസ്സഹായയായി നിന്ന അമ്മ വളരെ ത്യാഗം സഹിച്ച് അഞ്ചുപേരെയും വളർത്തി വലുതാക്കി പെൺമക്കളെ നാലുപേരെയും വിവാഹം ചെയ്ത് അയച്ച വാർത്ത ഈയിടെ കണ്ടു. ആ അമ്മയോടു വലിയ ആദരവ് തോന്നി. പിന്നെ കണ്ടു ഒറ്റപ്രസവത്തിൽ ഒൻപതു കുട്ടികൾ. മറ്റൊരു സ്ത്രീക്ക് പത്തു മക്കൾ! ഇതെന്തൊരു പ്രതിഭാസമാണ്! ആ കൊച്ചുവയറ്റിൽ ഇവർ യാതൊരു കേടുമില്ലാതെ എങ്ങനെ വളർന്നെന്നു നമ്മൾ ചിന്തിച്ചിട്ടുണ്ടോ? അതാണ് സർവശക്തന്റെ ജാലവിദ്യ.

പണ്ടൊക്കെ ഒരു വീട്ടിൽ എട്ടും പത്തും മക്കൾ സാധാരണമായിരുന്നു. അതും ഒറ്റയ്ക്കൊറ്റയ്ക്കുള്ള പ്രസവം. അമ്മമാർ അതിൽ പരിഭവമോ പരാതിയോ ഇല്ലാതെ, ഊണും ഉറക്കവുമില്ലാതെ എല്ലാവരെയും വളർത്തി വലുതാക്കി സന്തോഷത്തോടെ ജീവിച്ചിരുന്നു. ഇരട്ടകൾ വിരളമായിരുന്ന കാലത്താണ് എനിക്ക് ഇരട്ട ആൺകുട്ടികളുണ്ടായത്. ഒരു അദ്ഭുതജീവിയെ കാണാനെന്നപോലെയാണ് ആളുകൾ കുഞ്ഞുങ്ങളെ കാണാൻ വന്നുപോയത്.

ദൈവം അറിഞ്ഞുതരുന്ന മക്കളെ സ്വീകരിക്കാൻ നാം എന്തേ മടി കാണിക്കുന്നു? പണ്ട് ജനനനിയന്ത്രണത്തിന് ആധുനികരീതികളൊന്നുമില്ല. ദൈവം നമുക്കു തരുന്നു. അതു സ്വീകരിക്കുന്നു. അത്രമാത്രം അറിയാം. പിന്നെ പ്രസവം താനേ നില്ക്കുന്നു. എത്ര മനസ്സമാധാനമുണ്ടായിരുന്നു! ഇന്ന് ആർക്കും ഒന്നിനും പറ്റില്ല. കൊണ്ടുനടക്കാൻ പ്രയാസം. വളർത്താൻ പ്രയാസം. അതുകൊണ്ട് ഒന്നല്ലെങ്കിൽ രണ്ടു മതിയെന്നു വയ്ക്കുന്നു. കാര്യം കൊള്ളാം. എന്നാൽ, അതിന്റെ പിന്നാലേ എത്ര തെറ്റുകളാണു ചെയ്തുകൂട്ടുന്നതെന്നതാണു പ്രശ്നം. രണ്ടു പ്രസവം കഴിയുമ്പോൾ ആളുകൾ ചോദിച്ചുതുടങ്ങും: നിറുത്തിയോ? കേൾക്കുന്ന വ്യക്തി, ശരിയാണല്ലോ; എല്ലാവരും ചെയ്യുന്നു പിന്നെന്താ എനിക്കു ചെയ്താൽ എന്നു ചിന്തിക്കും. ദൈവം നമുക്കു തരാനിരിക്കുന്ന നല്ല മക്കളെ കാൻസൽ ചെയ്യുന്നു. ഏറെ വലിയ ശാപം വരുത്തിവയ്ക്കുന്നതു ഗർഭച്ഛിദ്രം ചെയ്യുമ്പോഴാണ്. ദൈവം കനിഞ്ഞു നൽകിയ കുരുന്നിന്റെ ജീവൻ നിഷ്ഠുരമായി നശിപ്പിച്ചുകളയുന്നു.

ഒരിക്കൽ ഉണ്ടായ ഒരനുഭവം ഇന്നും മായാതെ മറയാതെ വിങ്ങലായി എന്റെ ഹൃദയത്തിലുണ്ട്. എനിക്ക് ഒരു ദിവസം അടുത്തുള്ള ഒരു ആശുപത്രിയിൽ പോകേണ്ടി വന്നു. ഓടയുടെ സമീപത്തുകൂടിവേണം കാഷ്വാലിറ്റിയിലേക്കു കയറാൻ. ചുവന്ന നിറത്തിലുള്ള വെള്ളം ഓടയിൽക്കൂടി, ഒഴുകുന്നതു കണ്ടപ്പോൾ അറിയാതെ അതിലേക്കൊന്നു നോക്കിപ്പോയി. ഞാൻ അതിശയത്തോടെ കണ്ട കാഴ്ച, വാലുമാക്രിപോലെയുള്ള എന്തോ രണ്ടെണ്ണം വെള്ളത്തിനൊപ്പം ഒഴുകിപ്പോകുന്നു. ഞാൻ തൂപ്പുകാരിയോട് ഇതെന്താണെന്നു തിരക്കിയപ്പോഴാണു മനസ്സിലായത്, അന്നത്തെ അബോർഷൻ പട്ടികയിലുള്ള കുഞ്ഞുങ്ങളാണതെന്ന്.

ദുഷ്ടരായ അമ്മമാരേ, ഒന്നുമറിയാത്ത ആ മാലാഖക്കുഞ്ഞുങ്ങളുടെ കരച്ചിൽ നിങ്ങളുടെ കാതിൽ തട്ടാറില്ലേ? അമ്മേ, ഞാനെന്തു തെറ്റാ ചെയ്തതെന്ന് അവർ നിങ്ങളോടു ചോദിക്കുന്നുണ്ടാവാം. ആ അമ്മമാർ ഒന്നു മനസ്സിലാക്കണം. ദൈവതിരുമുമ്പിൽ നിങ്ങളെയും മറ്റു കൊലപാതകികളെയും ഒരേ ത്രാസിൽ തൂക്കി ആയിരിക്കാം വിധിക്കുന്നത്. കുട്ടികൾ ഉണ്ടാകാതിരുന്നിട്ടു ചികിത്സവഴി കുഞ്ഞുങ്ങളെ കിട്ടിയവർക്ക് ഭീമമായ തുക ചെലവാക്കാനില്ലാത്തതുകൊണ്ട് വീണ്ടും ഒരു കുഞ്ഞിനു ശ്രമിക്കുന്നില്ലെങ്കിൽ അതു ദൈവതിരുമുമ്പിൽ കുറ്റകരമല്ല. പിന്നെ മൂന്നും നാലും സിസേറിയൻ കഴിഞ്ഞ് വീണ്ടും ഒന്നുകൂടി ചെയ്യാനുള്ള ആരോഗ്യസ്ഥിതി അമ്മയ്ക്കില്ലെങ്കിൽ അതു വിട്ടുവീഴ്ചയോടെ ദൈവം കാണുന്നുണ്ടാവാം. അമ്മയുടെ ആരോഗ്യസ്ഥിതി മോശമാണെങ്കിലും ദൈവം വെറുതെ വിട്ടെന്നു വരും. എന്നാൽ, അരോഗദൃഢഗാത്രരായ ചെറുപ്പക്കാർ വെറും സുഖലോലുപതയ്ക്കുവേണ്ടി വേണ്ടാത്ത ജീവിതമാതൃക സ്വീകരിച്ചാൽ എന്താ സംഭവിക്കുകയെന്നു നമുക്കു ചിന്തിക്കാൻ പറ്റില്ല. ■

## കള്ളിമുൾച്ചെടികൾ



നോവൽ 12

ഗിരീഷ് കെ. ശാന്തിപുരം

# പതിനാലാമെടം

മരണത്തിൽനിന്നെന്നതുപോലെയാണ് അനനിയാദ് നിലാവിലേക്കു കണ്ണുമിഴിച്ചത്. അവനപ്പോൾ മഴയുടെ ഈർപ്പമൊഴിയാത്ത ഭൂമിയിൽ കിടക്കുകയായിരുന്നു. അവന്റെ നഗ്നതയ്ക്കുമേലേ പിഞ്ചിത്തുടങ്ങിയ ഒരു തുണിക്കഷണം കിടന്നിരുന്നു. അവന്റെ ഇരുകൈത്തലങ്ങൾക്കുള്ളിലും നെഞ്ചിലും കാൽപ്പാദങ്ങളിലും നീറ്റലുയരുന്ന മുറിവുകളുണ്ടായിരുന്നു. മുൾമുടി തറഞ്ഞ തലയിൽ രക്തം മുടിയോടുകൂടി കട്ടപിടിച്ചിരിക്കുന്നു.

തനിക്ക് എന്താണു സംഭവിച്ചതെന്നോ, താൻ എങ്ങനെയാണ് ഇവിടെ എത്തിയതെന്നോ അവനു നിശ്ചയമുണ്ടായിരുന്നില്ല. ഇരുൾനിറഞ്ഞ ഒരു ഗുഹയിൽനിന്ന് ആദ്യമായി വെളിച്ചത്തിലേക്കു വന്നതുപോലെയായിരുന്നു അവൻ.

പക്ഷേ, അബോധാവസ്ഥയിൽ കണ്ട സ്വപ്നം ഒരു കൊടുങ്കാറ്റായി അവന്റെയുള്ളിൽ വീശിയടിച്ചു. ലോകത്തിന്റെ രക്ഷകനായ മിശിഹാ കുരിശിന്മേൽ മൂന്നാണികളിൽ പിടയുന്നു. ഭയാനകമായൊരു ദുരന്തത്തിന്റെ നിഴൽ ലോകത്തിനുമേൽ പതിക്കാൻ പോകുന്നുവെന്ന് അവൻ ഉൾക്കിടിലംകൊണ്ടു. അവൻ പ്രാർത്ഥിച്ചു:

“അപ്രകാരം ഒന്നും സംഭവിക്കരുതേ...”

ഇല്ല. അങ്ങനെയൊന്നും സംഭവിക്കില്ല. വെള്ളം വീഞ്ഞാക്കുകയും കുരുടനു കാഴ്ച നല്കുകയും ബധിരനു കേൾവിയും മരിച്ചവന് ഉയിരും കൊടുക്കുകയും ചെയ്ത ദൈവത്തിന്റെ പുത്രന് കുരിശുമരണമോ? അങ്ങനെ സംഭവിക്കില്ല. അവൻ ആശ്വസിച്ചു.

എന്നാലും ഒരു ഭീതി കാർമേഘപടലംപോലെ അവനിൽ നിഴൽ വിരിച്ചു കിടന്നു. യേശു ഇപ്പോൾ എവിടെയായിരിക്കും? ശത്രുക്കൾ പിടികൂടിയിരിക്കുമോ?

അനനിയാദ് എഴുന്നേറ്റിരുന്നു. ശിരസ്സിൽനിന്ന് ഞെരിഞ്ഞിൽമുടി ഇളക്കിമാറ്റി. മുൾമുടിമുറിവുകളിൽനിന്ന് രക്തം കിനിഞ്ഞ് കണ്ണുകളിലൂടെ ഒഴുകി. ദേഹമാകെ വേദനിക്കുന്നു. നെഞ്ചിലെ മുറിവിൽനിന്ന് ഇപ്പോഴും രക്തവും വെള്ളവുമൊലിക്കുന്നുണ്ട്. ഈ മുറിവുകളും മുൾമുടിയും ആരു തന്നു എന്ന് അനനിയാദിനു നിശ്ചയമുണ്ടായിരുന്നില്ല. തന്റെ നഗ്നതയ്ക്കു മേലേ കിടക്കുന്ന ഒരു കീറത്തുണിയും...

അവൻ കണ്ണുകളിലെ രക്തത്തിൽ ഇരുട്ട് തുടച്ചുനീക്കി. ഒരു കീറ് തുണിയാൽ നാണം മറച്ചു.

യഹൂദരുടെ പെസഹാ അടുത്തിരുന്നു. അതുകൊണ്ട് യേശു ജറുസലേമിലുണ്ടാകുമെന്ന് അനനിയാദ് കരുതി. അവൻ ജറുസലേം ലക്ഷ്യമാക്കി ഒരു ഊന്നുവടിയുടെ സഹായത്തോടെ യാത്ര തിരിച്ചു.

പെസഹാക്കാലമായിരുന്നതുകൊണ്ട് ദൂരെ നാട്ടിൻപുറങ്ങളിൽ നിന്നുപോലും യഹൂദർ ജറുസലേമിലേക്കെത്തിയിരുന്നു. അവനാകട്ടെ അവിടമാകെ യേശുവിനെ അന്വേഷിച്ചു. പക്ഷേ, കണ്ടുകിട്ടിയില്ല.

യേശു ബേഥനിയായിൽ താനുയിർപ്പിച്ച ലാസറിന്റെ ഭവനത്തിലായിരുന്നു. അവിടെയപ്പോൾ യേശുവിനും ശിഷ്യന്മാർക്കുംവേണ്ടി ഒരത്താഴവിരുന്ന് ഒരുക്കിയിരുന്നു. ലാസറിന്റെയും മേരിയുടെയും സഹോദരി മാർത്ത അവന് ശുശ്രൂഷ ചെയ്തു. യേശുവിനോടൊപ്പം ഭക്ഷണത്തിനു വന്നവരിൽ മരിച്ചുയിർക്കപ്പെട്ട ലാസറുണ്ടായിരുന്നു.

മേരിയാകട്ടെ, കലർപ്പില്ലാത്തതും വില കൂടിയതുമായ ഒരു കുപ്പി നാർദീൻ തൈലമെടുത്ത് യേശുവിന്റെ പാദങ്ങളിൽ പൂശി. തന്റെ സമൃദ്ധമായ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടച്ചു. നാർദീൻ തൈലത്തിന്റെ പരിമളം അവിടമാകെ പ്രസരിച്ചു.

അപ്പോൾ യേശുവിന്റെ ശിഷ്യന്മാരിൽ ഒരുവനായ യൂദാസ്



ഇസ്കറിയോത്ത പറഞ്ഞു:

“മുന്നൂറ് ദനാറയ്ക്ക് ഈ തൈലം വിറ്റ് പണം എന്തുകൊണ്ട് ദരിദ്രർക്കു കൊടുത്തില്ല.”

അവൻ അങ്ങനെ ചോദിച്ചത്. ദരിദ്രരോടുള്ള സ്നേഹമോ സഹതാപമോകൊണ്ടായിരുന്നില്ല. മറിച്ച്, അവൻ ഹൃദയത്തിൽ വ്യാജം നിറഞ്ഞവനും കള്ളനുമായിരുന്നതുകൊണ്ടായിരുന്നു.

യേശു പറഞ്ഞു:

“ആരും അവളെ തടയേണ്ട. എന്റെ ശവസംസ്കാരത്തിനുവേണ്ടി അവളതു ചെയ്തു എന്നു കരുതിക്കൊള്ളട്ടെ. ദരിദ്രർ എപ്പോഴും നിങ്ങളുടെകൂടെയുണ്ട്. ഞാനോ എപ്പോഴും നിങ്ങളുടെ കൂടെ ഉണ്ടായിരിക്കുകയില്ല.”

അനനിയാദ് ജറുസലേമിലെത്തിയപ്പോൾ യേശു അവിടെ ഉണ്ടായിരുന്നില്ല. അവൻ ബേഥനിയായിലാണെന്നറിഞ്ഞു. അനനിയാദ് അവിടേക്കു പോയി. അവിടെ ബേഥനിയായിലോ ലാസറിന്റെ ഭവനത്തിലോ അവനെ കണ്ടില്ല. അനനിയാദ് വീണ്ടും ജറുസലേമിലേക്കു തിരിച്ചു. അനനിയാദ് ബേഥനിയായിലെത്തും മുമ്പേ യേശു ജറുസലേമിലേക്കു പുറപ്പെട്ടിരുന്നു. തിരുനാളായിരുന്നതുകൊണ്ട് വലിയൊരു ജനക്കൂട്ടം അവിടെയുണ്ടായിരുന്നു. യേശു വരുന്നുണ്ട് എന്നവർ കേട്ടിരുന്നു.

യേശു ഒരു കഴുതക്കുട്ടിയുടെ പുറത്താണ് ജറുസലേമിലേക്കു വന്നത്. യേശു വരുന്നതു കണ്ട് ജനക്കൂട്ടത്തിൽ വളരെപ്പേർ തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു. ചിലർ മരച്ചില്ലകൾ മുറിച്ച് വഴിയിൽ നിരത്തി.

ഈന്തപ്പനയുടെ കുരുത്തോലകൾ എടുത്ത് അവർ അവനെ എതിരേറ്റു. അവർ ഇപ്രകാരം ആർത്തുവിളിച്ചു:

“ദാവീദിന്റെ പുത്രന് ഓശാനാ... കർത്താവിന്റെ നാമത്തിൽ വരുന്നവർ അനുഗൃഹീതൻ. അത്യുന്നതങ്ങളിൽ ഓശാനാ...”

യേശു ജറുസലേമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകി. ജനക്കൂട്ടം മുഴുവൻ അവന്റെ പിന്നാലെ കൂടിയിരിക്കുന്നതു കണ്ട് ഫരിസേയർ പരസ്പരം പറഞ്ഞു:

“ഇതാ, നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. നോക്കൂ, ലോകം അവന്റെ പിന്നാലെ പോയിരിക്കുന്നു.”

മുഖ്യപുരോഹിതന്മാരും ജനങ്ങളുടെ മൂപ്പൻമാരും മഹാപുരോഹിതനായ കയ്യഫായുടെ കൊട്ടാരത്തിൽ സമ്മേളിച്ചു. അവർ യേശുവിനെ ചതിവിൽ പിടിച്ച് വധിക്കുന്നതിനെക്കുറിച്ച് കൂടിയാലോചിച്ചു.

“തിരുനാൾദിനങ്ങളിൽ വേണ്ട. ജനങ്ങൾ ക്ഷുഭിതരാകും.” അവർ പറഞ്ഞു.

നേരം വൈകിയതിനാൽ യേശുവും കൂട്ടരും നഗരം വിട്ടുപോയി. അനനിയാദ് അപ്പോൾ നഗരത്തിൽ എത്തിയിരുന്നു. നഗരം ജനനിബിഡമായിരുന്നു. ഇളകിമറിയുന്ന സമുദ്രംപോലെയായിരുന്നു ജറുസലേം. നഗരം ജനങ്ങളെക്കൊണ്ട് തിളച്ചുമറിഞ്ഞു.

എല്ലാവരും യേശുവിനെക്കുറിച്ചാണു പറയുന്നത്. അവന്റെ വിജ്ഞാനത്തെക്കുറിച്ച് അവർ അതിശയിക്കുന്നു. ദേവാലയത്തിൽനിന്ന് കച്ചവടക്കാരെ പുറത്താക്കിയതിനെക്കുറിച്ചു പറയുന്നു.

എല്ലാവരും യേശുവിനെക്കണ്ടു. അവനെ കേട്ടു. അവനെ അറിഞ്ഞു. അവരാകട്ടെ അവനെ അന്വേഷിച്ചില്ല. എന്നിട്ടും അവർ ഭാഗ്യവാന്മാരായിത്തീർന്നിരിക്കുന്നു. ഞാനോ എത്ര നാളുകളായി അവനെ അന്വേഷിക്കുന്നു. എങ്കിലും അവനെ കാണാൻ കഴിഞ്ഞില്ല. അവനെ കേൾക്കാൻ കഴിഞ്ഞില്ല... ഞാൻ എത്രയോ ഭാഗ്യഹീനൻ.

“എന്റെ വിലാപം നഗരത്തിന്റെ നാലതിർത്തികളോളം ചെന്ന് പാഴായിപ്പോകുന്നു. എന്റെ കണ്ണീർ വരണ്ട ഭൂമിയിൽവീണ് ശൂന്യമായിപ്പോകുന്നു. എന്റെ കരച്ചിൽ കാറ്റലകൾ കൊണ്ടുചെന്ന് സമുദ്രത്തിൽ മുക്കിക്കളയുന്നു... എന്റെ കണ്ണുകൾ മേഘപടലങ്ങൾക്കപ്പുറത്തേക്കു നീളുന്നില്ല... എന്റെ ഹൃദയം ചുട്ടുപഴുത്ത മരുഭൂമിപോലെ തപിച്ചു കിടന്നു. അവൻ വിരൽനീട്ടി ഹൃദയത്തിൽ തൊട്ടില്ലെങ്കിൽ എന്റെ താപമണയുകയില്ല.”

അനനിയാദ് ശിരസ്സുയർത്തി ആകാശത്തിലേക്കു നോക്കി. രക്തവർണമായിരുന്നു ആകാശം. അത് ആഗതമാകുന്ന ഏതോ വിപത്തിനെക്കുറിച്ച് ആധികൊണ്ടു കിടക്കുന്നതുപോലെ തോന്നിച്ചു.

യേശു എവിടേക്കാണു പോയത്? ആർക്കുമറിഞ്ഞുകൂടാ... നഗരത്തിലെങ്ങും അവനെ കണ്ടതുമില്ല.

നഗരത്തിനു പുറത്ത് അനനിയാദ് രാത്രി കഴിച്ചു.

പിറ്റേന്ന് യഹൂദരുടെ പെസഹാ ആയിരുന്നു. ആയതിനാൽ, യേശു ദേവാലയത്തിൽ വരാതിരിക്കില്ലെന്ന് അനനിയാദ് കണക്കുകൂട്ടി.

നേരം പുലർന്നതേ അനനിയാദ് യേശുവിനെ അന്വേഷിക്കാൻ തുടങ്ങി. നഗരകവാടത്തിനടുത്തുള്ള വ്യാപാരശാലയ്ക്കടുത്ത് അനനിയാദ് യേശുവിനെ തേടുകയായിരുന്നു. അപ്പോൾ ഒരാൾ അനനിയാദിനോടു പറഞ്ഞു: “അവനെക്കണ്ടാൽ അവൻ നിന്നെ സുഖപ്പെടുത്തും. അവൻ ദൈവപുത്രൻതന്നെയാണ്. തർക്കമില്ല.”

“അവൻ ദൈവപുത്രൻതന്നെ. ഞാനും അങ്ങനെ വിശ്വസിക്കുന്നു. അവന്റെ വിജ്ഞാനം കേട്ടതുകൊണ്ടോ അവൻ പ്രവർത്തിച്ച അടയാളങ്ങൾ കണ്ടതുകൊണ്ടോ അല്ലത്. ഈ ആകാശം എന്നോടു പറയുന്നു. ഈ ഭൂമിയും അതിന്റെ അതിരുകളും അതിലെ ജീവജാലങ്ങളും എന്നോടു മന്ത്രിക്കുന്നു. അവൻ ദൈവപുത്രൻതന്നെയാണ്. പക്ഷേ, നാളിതുവരെ ഞാനവനെ കണ്ടില്ല. ഒരു മാത്രപോലും...”

അപ്പോഴാണ് അയാളോടൊപ്പമുണ്ടായിരുന്ന ഒരു സ്ത്രീ ആൾത്തിരക്കിനിടയിൽ ഒരാളെ ചൂണ്ടി അനനിയാദിനോടു പറഞ്ഞത്: “നോക്കൂ ആ നില്ക്കുന്ന മനുഷ്യൻ നസ്രായനായ യേശുവിന്റെകൂടെ ഉണ്ടായിരുന്നു.”

അത് ശെമയോൻ പത്രോസായിരുന്നു. പെസഹാവിരുന്ന് ഒരുക്കുന്നതിലേക്കു സാധനങ്ങൾ വാങ്ങാൻ നഗരത്തിലേക്കു വന്നതായിരുന്നു അയാൾ.

അനനിയാദ് ശെമയോനു സമീപം ചെന്നു ചോദിച്ചു:

“നിങ്ങൾ ആ നസ്രായന്റെ കൂടെയുണ്ടായിരുന്നവനല്ലേ...”

ശെമയോൻ അനനിയാദിനെ സൂക്ഷിച്ചു നോക്കി. പ്രാകൃതനായ ഒരു മനുഷ്യൻ. ജടപിടിച്ച തലമുടി. കുഴിഞ്ഞിറങ്ങിയ കണ്ണുകൾ. മാംസം വറ്റിയ ശരീരമാകെ പൊട്ടിയൊലിക്കുന്ന വ്രണങ്ങൾ. കണ്ടിട്ട് രോഗിയായ ഒരു ഭിക്ഷക്കാരന്റെ ലക്ഷണങ്ങൾ.

എങ്കിലും ശെമയോൻ ഒന്നും പറഞ്ഞില്ല. യഹൂദന്മാർ ഗുരുവിനെ എങ്ങനെയെങ്കിലും ഇല്ലായ്മ ചെയ്യാൻ ആലോചിച്ചിരിക്കുന്നു എന്ന് ശെമയോനറിയാമായിരുന്നു. പക്ഷേ, മുമ്പിൽ നില്ക്കുന്ന മനുഷ്യൻ അവരിൽപ്പെട്ടവനാണെന്നു വിശ്വസിക്കാനും ശെമയോനു കഴിഞ്ഞില്ല.

“എന്താണ് നിങ്ങൾ അവന്റെ കൂടെയുള്ളവനാണെന്ന് എന്നോടു പറയാത്തത്...?”

“ഞാൻ ആ മനുഷ്യനെ അറിയില്ല.” ശെമയോൻ പറഞ്ഞു. പിന്നെ തിരക്കിലേക്കു നടന്നു മറഞ്ഞു.

അതിനല്ലാതെ ശെമയോന് ഒന്നും കഴിയുമായിരുന്നില്ല. ഗുരുവിന് ദോഷം വരുത്തുന്നതൊന്നും പ്രവർത്തിക്കാൻ ശെമയോൻ ഇഷ്ടപ്പെട്ടിരുന്നില്ല. എന്തുകൊണ്ടെന്നാൽ, അത്രമേൽ അയാൾ യേശുവിനെ സ്നേഹിച്ചിരുന്നു.

ശേഷം 14-ാം പേജിൽ




**ജൂലൈ 18**
**കൈത്താക്കാലം**
**രണ്ടാം ഞായർ**



നിയമ. 4:32 – 40
ഏശ. 4:2 – 6
2 കോറി. 3:4 – 12
ലൂക്കാ. 15:11 – 32

**ഡോ. എമ്മാനുവേൽ പാറേക്കാട്ട്**


# പിതാവേ, നിന്നെ തിരിച്ചറിഞ്ഞിരുന്നെങ്കിൽ!

**മൊ**വാബു താഴ്‌വരയിൽവച്ച് നടത്തുന്ന വിടവാങ്ങൽ പ്രസംഗത്തിൽ ഇസ്രായേലും ദൈവമായ കർത്താവും തമ്മിലുള്ള ബന്ധത്തിന്റെ അനന്യതയെക്കുറിച്ചു മോശ വാചാലനാകുകയാണ് (നിയമ. 4:32–40). ഇസ്രായേൽജനത്തിന്റെ ഭാവിപ്രതീക്ഷ ദൈവമായ കർത്താവ് ഭൂതകാലത്തിൽ അവർക്കുവേണ്ടി ചെയ്ത വൻകാര്യങ്ങളിൽ അടിസ്ഥാനമിട്ടുള്ളതാകണം. ഇസ്രായേലിനെ ഈജിപ്തിൽനിന്നു രക്ഷിച്ചവൻ തന്റെ ജനത്തെ വീണ്ടെടുക്കാൻ ഭാവിയിലും ശക്തമായ ഇടപെടലുകൾക്കു കെല്പുള്ളവനാണെന്ന ബോധ്യത്തിൽ ദൈവജനം വളരണമെന്ന് മോശ ആഗ്രഹിക്കുന്നു. മനുഷ്യജീവിതം എപ്പോഴെല്ലാം ഇരുളടഞ്ഞതാകുന്നുവോ അപ്പോഴെല്ലാം കഴിഞ്ഞ കാലത്തേക്കു തിരിഞ്ഞുനോക്കി ദൈവം നമുക്കു നല്കിയ സംരക്ഷണം, അവിടുന്നു നമുക്കുവേണ്ടി നടത്തിയ ഇടപെടലുകൾ എല്ലാം സ്മരിക്കണം. നമുക്കു പ്രത്യാശ നിറഞ്ഞ നയനങ്ങളോടെ ഭാവിയിലേക്കു നോക്കാനുള്ള ചാലകശക്തിയായി അതു മാറും.

ഇസ്രായേലും കർത്താവും തമ്മിലുള്ള ബന്ധത്തിന് അതുല്യതയുണ്ട്. ഈ അതുല്യത ജനത്തിന്റെ ചങ്കിൽ പതിയത്തക്കവിധം രണ്ടു ചോദ്യങ്ങളാണ് മോശ തൊടുക്കുന്നത്. 1) ആരെങ്കിലും ദൈവത്തിന്റെ ശബ്ദം നിങ്ങൾ കേട്ടതുപോലെ കേൾക്കുകയും പിന്നെ ജീവിക്കുകയും ചെയ്തിട്ടുണ്ടോ? (നിയമ. 4:33). 2) ഒരു ജനതയെ തിരഞ്ഞെടുക്കാൻ മഹാമാരികൾ, അടയാളങ്ങൾ, അദ്ഭുതങ്ങൾ, യുദ്ധങ്ങൾ, കരബലം എന്നിവവഴി ശക്തമായ ഇടപെടലുകൾ നടത്തിയ മറ്റൊരു ദൈവമുണ്ടോ? (നിയമ. 4:34). ഇസ്രായേൽ ജനത്തിന് ദൈവമായ കർത്താവ് തന്റെ അദ്വിതീയത വെളിപ്പെടുത്തുന്നത് പുറപ്പാടുസംഭവത്തിന്റെ അതുല്യതയിലാണ്.

ആദ്യവായന വലിയ ദൈവശാസ്ത്രചിന്തകൾ നമുക്കു തരുന്നുണ്ട്. കർത്താവാണ് ദൈവം, അവിടുന്നല്ലാതെ മറ്റൊരു ദൈവമില്ല (നിയമ. 4:35). അവിടുന്ന് തന്റെ ജനത്തോടു സംസാരിക്കുകയും ഉടമ്പടി സ്ഥാപിക്കുകയും ചെയ്യുന്ന ദൈവമാണ്. തന്നെത്തന്നെ ജനത്തിനു വെളിപ്പെടുത്തുന്നവനാണ്. അവൻ തന്റെ വാക്കുകൾ എങ്ങനെ പ്രവൃത്തിപഥത്തിലാക്കുന്നുവെന്നും അവന്റെ പ്രവൃത്തികൾ എങ്ങനെ സംസാരിക്കുന്നുവെന്നും നാമിവിടെ ദർശിക്കുന്നു. വാക്കുകളിലൂടെ പ്രവർത്തിക്കുകയും പ്രവൃത്തികളിലൂടെ വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവം. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നത് പരസ്പരബന്ധിതമായ വാക്കുകളാലും പ്രവൃത്തികളാലുമാണ്.

ധൂർത്തപുത്രന്റെ ഉപമയിൽ (ലൂക്കാ 15:11–32) ഒരുപക്ഷേ, നമ്മൾ വലിയ ശ്രദ്ധ പതിപ്പിക്കാത്ത ഒരു വാക്യത്തിലേക്ക് നമ്മുടെ ദൃഷ്ടിയും മനസ്സും പതിയേണ്ടതുണ്ട്. ധൂർത്തപുത്രന്റെ വാക്കുകളാണവ: "എന്റെ ഓഹരി എനിക്കു തരിക"(15:12). 'എനിക്കു തരിക' എന്ന അപ്രസക്തമെന്നു തോന്നാവുന്ന വാക്കുകളാണ് ഈ ഉപമയെ നിയന്ത്രിക്കുന്നത്. അതിൽ ഇളയമകന്റെ മനോവികാരങ്ങളെ വായിച്ചെടുക്കാം: ഞാനാണ് അവകാശി. നിന്റെ മരണശേഷം എന്നിൽ വന്നുചേരേണ്ട സ്വത്തുക്കൾ ഇപ്പോഴേ എന്നെ ഏല്പിക്കുക. നിന്റെ മരണംവരെ എന്നെ കാത്തിരി



ക്കാൻവിടാതെ എന്നെ എന്റെ സ്വാതന്ത്ര്യത്തിനു വിടുക. ഞാൻ പ്രായപൂർത്തിയായവനാണ്. എനിക്ക് ഇനി അപ്പന്റെ ആവശ്യമില്ല; മറിച്ച്, സ്വാതന്ത്ര്യമാണാവശ്യം. 'എനിക്കു തരിക' എന്നതിൽ ഇതെല്ലാം അടങ്ങിയിട്ടുണ്ട്. മനുഷ്യന്റെ പാപത്തിന്റെ അടിസ്ഥാനസ്വഭാവം ഈ ഉപമയിൽ ഈശോ വരച്ചുകാണിക്കുകയാണ്. ദൈവത്തിൽനിന്നു സൗജന്യമായി കിട്ടിയതും, ചോദിച്ചുമേടിച്ചതും തന്നിഷ്ടപ്രകാരം ചിതറിച്ചുകളയുന്നതും, ധൂർത്തടിക്കുന്നതുമാണ് പാപം. ഇപ്രകാരം പ്രവർത്തിക്കുമ്പോൾ നാം നമ്മുടെ ആത്മീയതയെ കൊന്നുകളയുകയും ലോകത്തിന്റെ മനുഷ്യരാകുകയും ചെയ്യുന്നു. എന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ദൈവത്തെ ചവിട്ടുപടിയായും, ഉപകരണമായും ഉപയോഗിച്ച ശേഷം എന്റെ മാത്രം സന്തോഷത്തിനായി അവയെ ഉപയോഗിക്കുകയും ചെയ്യുന്ന അവസ്ഥ ഇന്നിന്റെ മനുഷ്യനുണ്ട്. ദൈവത്തെയും സഹോദരങ്ങളെയും മറന്ന് നന്ദിയില്ലാതെ ജീവിക്കുന്നതാണ് പാപം.

നിയമങ്ങളും നിയന്ത്രണങ്ങളുമില്ലാത്ത ഒരു പ്രത്യേകതരം സ്വാതന്ത്ര്യം അനുഭവിക്കാൻ ധൂർത്തപുത്രൻ കണ്ടെത്തിയ മാർഗം പിതാവിന്റെ വീടിനു പുറംതിരിഞ്ഞുനിൽക്കുക എന്നതാണ്. വീട്ടിലായിരിക്കുമ്പോൾ മറ്റുള്ളവരെ ആദരിക്കണം, ചെവികൊടുക്കണം. പിതാവിന്റെ വീട്ടിൽ നിൽക്കാൻ നന്ദി, കടപ്പാട്, ആദരവ് എന്നിവയെല്ലാം ആവശ്യമാണ്. ഭൂതകാലവുമായുള്ള സർവബന്ധവും അവസാനിപ്പിച്ച് വർത്തമാനകാലത്തിന്റെ ആനന്ദത്തിലേക്ക് അവൻ പ്രവേശിച്ചു. അവിടെ അവനിഷ്ടപ്രകാരമുള്ളതു ചെയ്യാം; കാരണം, നന്മയുടെയും തിന്മയുടെയും അളവുകോൽ അവൻതന്നെയായി മാറുകയാണ്. 'നീയില്ലാതെ ഞങ്ങൾക്കെന്താഘോഷം' എന്നു പറയുന്ന ധാരാളം പുതിയ സുഹൃത്തുക്കൾ ചുറ്റുംകൂടി. പക്ഷേ, കൂടെക്കൂടിയവരുടെ നോട്ടം അവന്റെ സമ്പത്തിലാണെന്ന ബോധം അവനുണ്ടായപ്പോഴേക്കും വൈകിയിരുന്നു. മനുഷ്യപ്രകൃതിക്ക് അതിലംഘിക്കാനാവാത്ത ഒരു വലിയ തത്ത്വം അവനു ബോധ്യപ്പെട്ടു. "നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നു കിട്ടും" (മത്താ. 7:2). അവൻ പിതാവിനെ ഉപേക്ഷിച്ചതുപോലെ അവനെയും എല്ലാവരും ഉപേക്ഷിക്കുന്നു. പക്ഷേ, അടിസ്ഥാനപരമായ ഒരു വ്യത്യാസം പിതാവും അവനും തമ്മിലുണ്ട്. ഉപേക്ഷിക്കപ്പെട്ടപ്പോഴും പിതാവിന്റെ ഹൃദയം നിറച്ച് സ്നേഹമുണ്ട്; എന്നാൽ, പുത്രന്റെ ഹൃദയം അനിതരസാധാരണമാംവിധം ശൂന്യമായിരുന്നു.

ഈ സാഹചര്യത്തിൽ ധൂർത്തപുത്രൻ തന്റെ ജീവിതത്തിൽ അതുവരെ ചെയ്യാത്ത ഒരു കാര്യം ചെയ്തു. അവൻ അവന്റെയുള്ളിലേക്ക്, ഹൃദയത്തിലേക്കു നോക്കി. പിതാവിനെ അവൻ ഉപേക്ഷിച്ചുവെന്നതല്ല; മറിച്ച്, അവൻ അവനെത്തന്നെ ഉപേക്ഷിച്ചുവെന്നതാണ് ആത്യന്തികമായ പ്രശ്നമെന്ന് അവൻ തിരിച്ചറിഞ്ഞു. അവന്റെ ശൂന്യതയിൽ അവൻ തിരിച്ചറിയുന്നു; ഒരിക്കലും കുറവുവരാത്ത, ഹൃദയം നിറയെ സ്നേഹമുള്ള ഒരു അപ്പനാണ് തനിക്കുള്ളതെന്ന്. ഈ ചിന്ത അവന്റെ പ്രത്യാശയെ ഊട്ടിയുറപ്പിക്കുകയാണ്.

യഥാർഥ പശ്ചാത്താപമെന്തെന്ന് ഈ ഉപമ നമ്മെ പഠിപ്പിക്കുന്നുണ്ട്. വീട്ടിലേക്കു മടങ്ങിവരുന്ന ധൂർത്തപുത്രൻ ആദ്യം ഉച്ചരിക്കുന്ന വാക്ക് 'ക്ഷമിക്കണേ' എന്നല്ല; മറിച്ച് 'പിതാവേ' എന്ന് ചങ്കിൽത്തട്ടിയുള്ള വിളിയാണ്. നമ്മുടെ പാളിച്ചകൾ തിരിച്ചറിയുന്നതോടൊപ്പം ദൈവത്തിന്റെ കരുണയ്ക്കും സ്നേഹത്തിനും ലവലേശം കുറവു സംഭവിച്ചിട്ടില്ല എന്ന തിരിച്ചറിവുമാണ് യഥാർഥ അനുതാപം.

ധൂർത്തപുത്രനും യൂദാസും തമ്മിലുള്ള വ്യത്യാസം ഇവിടെയാണ്. യൂദാസിന് തനിക്കുപറ്റിയ തെറ്റിനെക്കുറിച്ച് ഉത്തമബോധ്യമുണ്ട്. തന്റെ തെറ്റിനെ അതിലംഘിക്കുന്നതാണ് ദൈവത്തിന്റെ കരുണയും സ്നേഹവുമെന്ന് അവൻ തിരിച്ചറിയാതെപോയി. അനാവശ്യമായ കുറ്റബോധം ചിലരെയെങ്കിലും നശിപ്പിക്കാറുണ്ട്. നമ്മുടെ തെറ്റുകളെക്കാൾ എത്രയോ വലുതാണ് കർത്താവിന്റെ കരുണയും സ്നേഹവുമെന്ന് തിരിച്ചറിയാത്തിടത്തോളം കുറ്റബോധം ഭീകരംതന്നെയാണ്. ക്ഷമ ചോദിക്കാനുള്ള വിനയത്തിലേക്കു ധൂർത്തപുത്രൻ വളർന്നപ്പോൾ യൂദാസിന് അതിനു സാധിക്കാതെ പോകുന്നു. 'എനിക്കു തെറ്റുപറ്റി' എന്നു പറയാനുള്ള എളിമയും ചങ്കൂറ്റവും ഉള്ളിടത്തോളം കാലം ഞാൻ രക്ഷയുടെ പാതയിലാണ്. നമ്മുടെ തെറ്റുകൾക്ക് നൂറുകണക്കിനു ന്യായീകരണം കണ്ടെത്തുന്നതിനെക്കാൾ 'പറ്റിപ്പോയി' എന്ന നിലപാടാണ് ആത്മാവിനു ഗുണകരം.

തന്റെ അപ്പൻ പ്രതീക്ഷിച്ചതിനെക്കാൾ നല്ലവനും സ്നേഹമുള്ളവനുമാണെന്ന് ധൂർത്തപുത്രൻ തിരിച്ചറിയുന്നത് വീട്ടിൽ തിരിച്ചെത്തുമ്പോഴാണ്. തന്റെ പുത്രൻ അടിമവേല ചെയ്യുന്നത് ആ അപ്പനു ചിന്തിക്കാൻപോലും കഴിയുമായിരുന്നില്ല. വീടുവിട്ടിറങ്ങുമ്പോൾ അവനെ സംബന്ധിച്ചിടത്തോളം അപ്പനും അപ്പനെ സംബന്ധിച്ചിടത്തോളം അവനും മൃതനായിരുന്നു. മടങ്ങിയെത്തിയപ്പോൾ അവനിതാ സനാഥനായിരിക്കുന്നു. അനാഥത്വത്തിൽനിന്ന് സനാഥത്വത്തിലേക്കുള്ള സ്ഥാനക്കയറ്റമാണ് മാനസാന്തരം.

പുത്രന്റെ മടങ്ങിവരവ് പിതാവ് ആഘോഷമാക്കി മാറ്റുകയാണ്. പിതാവ് അവനെ മേൽത്തരം വസ്ത്രം ഉടുപ്പിക്കുന്നു. 'മേൽത്തരം വസ്ത്രം' എന്നതിന് ഗ്രീക്കുബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ 'STOLĒN TĒN PRŌTĒN' എന്നാണ്. ഇതിൽ PRŌTĒN എന്ന വാക്കിന് 'മേൽത്തരം' എന്നും 'ആദ്യത്തേത്' എന്നും അർഥമുണ്ട്. 'ആദ്യവസ്ത്രം' എന്ന വിവർത്തനം സ്വീകരിച്ചാൽ വസ്ത്രത്തിന് പുതിയ മാനങ്ങൾ കൈവരും. സ്വാതന്ത്ര്യമനുഭവിക്കാൻ വീടുവിട്ടിറങ്ങിയപ്പോൾ മകൻ ഊരിവലിച്ചെറിഞ്ഞ 'പുത്രന്റെ വസ്ത്രം' ആണ് 'ആദ്യവസ്ത്രം'. പുത്രന്റെ അളവിനും ഉയരത്തിനും യോജിച്ചവിധം പിതാവ് തയിപ്പിച്ച, ആ വസ്ത്രം പിതാവിനു വിലപ്പെട്ടതാകയാൽ, ആ നല്ല അപ്പൻ അതു വൃത്തിയായി സൂക്ഷിച്ചുവച്ചിരുന്നു. നമ്മുടെ അളവിലുള്ള വസ്ത്രം ധരിക്കുന്നത് ആശ്വാസപ്രദവും ആത്മവിശ്വാസം ജനിപ്പിക്കുന്നതുമാണ്. പാപം അരക്ഷിതാവസ്ഥയാണ്.

പൂർവയൗസേപ്പിനെ ഇസ്മായേല്യർക്കു വിറ്റതിനുശേഷം അവന്റെ വസ്ത്രങ്ങൾ സഹോദരങ്ങൾ യാക്കോബിനെ ഏല്പിക്കുന്ന രംഗമുണ്ട് (ഉത്പ. 37:1–36). തന്റെ മകൻ മരിച്ചുവെന്നറിഞ്ഞിട്ടും കൈനീളമുള്ള ആ കുപ്പായം ഒരു തിരുശ്ശേഷിപ്പുപോലെ യാക്കോബ് സൂക്ഷിച്ചുവയ്ക്കുന്നുണ്ട്. പുത്രത്വം പൊന്നുപോലെ സൂക്ഷിക്കേണ്ട ഒന്നാണ്. പുത്രൻ പാപം ചെയ്ത് മൃതനായപ്പോഴും ദൈവം പൊന്നുപോലെ എടുത്തു സൂക്ഷിക്കുന്ന കൈനീളമുള്ള കുപ്പായമാണ് നിന്റെ പുത്രത്വം എന്നു നീ തിരിച്ചറിയണം.

> **നമ്മുടെ പാളിച്ചകൾ തിരിച്ചറിയുന്നതോടൊപ്പം ദൈവത്തിന്റെ കരുണയ്ക്കും സ്നേഹത്തിനും ലവലേശം കുറവു സംഭവിച്ചിട്ടില്ല എന്ന തിരിച്ചറിവുമാണ് യഥാർത്ഥ അനുതാപം.**

പിതാവ് അവനെ മോതിരം അണിയിക്കുന്നു. എഴുത്തും വായനയും അറിയാവുന്നവർ കുറവായിരുന്ന കാലഘട്ടത്തിൽ കല്ലുകൊണ്ടു നിർമിച്ച മുദ്രമോതിരങ്ങൾക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നു. വസ്തുവകകൾ വാങ്ങുന്നതും വിൽക്കുന്നതും പേരിൽ കൂട്ടുന്നതുമെല്ലാം മോതിരം കൊണ്ട് മുദ്ര പതിപ്പിച്ചാണ്. മുദ്രമോതിരം നഷ്ടപ്പെട്ടാൽ ഒരുവൻ എല്ലാം നഷ്ടപ്പെട്ടവനാണ്. അപ്പൻ മോതിരം അണിയിക്കുകയാണ്. നിനക്കു നഷ്ടപ്പെട്ടതെല്ലാം ഇനിമുതൽ നിന്റേതാണ്. നിനക്കൊന്നും നഷ്ടപ്പെടാൻ ദൈവം അനുവദിക്കില്ല. ദൈവത്തിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും അളക്കാൻ ആർക്കും കഴിയില്ല. ■



ഡോ. ജോയി ഫ്രാൻസീസ്

# ഓൺലൈനിൽ തുറക്കുന്ന ആരാധനാമുറികൾ

**നാം** ജീവിക്കുന്ന ഈ കാലഘട്ടം സഭാചരിത്രത്തിൽ വിപ്ലവാത്മകമായ മാറ്റങ്ങൾക്കു നാന്ദി കുറിച്ച സംവത്സരങ്ങളായി രേഖപ്പെടുത്തും എന്നതു തീർച്ച. അതിലേറ്റവും പ്രധാനം 2020 ൽ പള്ളിക്കർമങ്ങൾ 'ഓൺലൈനാ'യി എന്നതാണ്.

ദൈവാലയങ്ങളിൽ പരികർമിക്കും സഹായിക്കും നിശ്ചിതയെണ്ണം വിശ്വാസികൾക്കുംമാത്രം പങ്കെടുക്കാവുന്ന നിജപ്പെടുത്തലുകൾ നിലവിൽവന്നു. കോടാനുകോടി കത്തോലിക്കാമതവിശ്വാസികൾക്ക് തങ്ങളുടെ ആരാധനക്രമങ്ങളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ആഘോഷങ്ങളിലും വ്യക്തിപരമായും കൂട്ടായ്മയിലും പങ്കെടുക്കുക എന്നത് അസാധ്യമായി. ഈ പ്രതിസന്ധിയിൽ വിശ്വാസികൾക്കു തുണയായെത്തിയത് ആധുനികദൃശ്യശ്രാവ്യമാധ്യമങ്ങളുടെ അദ്ഭുതസിദ്ധികളാണ്. പാവനമായി കരുതുന്ന തിരുക്കർമങ്ങളിൽ വിശ്വാസികൾ എവിടെ ആയിരിക്കുന്നുവോ അവിടെ ആയിരുന്നുകൊണ്ട് കാണാനും കേൾക്കാനും പങ്കെടുക്കാനും സാധ്യമാവുക എന്നതു ചെറിയ കാര്യമല്ലല്ലോ.

'ശുദ്ധമാനപള്ളിയുടെ' കല്പനകൾക്കനുസരിച്ച് 'കടംപോക്കാൻ' വിശ്വാസികളുടെ ഈ വിദൂരഭാഗഭാഗിത്വം മതിയാകുമോ എന്ന സംശയത്തിന് ഈ പ്രത്യേക സാഹചര്യത്തിൽ അത്രയായാലും മതി എന്നു ചിന്തിക്കുകയും ഈ ഇളവ് എന്നേക്കുമാണ് എന്നു കരുതി എന്നും വീട്ടിലിരുന്ന് ജപവായനകളിലും ധ്യാനപ്രസംഗങ്ങളിലും തിരുമണിക്കൂർ ആരാധനയിലും പങ്കെടുക്കുന്നതുപോലെ ദിവ്യബലിയിലും പരിശുദ്ധ കുർബാനയുടെ വാഴ്വിലും പങ്കെടുത്താൽമതി എന്നു കരുതുകയും അരുത്. പുരോഹിതന്റെ മുമ്പാകെ നടത്തുന്ന പാപസങ്കീർത്തനത്തിനുപകരം മനസ്സുകൊണ്ട് മനസ്തപിച്ച് തമ്പുരാനോടു നേരിട്ട് പാപങ്ങൾ ഏറ്റുപറഞ്ഞ് പാപമോചനം നേടിയാൽ പോരേ എന്ന സംശയം പലർക്കുമുണ്ട്. ലഘുപാപങ്ങളുടെ പൊറുതിക്കായി അപ്രകാരം ചെയ്യാം. കഴിയുന്നത്ര വേഗം പറഞ്ഞു കുമ്പസാരിക്കാൻ ശ്രമിക്കണം. പക്ഷേ, മാരകപാപങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവർ പുരോഹിതനോടുതന്നെ പാപസങ്കീർത്തനം നടത്തണം. ഇനി അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണത്തിന്റെ കാര്യം. ക്രിസ്തുനാഥന്റെ 'യഥാർത്ഥസാന്നിധ്യം' അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണത്തിലൂടെ ആസ്വദിക്കാനാവില്ലല്ലോ.

മതാത്മകജീവിതത്തിൽ മാധ്യമങ്ങളുടെ ഉപയോഗവും സഹായവും കൊവിഡ്19 ന്റെ സാഹചര്യത്തിൽ പെട്ടെന്നു വന്നുഭവിച്ച ഒരു സംഗതിയല്ല. കൊവിഡിനുമുമ്പും തിരക്കുള്ള ദൈവാലയങ്ങളിൽ സ്ഥലപരിമിതിയും വിശ്വാസികളുടെ ബാഹുല്യവും കണക്കിലെടുത്ത് മോണ്ടളങ്ങളിലും പള്ളിയുടെ പാർശ്വങ്ങളിൽ പണിതീർത്ത ചായ്പുകളിലും സ്ഥാപിച്ച ടെലിവിഷൻ മോണിറ്ററുകളിലൂടെ തിരുക്കർമങ്ങളിൽ പങ്കെടുക്കാൻ അവസരമൊരുക്കുന്ന സമ്പ്രദായം തുടങ്ങിയിട്ട് വർഷങ്ങളായി. പുരയ്ക്കകത്തുനിന്നു പുറത്തിറങ്ങാനാവാത്ത സാഹചര്യത്തിൽ മാധ്യമങ്ങൾ നൽകുന്ന സഹായം വളരെ വിലപ്പെട്ടതുതന്നെ.

മനുഷ്യന്റെ വ്യക്തിത്വം എന്നത് ശാരീരികമായ നിലനില്പു മാത്രമല്ല, ആത്മീയത കൂടി ചേരുന്നതാണ്. അതുകൊണ്ടാണ് യഥാർത്ഥവ്യക്തിബന്ധങ്ങളിൽ ആത്മീയമായ സാത്വികതയും ശാരീരികമായ അസ്തിത്വവും അനിവാര്യമാകുന്നത്. അവ്യാജമായ വ്യക്തിബന്ധങ്ങൾ ഉടലെടുക്കണമെങ്കിലും നിലനിർത്തണമെങ്കിലും ഈ രണ്ടു ഘടകങ്ങളുടെയും പാരസ്പര്യം കൂടിയേതീരൂ. അതുകൊണ്ടാണ് ചില സന്ദർഭങ്ങളിൽ നമ്മുടെ ഉറ്റവരുടെ അസാന്നിധ്യം ആകുലതയ്ക്കു കാരണമാകുന്നത്. അതുകൊണ്ടുതന്നെയാണ് പുതിയ സാങ്കേതികവിദ്യകളുടെ സഹായത്തോടെ സാങ്കല്പികസാന്നിധ്യം അനുഭവവേദ്യമാക്കുന്ന സൂം, സ്കൈപ്പിങ് മുതലായ സങ്കേതങ്ങൾ നേരിട്ടുകണ്ട് സംവദിക്കാൻ സാധിക്കുന്ന പ്രതീതി ഉണ്ടാക്കുന്നെങ്കിലും, യഥാർത്ഥസാന്നിധ്യത്തിന്റെ അഭാവം നമ്മെ അലോസരപ്പെടുത്തുന്നത്.

അനുഷ്ഠാനങ്ങളിലൂടെയും അടയാളങ്ങളിലൂടെയും പരികർമം ചെയ്യപ്പെടുന്നുവെങ്കിലും കൂദാശകൾക്ക് ശാരീരികവും ഭൗതികവും ആത്മീയവുമായ മാനങ്ങളുണ്ട്. ആലോചിച്ചുനോക്കുക, 'ഓൺലൈനായി' മാമ്മോദീസാ സ്വീകരിക്കാനോ നൽകാനോ ആവുമോ? അപ്പത്തിനും വീഞ്ഞിനും പരിശുദ്ധ കുർബാനയിൽ സംഭവിക്കുന്ന സത്താഭേദം എന്ന മിസ്റ്ററി ഓൺലൈനായി സംഭവ്യമാവുമോ? സാങ്കേതികവിദ്യ മികവുറ്റതാകാം. പക്ഷേ, ആത്മീയതയുടെ തലത്തിൽ എന്തോ ഒന്നിന്റെ – യഥാർത്ഥ സാന്നിധ്യത്തിന്റെ 'കുറവു' നികത്താനാവില്ലല്ലോ.

ക്രിസ്തീയവിശ്വാസസംഹിതകളുടെ അനന്യത അവയുടെ ആധികാരികതയും സുതാര്യതയുമാണ്, വിശുദ്ധ ഗ്രന്ഥാധിഷ്ഠിതവുമായിരിക്കണം. ഓൺലൈൻ ഭക്തകൃത്യങ്ങളും കൂദാശകളിലെ ഭാഗഭാഗിത്വവും വ്യക്തിപരമായി മതാത്മകജീവിതത്തിൽ ഇരട്ടത്താപ്പിന് ഇടം കൊടുക്കാനിടയുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും നാം കടന്നുപോകുന്ന കാലഘട്ടത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് സഭാമേലധ്യക്ഷന്മാരും ആത്മീയഗുരുക്കന്മാരും നിരൂപിച്ചാൽ പഠനങ്ങളുടെയും പരിചിന്തനങ്ങളുടെയും പിൻബലത്തോടെ ദൈവേച്ഛയ്ക്കു നിരക്കുന്നതും മതമൂല്യങ്ങൾക്കനുസൃതവുമായ ഒരു ഓൺലൈൻ നടപടിക്രമങ്ങൾക്ക് തീർച്ചയായും രൂപം കൊടുക്കാൻ സാധിക്കും.



**മുൻവിധികളില്ലാത്ത വിചിന്തനം**

ഓൺലൈനായി മ്ലേച്ഛമായ കാഴ്ചകൾ കാണുന്നതും പങ്കുവയ്ക്കുന്നതും പാപകരമാണ്. അങ്ങനെയെങ്കിൽ നല്ല കാര്യങ്ങൾ കാണുന്നതും പങ്കുവയ്ക്കുന്നതും പുണ്യപ്രദമാകണമല്ലോ.

ഇന്റർനെറ്റ് സംവിധാനങ്ങളുപയോഗിച്ച് അശ്ലീലസിനിമകൾ കണ്ടാനന്ദിക്കുന്നത് അത്തരം മ്ലേച്ഛതകളിൽ വ്യക്തിപരമായി ഏർപ്പെടുന്നതിനു തുല്യമാണ്. കാരണം, അവ കാണുന്ന വ്യക്തിയിൽ അപ്രകാരം ചെയ്യാനുള്ള രതിഭാവനകൾ ഉണർത്തുകയാണു ചെയ്യുന്നത്. അശുദ്ധവിചാരങ്ങളോടെ ഒരുവളെ നോക്കുന്നത് വ്യഭിചാരത്തിനു തുല്യമാണെന്ന് തമ്പുരാൻ നമ്മെ ഓർമിപ്പിക്കുന്നു. അങ്ങനെയെങ്കിൽ ഓൺലൈനിൽ ദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെ പങ്കെടുക്കുന്ന പ്രാർത്ഥനകളും ആരാധനാസ്തുതിസ്തോത്രങ്ങളർപ്പിക്കലും വ്യക്തിഗതമായി അവയിൽ പങ്കുചേരുന്നതിനു തുല്യമാകണമല്ലോ.

യേശു പറഞ്ഞു: "എന്നെ വിശ്വസിക്കുക. ഈ മലയിലോ ജറൂസലേമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു. നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു, ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. എന്തെന്നാൽ, രക്ഷ യഹൂദരിൽനിന്നാണ്. എന്നാൽ, യഥാർത്ഥത്തിലുള്ള ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ലാ; അതിപ്പോൾത്തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെയാണ് പിതാവ് അന്വേഷിക്കുന്നത്. ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്" (യോഹ. 4:21–24).

ഓൺലൈനായി ഒരു പ്രാർത്ഥനാക്കൂട്ടായ്മ വെബിനാറിൽ ചെയ്യുന്നതിനെപ്പറ്റി സംശയങ്ങൾ സ്വാഭാവികമാണ്. വിശുദ്ധ പൗലോസ് അപ്പസ്തോലൻ കൊളോസോസിലെ വിശ്വാസികൾക്കെഴുതിയ ലേഖനത്തിൽ പറയുന്നു: "ഞാൻ ശാരീരികമായി നിങ്ങളിൽനിന്ന് വിദൂരസ്ഥനാണെങ്കിലും ആത്മാവിൽ നിങ്ങളോടുകൂടെയാണ്" (കൊളോ. 2:5).

അപ്പസ്തോലൻ കോറിന്തോസിലെ വിശ്വാസികൾക്കു നൽകുന്ന ഉറപ്പ് ശ്രദ്ധിക്കുക: "ശാരീരികമായിട്ടല്ലെങ്കിലും ആത്മീയമായി ഞാൻ അവിടെ സന്നിഹിതനായി" (1 കോറി. 5:3). പൗലോസ് അപ്പസ്തോലന് വിദൂരസ്ഥനായിരിക്കെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ആരാധനക്കൂട്ടായ്മകളിൽ പങ്കുചേരുന്നതിന് ഇന്റർനെറ്റിനെ ആശ്രയിക്കേണ്ടിവന്നില്ലല്ലോ. പിന്നെ നാമെന്തിനു ശങ്കിക്കണം?

നാം ആയിരിക്കുന്ന അവസ്ഥ അംഗീകരിച്ചുകൊണ്ട്, നാമെങ്ങനെ ആയിരിക്കണമെന്ന വ്യവസ്ഥയിലെത്തുംവരെ കാത്തിരിക്കാതെ നമ്മെ അതിരുകളില്ലാതെ സ്നേഹിക്കുന്നവനാണ് നമ്മുടെ തമ്പുരാൻ. നമ്മുടെ ഭവനങ്ങളിൽ, പണിയിടങ്ങളിൽ, നമ്മുടെ കുടുംബമുറിയുടെ ഏകാന്തതയിൽ, അനേകായിരങ്ങൾ ഒത്തുകൂടുന്ന വിശാലവേദികളിൽ അളവുകളില്ലാത്ത സ്നേഹത്തിനുടമയായ നമ്മുടെ ദൈവത്തെ എന്നും എപ്പോഴും ആരാധിക്കുന്നതിന് നൂതനസാങ്കേതികവിദ്യകൾ കുറേക്കൂടി മിഴിവേകുമെങ്കിൽ അതിനു സുസ്വാഗതം.

■

## നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## കൈക്കുറ്റപ്പാടുകൾ



അവൻ കവിതയെഴുതാൻ തുടങ്ങിയത്രേ! നല്ല തമാശ!

അക്ഷരമാലപോലും കൃത്യമായി അറിയാത്ത അവനോ? ഭാഷാസ്വാധീനമില്ലാത്ത അവനോ? ആശയദരിദ്രനായ അവനോ? എന്താണു കവിതയെന്നോ എന്താകണം കവിതയെന്നോ അറിയാത്ത അവനോ?

എന്തായാലും, എന്തല്ല കവിതയെന്ന് ഉദാഹരിക്കാൻ അവന്റെ കൈക്കുറ്റപ്പാടുകൾ ഉപകാരപ്രദമാകുമല്ലോ.

# പതിനാലാമെടം

*11-ാം പേജ് തുടർച്ച*

അനനിയാദ് ശെമയോനെ കേട്ട് തളർന്നുപോയി. നിരാശ ഒരു ശവക്കച്ചപോലെ അവനെ മൂടി. താൻ ഭൂമിയിൽ വീണുപോകുമെന്നോ, ഒരു ചെറുകാറ്റിൽ പറന്നുപോകുമെന്നോ അവൻ പേടിച്ചു.

നഗരത്തിരക്ക് കാണക്കാണെ കൂടി വന്നു. വെയിൽ അതിന്റെ കൂടാരത്തിൽനിന്ന് സർവശക്തിയോടുംകൂടി പുറത്തു വന്നു. ജറുസലേം ദേവാലയത്തിനു മുകളിൽ സൂര്യൻ അഗ്നിഗോളംപോലെ ജ്വലിച്ചു. ജറുസലേമിനു പൊള്ളി.

അനനിയാദിനും പൊള്ളി. അവന് തലചുറ്റുകയും കണ്ണുകളിൽ ഇരുട്ടുമൂടുകയും ചെയ്തു. ചുണ്ടും തൊണ്ടയും വരണ്ടു. വയറിനുള്ളിൽ വിശപ്പിന്റെ സർപ്പങ്ങൾ ശീൽക്കാരമുയർത്തിപ്പിണഞ്ഞു. എങ്കിലും ജറുസലേമിലൂടെ അവൻ യേശുവിനെ തേടി അലഞ്ഞുകൊണ്ടിരുന്നു.

അപ്പോഴാണ് യേശുവിന്റെ ശിഷ്യന്മാരിലൊരുവനായ യൂദാസ് ഇസ്കറിയോത്ത യഹൂദരുടെ പുരോഹിതമുഖ്യന്മാരുടെ അരമനയിലേക്കു ചെന്നത്. അവൻ അവരുടെ മുമ്പാകെ ചെന്നു നിന്നു ചോദിച്ചു:

"ഞാൻ അവനെ നിങ്ങൾക്ക് ഏല്പിച്ചുതന്നാൽ നിങ്ങൾ എനിക്കെന്തു തരും...?"

"മുപ്പത് വെള്ളിനാണയങ്ങൾ." അവർ പറഞ്ഞു.

അവർക്ക് കൂടുതലൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. മുപ്പതല്ല മുന്നൂറ് കൊടുക്കേണ്ടിവന്നാലും യേശുവിനെ പിടികൂടി നശിപ്പിക്കുക എന്നതു മാത്രമായിരുന്നു അവരുടെ ലക്ഷ്യം. അവർ ഒരു പണക്കിഴി യൂദാസിന്റെ കൈകളിലേക്കിട്ടു. മുപ്പതു വെള്ളിനാണയങ്ങൾ. നാണയങ്ങൾ അവനു നേരേ ചിരിച്ചു. അതിന്റെ കിലുക്കത്തിൽ യൂദാസ് ഭ്രമിച്ചുപോയി.

പക്ഷേ, അവൻ ചെയ്തതെന്തെന്ന് അവൻ അറിഞ്ഞിരുന്നില്ല.

അവൻ പുരോഹിതന്മാരുമായി വാക്കുറപ്പിച്ച് അവരുടെ അരമനയ്ക്കു പുറത്തുകടന്നു. തന്റെ ഗുരുവിന്റെ ജീവന്റെ വിലയായി ലഭിച്ച നാണയക്കിഴി അവൻ കുപ്പായക്കീശയിൽ ഒളിപ്പിച്ചുവച്ചിരുന്നു.

യൂദാസ് നഗരത്തിലെത്തിയപ്പോഴാണ് തിരക്കിനിടയിലൂടെ യേശുവിനെ വിളിച്ചന്വേഷിച്ചു നടക്കുന്ന അർദ്ധനഗ്നനായ അനനിയാദിനെ കണ്ടത്. യൂദാസ് അവന്റെ പക്കൽ ചെന്നു ചോദിച്ചു: "നീ ആരെയാണ് ഈ ജനക്കൂട്ടങ്ങൾക്കിടയിൽ തിരയുന്നത്?"

"നസ്രായനായ യേശുവിനെ..." അനനിയാദ് പറഞ്ഞു.

യൂദാസ് ഇസ്കറിയോത്തയെ കണ്ടപ്പോൾ ആൾക്കൂട്ടത്തിൽ ചിലർ അവനെ തിരിച്ചറിഞ്ഞു. അവൻ ചോദിച്ചു:

"നീ ആ നസ്രായന്റെ ശിഷ്യന്മാരിലൊരാളല്ലേ?"

"അതെ." യൂദാസ് അഹങ്കാരത്തോടെ ശിരസ്സുയർത്തി പറഞ്ഞു.

അനനിയാദിന്റെ ഹൃദയത്തിൽ തണുത്തുറഞ്ഞ ഒരു മഞ്ഞുകട്ട വന്നു വീണു. അവന്റെ മേൽ ആശ്വാസത്തിന്റെ ഒരു കുളിർമഴ പെയ്തിറങ്ങുന്നതുപോലെ അവനു തോന്നി.

"നീ അവനെ അന്വേഷിക്കുന്നതെന്തിന്?" അതു ചോദിക്കുമ്പോൾ യൂദാസിന്റെ കണ്ണുകളിൽ അദമ്യമായൊരു കൗശലം തിളങ്ങിയിരുന്നു.

"എനിക്കവനെ കാണണം. എനിക്കവന്റെ ശിഷ്യകനാകണം."

"അവന് ഞങ്ങൾ പന്ത്രണ്ടുപേർ ശിഷ്യന്മാർ ഉണ്ടല്ലോ. ഇനിയും ഒരാളെക്കൂടി... ഗുരു സമ്മതിക്കുമെന്നു തോന്നുന്നില്ല."

യൂദാസിനെ കേട്ടാറെ അനനിയാദ് വിഷമിച്ചു. അവന്റെ ഹൃദയം നുറുങ്ങുന്നതുപോലെ അവനു തോന്നി. വല്ലാത്തൊരു ഭാരം അവൻ അനുഭവിച്ചു.

"എങ്കിൽ എനിക്കവനെ ഒന്നു കാണുകയെങ്കിലും വേണം. അവൻ എവിടെയുണ്ടെന്ന് എന്നോടു പറയുക."

"നിങ്ങൾ വിഷമിക്കേണ്ടതില്ല," യൂദാസ് പറഞ്ഞു: "നിശ്ചയമായും ഞാൻ നിന്നെ അവന്റെ പക്കൽ കൊണ്ടുപോകാം. ഗുരുവിനോടു പറഞ്ഞു നിന്നെ അവന്റെ ശിഷ്യനാക്കാം. പതിമ്മൂന്നാമത്തെ ശിഷ്യൻ.... ഞാൻ പറഞ്ഞാൽ ഗുരു അനുസരിക്കാതിരിക്കില്ല."

യൂദാസിന്റെ വഞ്ചനയാണ് തന്നോടു സംസാരിക്കുന്നതെന്ന് അനനിയാദറിഞ്ഞില്ല. യൂദാസിന്റെ വാക്കുകൾകേട്ട് അനനിയാദിന്റെ ഹൃദയം വല്ലാത്തൊരു ആശ്വാസത്തിലേക്കു തിരിച്ചുവന്നു. അവൻ തിടുക്കപ്പെട്ടു:

"എങ്കിൽ നമുക്ക് അവന്റെ പക്കലേക്കു പോകാം."

യൂദാസ് അവനെ നഗരത്തിനു പുറത്ത് ആൾത്തിരക്ക് കുറഞ്ഞ ഒരിടത്തേക്കു കൂട്ടിക്കൊണ്ടുപോയി. എന്നിട്ടു പറഞ്ഞു:

"ഞാൻ നിന്നെ ഗുരുവിന്റെ പക്കൽ കൊണ്ടുപോകുകയും അവന്റെ ശിഷ്യനാക്കുകയും ചെയ്താൽ എനിക്കെന്തുതരും?"

"എന്റെ പിതാവിന്റെ പക്കൽ നിന്ന് എനിക്കു ഭാഗമായി കിട്ടുന്നതെന്തും ഞാൻ നിനക്കു തരും."

"പിതാവിന്റെ പക്കൽനിന്നോ?"

"അതെ. ഹെർമോണിലെ ധനാഢ്യനായ യാവോക്കിമിന്റെ പുത്രനാണ് ഞാൻ."

"ആരു വിശ്വസിക്കും. നീയൊരു ധനികപുത്രനാണെന്ന്. ഞാൻ വിശ്വസിക്കുകയില്ല. നീയൊരു ഭിക്ഷക്കാരനാണ്. പെരുന്നാളിനു നഗരത്തിൽ ഭിക്ഷയാചിക്കാൻ വന്നവൻ."

അനനിയാദ് ശബ്ദിച്ചില്ല. നാവുറഞ്ഞുപോയ ഒരുവന്റെ നിസ്സഹായതയോടെ അനനിയാദ് നിന്നു. അവൻ ദീനമായി യൂദാസിനെ നോക്കി. യൂദാസ് പറഞ്ഞു:

"ഇപ്പോൾ നിന്റെ കൈയിലെന്തുണ്ടെന്നു പറയുക. മുപ്പതു വെള്ളിനാണയങ്ങൾ. നീ ധനാഢ്യനായ യാവോക്കിമിന്റെ പുത്രനല്ലേ... വെറും മുപ്പതു വെള്ളിനാണയങ്ങൾ?"

"എന്റെ പക്കൽ ഒരു ദനാറപോലുമില്ല..."

അനനിയാദിന്റെ വായിൽനിന്ന് ആ വാക്കുകളും കണ്ണുകളിൽനിന്ന് കണ്ണീരും ഒരുമിച്ചാണ് പുറത്തേക്കു വന്നത്.

അനനിയാദിന്റെ പക്കൽ പണമില്ലെന്നുകണ്ട് യൂദാസ് നഗരത്തിനു പുറത്ത് അവനെ ഉപേക്ഷിച്ചിട്ട് ജനക്കൂട്ടത്തിനിടയിൽ മറഞ്ഞു. *(തുടരും)*

# രോഗപ്രതിരോധം കുട്ടികളിൽ



ഡോ. എൻ.കെ. മഹാദേവൻ



**കൊ**വിഡ് മൂന്നാംതരംഗം കുട്ടികളെയാണ് അധികം ബാധിക്കുക എന്നു ലോകാരോഗ്യസംഘടന മുന്നറിയിപ്പു നൽകിക്കഴിഞ്ഞു. കുട്ടികളുടെ സംരക്ഷണത്തിൽ മാതാപിതാക്കൾ കുറെക്കൂടി ജാഗ്രത പാലിക്കേണ്ട സമയമാണിത്.

**പ്രതിരോധശക്തി**

കുട്ടികളിൽ പ്രതിരോധശക്തി വർദ്ധിപ്പിക്കുകയാണ് പ്രധാനം. പ്രതിരോധശക്തിയും ദഹനവും പരസ്പരപൂരകങ്ങളാണ്. അതുകൊണ്ട് ദഹനത്തകരാറുണ്ടാകാത്ത, എന്നാൽ, പോഷകഗുണമുള്ള ആഹാരം ശീലിപ്പിക്കണം. ഒരു സമീകൃതാഹാരം മെനുവാക്കണം. ബേക്കറിപ്പലഹാരങ്ങൾ, ഹോട്ടൽ ഭക്ഷണം എന്നിവ കഴിയുന്നത്ര ഒഴിവാക്കണം. വീട്ടിലുണ്ടാക്കുന്ന ആഹാരങ്ങളുടെ രുചി ശീലിപ്പിക്കുക.

പഴവർഗങ്ങൾ വൈറ്റമിൻ സി ലഭിക്കുവാൻ ഗുണപ്രദമാണ്. വൈറ്റമിൻ സി രോഗപ്രതിരോധത്തിനു പ്രധാനമാണല്ലോ. പഴം വെറുതെ കഴിക്കുവാൻ മടിയുള്ളവർക്കു ഫ്രൂട്ട്സലാഡായോ ജ്യൂസായോ നൽകാം. പച്ചക്കറികളും സാലഡായോ സൂപ്പായോ കഴിക്കാവുന്നതാണ്. ചൂടുനാരങ്ങാവെള്ളത്തിൽ കരിപ്പെട്ടിയോ ശർക്കരയോ ചേർത്തു നൽകുന്നതും നന്ന്.

കൂവരകുപൊടി(റാഗി)യിൽ കരിപ്പെട്ടി, പാൽ, ഏലയ്ക്കാപ്പൊടി, ഉണക്കമുന്തിരി, നട്സ് എന്നിവ ചേർത്ത് അലുവപോലെ കട്ടിപ്പായസമായി തയ്യാറാക്കുക. നല്ല പോഷകമുള്ള ഒന്നാണിത്. തേങ്ങാപ്പാൽ ചേർക്കുന്നതാണ് ഉത്തമം.

എള്ളുണ്ടയും എള്ളുപായസവും ഇതേപോലെ വീട്ടിൽ ഉണ്ടാക്കി നൽകുന്നത് കണ്ണിനും തലമുടിക്കും പല്ലിനും നല്ലതാണ്. ചെറുപയർ വെന്ത വെള്ളത്തിൽ ശർക്കര ചേർത്തുകൊടുക്കാം. പ്രോട്ടീൻ സമൃദ്ധമാണ് ചെറുപയറും മലർപ്പൊടിയും. ചുക്കുപൊടിയും ശർക്കരയും ചേർത്ത് ലഡുപോലെ ഉണ്ടാക്കാം. നല്ല ദഹനം ഉണ്ടാക്കുന്നതും സ്വാദിഷ്ഠവുമാണ്. ചുക്ക്, നാരങ്ങ എന്നിവയൊക്കെ വൈറസിനെ പ്രതിരോധിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

**വ്യായാമം**

ലോക്ഡൗൺകാലത്ത് വ്യായാമമില്ലാതെ വീട്ടിലിരുന്നു പൊണ്ണത്തടിയന്മാരാകുകയാണ് പല കുട്ടികളും. കുട്ടികളുടെ പ്രായമനുസരിച്ചുള്ള വ്യായാമത്തിനു പ്രേരിപ്പിക്കണം. സൂര്യപ്രകാശവും ശുദ്ധവായുവുമുള്ള, പൊടിപടലങ്ങളില്ലാത്ത സ്ഥലമാണു വ്യായാമത്തിനു നല്ലത്. അതിനു സൗകര്യമില്ലാത്തവർ ജനലുകൾ തുറന്നിട്ട് വീട്ടിനകത്തോ ടെറസിലോ കളിക്കട്ടെ. ശ്രദ്ധയും മുൻകരുതലും വേണം.

**ശുചിത്വം**

സോപ്പിട്ട് കൈകഴുകൽ കുട്ടികളെയും ശീലിപ്പിക്കണം. കുഞ്ഞുകുട്ടികളെ ടോയ്‌ലറ്റ് ശുചിത്വവും പഠിപ്പിക്കണം. മുറ്റത്തിറങ്ങിക്കളിച്ചാൽ കൈകാലുകൾ വൃത്തിയാക്കണം. ശരീരത്തിലും തലയിലും എണ്ണ തേച്ചുകുളിപ്പിക്കുന്നതു രോഗബാധ തടയും. മഞ്ഞൾ ചേർത്ത ലാക്ഷാദികേരം, നാല്പാമരകേരം, വെന്ത വെളിച്ചെണ്ണ ഒക്കെ നല്ലതാണ്.

രാവിലെ എണീറ്റാലുടൻ പല്ലുതേക്കുന്നതും ടോയ്‌ലറ്റിൽ പോകുന്നതും ശീലമാക്കണം. അതുതന്നെ പല രോഗങ്ങളെയും തടയും. പല്ലു തേച്ചാൽ നന്നായി കുലുക്കുഴിയുന്നതു പഠിപ്പിക്കണം. മോണ ഉഴിഞ്ഞ് പല്ലുതേക്കുന്നതു നല്ലതാണ്.

കുട്ടികൾക്ക് ആഹാരത്തിനു പ്രത്യേകം പാത്രങ്ങൾ ഉപയോഗിക്കുന്നതാണ് നല്ലത്. നിത്യവും സോപ്പും തിളച്ച വെള്ളവും ഒഴിച്ചു കഴുകണം. ഈ കൊറോണക്കാലത്ത് ഒരുമിച്ചിരുന്ന്, പ്രത്യേകിച്ച് പുറത്തുപോകുന്ന മുതിർന്നവർക്കൊപ്പം, ആഹാരം കഴിക്കുന്നത് ഒഴിവാക്കുന്നതാണു നല്ലത്. കുട്ടികളെ കെട്ടിപ്പിടിക്കുക, ഉമ്മവയ്ക്കുക എന്നിവയും വർജിക്കണം.

കിടക്കുവാൻ വൃത്തിയുള്ള ബഡ്ഷീറ്റ് ഉപയോഗിക്കുകയും അവ വെയിലത്തുണക്കുകയും വേണം. പ്രായമുള്ളവർ കുട്ടികളുടെകൂടെ കിടക്കാതിരിക്കുന്നതാണ് നല്ലത്. കുളിക്കുവാനും പ്രത്യേക തുവർത്ത് കരുതുക. അതും വെയിലത്തുണക്കണം. പുറത്തു പോകുന്നവർ വീട്ടിൽ കയറുന്നതിനുമുമ്പ് വസ്ത്രം മാറ്റി കുളിച്ചിട്ടു കയറുന്നതാണ് ഉത്തമം.

വീടുകളിൽ 'അപരാജിത ധൂമം' നിത്യം പുകയ്ക്കുന്നത് വൈറസുകളെയും കൊതുകുകളെയും പ്രതിരോധിക്കുവാൻ ഒരു പരിധിവരെ പ്രയോജനപ്രദമാണെന്ന് പഠനങ്ങളും അനുഭവങ്ങളും തെളിയിച്ചിട്ടുണ്ട്.

**പ്രതിരോധൗഷധങ്ങൾ**

1. പാലിൽ അല്പം മഞ്ഞൾപ്പൊടിചേർത്തു കൊടുക്കുക.



2. രാവിലെ ഇന്ദുകാന്തഘൃതം കഴിക്കുന്നതു നല്ലതാണ്. (കാൽ ടീസ്പൂൺമുതൽ ഒരു ടേബിൾസ്പൂൺവരെ പ്രായഭേദമനുസരിച്ച്)
3. വൈകിട്ട് ച്യവനപ്രാശം (ഇതും കാൽടീസ്പൂൺമുതൽ ഒരു ടേബിൾ സ്പൂൺവരെ.)
4. ഉച്ചയ്ക്ക് ആഹാരം കഴിഞ്ഞ് അഷ്ടചൂർണം കാൽടീസ്പൂൺ മുതൽ ഒരു ടീസ്പൂൺവരെ തേനിൽ ചാലിച്ചു കൊടുക്കുക.
5. വിരയോ കൃമിയോ ഉണ്ടെങ്കിൽ അതിനുള്ള പ്രതിവിധിയും ചെയ്യണം.

തണുത്തതും ഫ്രിഡ്ജിൽ വച്ചതിനുശേഷം ചൂടാക്കിയതുമായ ആഹാരങ്ങൾ പരമാവധി ഒഴിവാക്കുക. ദഹനം പ്രധാനമാണ്. ഐസ്ക്രീം പോലെയുള്ളവ തത്കാലം മാറ്റി വയ്ക്കാം.

മൂന്നാം തരംഗത്തിൽനിന്ന് നമ്മുടെ കുട്ടികളെ നമുക്കു പ്രതിരോധിക്കാം. "Prevention is better than cure." ആരോഗ്യമുള്ള, പ്രതിരോധശേഷിയുള്ള തലമുറ വളർന്നുവരട്ടെ.

*(ഐക്കൊമ്പ് ശ്രീകൃഷ്ണ ആയുർവേദകേന്ദ്രത്തിലെ ചീഫ് ഫിസിഷ്യനാണ് ലേഖകൻ)*

■



# കോൾഡ് കേസ് മിസ്റ്ററികൾ



സിനിമ

ബിജോ രാജു ഗ്രേഷ്യസ്

**തെ**ളിയിക്കപ്പെടാത്ത ക്രിമിനൽകേസുകളുടെ അന്വേഷണം പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ പുനരന്വേഷണത്തിനെടുക്കുന്നതിനെയാണ് സാധാരണഗതിയിൽ 'കോൾഡ് കേസ്' (COLD CASE) എന്നു പറയുന്നത്. എന്നാൽ, കോൾഡ് കെയ്സ് എന്നാണു വായിക്കുന്നതെങ്കിൽ ഫ്രിഡ്ജ്, ഫ്രീസർപോലെയുള്ള ഒരു ശീതീകരണപ്പെട്ടിയെന്നും അർത്ഥമാക്കാം. സൂപ്പർതാരം പൃഥിരാജിനെ നായകനാക്കി നവാഗതനായ തനു ബാലക് സംവിധാനം ചെയ്ത്, കഴിഞ്ഞദിവസങ്ങളിൽ ആമസോൺ ഒടിടിയിൽ എത്തിയ കോൾഡ് കേസ് എന്ന ഹൊറർ മിസ്റ്ററി ത്രില്ലർ സിനിമയിൽ മേൽപ്പരാമർശിക്കപ്പെട്ട രണ്ടു കാര്യങ്ങളും സമന്വയിക്കുന്നുണ്ട്. അതുകൊണ്ട് ചിത്രശീർഷകത്തെ ഏതർത്ഥത്തിലും പരിഗണിക്കാം.

ഒരേസമയം ഹൊറർ പശ്ചാത്തലവും ശാസ്ത്രീയമായ കേസന്വേഷണവും സമന്വയിക്കുന്ന രീതിയിലാണ് സിനിമ മുന്നോട്ടുപോകുന്നത്. കായലിൽ വല വീശിയ മുക്കുവനു കിട്ടിയ പൊളിത്തീൻകവറിൽ കാണപ്പെട്ട മനുഷ്യന്റെ തലയോട്ടിയെ ചുറ്റിപ്പറ്റിയാണ് കഥയുടെ വികാസം. കേസന്വേഷണത്തിനു നേതൃത്വം കൊടുത്തുകൊണ്ട് രംഗത്തെത്തുന്ന പൃഥിരാജിന്റെ സത്യജിത്ത് ഐപിഎസിന്റെ അന്വേഷണം പുരോഗതിയിലേക്കു നീങ്ങുമ്പോൾ, ആ ക്രൈം ഇൻവെസ്റ്റിഗേഷനു സമാന്തരമായി അദിതി ബാലന്റെ മേധ എന്ന വനിതാ ജേർണലിസ്റ്റ് താൻ വാടകയ്ക്കു താമസിക്കുന്ന വീട്ടിൽ, പ്രേതബാധയെന്നു കരുതപ്പെടുന്ന തരത്തിൽ നടമാടുന്ന ഭീതിപ്പെടുത്തുന്ന ചില സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നു. രണ്ട് അന്വേഷണങ്ങളും ഒരേ കേന്ദ്രത്തിൽ സമന്വയിക്കുന്നതാണ് കോൾഡ് കേസിന്റെ പ്രധാന സവിശേഷത.

ഫ്രിഡ്ജെന്ന 'കോൾഡ് കേയ്സ്' ഈ ഹൊറർ മിസ്റ്ററി ക്രൈംത്രില്ലർ സിനിമയിൽ ഒരു പ്രധാനപ്പെട്ട വസ്തുവായിട്ടാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. തെളിവുകൾ നശിപ്പിച്ചുകൊണ്ട് ഒരു പാവം പെൺകുട്ടിയെ നിഷ്ഠുരമായി കൊന്ന്, മൃതദേഹം സൂക്ഷിക്കുന്ന പ്രസ്തുത ഫ്രിഡ്ജുതന്നെ പൊട്ടിത്തെറിച്ച് കുറ്റവാളിയായ ആ വനിതാവക്കീൽ മരണപ്പെടുന്നതടക്കമുള്ള അതീവ നിർണായകമായ യാദൃച്ഛികതകൾ ഈ സിനിമയിൽ എടുത്തു പറയേണ്ടതാണ്.

**പ്രേതബാധകൾ തുടരുന്നു, സ്വത്ത് തട്ടിയെടുക്കലും...**

അടുത്തിടെ പുറത്തിറങ്ങിയ ചില സിനിമകളിലെ പ്രധാന പ്രമേയമായിരുന്നു, മരണപ്പെട്ട ഒരാളുടെ ആത്മാവ് പ്രതികാരത്തിനോ നിറവേറപ്പെടാത്ത ആഗ്രഹങ്ങളുടെ സാഫല്യത്തിനോ ജീവിച്ചിരിക്കുന്ന ബന്ധുവിന്റെയോ സുഹൃത്തിന്റെയോ താനുമായി സമാനതകളുള്ള മറ്റേതെങ്കിലും വ്യക്തിയുടെയോ ജീവിതത്തെ സ്വാധീനിക്കുന്നതും തദനന്തരസംഭവങ്ങളും. ഒരു തരത്തിൽ പറഞ്ഞാൽ പ്രേക്ഷകർ ഇത്തരം കഥകൾ കണ്ടും കേട്ടും മടുത്തുതുടങ്ങിയിരിക്കുന്നു. ഇത്തരം ക്ലീഷേ പ്രകടനങ്ങൾകൊണ്ട് മനുഷ്യന്റെ ഭയമെന്ന നൈസർഗികവികാരത്തെ ഇനിയും ഇളക്കിവിടാൻ കഴിയില്ല എന്ന യാഥാർത്ഥ്യം നമ്മുടെ സിനിമാക്കാർ ഇനിയെന്നു മനസ്സിലാക്കും? അത്തരം ന്യൂനതകളെ ഡോൾബി സൗണ്ട് സിസ്റ്റംകൊണ്ടു മറികടക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ചലച്ചിത്രമെന്ന മാധ്യമം തുടങ്ങിയകാലംമുതലുള്ള പ്രമേയമാണ് സ്വത്തു തട്ടിയെടുക്കൽ. മലയാളസിനിമയിൽ നൂറ്റൊന്നാവർത്തിച്ച ഈ വിഷയം ആവർത്തനവിരസതയുടെ സകല സീമകളും ഭേദിച്ചുകൊണ്ട് കോൾഡ് കേസിലും കടന്നുവന്നിരിക്കുന്നു. തന്റെയടുക്കൽ ഡൈവോഴ്സ് ആവശ്യവുമായി വരുന്ന ഇടപാടുകാരിയുടെ കൈവശം കോടിക്കണക്കിനു സ്വത്തുണ്ടെന്നു തിരിച്ചറിയുന്ന വക്കീൽ ഡൈവോഴ്സ് നേടിക്കൊടുത്തതിനുശേഷം നിർദ്ദയം അവരെ കൊന്നൊടുക്കി, വ്യാജരേഖകൾ ചമച്ച് സ്വത്തുക്കൾ തട്ടിയെടുക്കുന്നതു കാണുമ്പോൾ, നമ്മുടെ സാമൂഹികനീതിക്കു നിരക്കാത്തതും ലോകം മുഴുവൻ ആദരിക്കുന്ന റോയൽ പ്രൊഫഷന്റെ അതുല്യതയ്ക്കു കളങ്കംചാർത്തുന്നതുമായ ഹീനകൃത്യങ്ങൾ കണ്ടു പ്രേക്ഷകൻ വിമ്മിട്ടപ്പെടുന്നു.

അതീന്ദ്രിയജ്ഞാനത്തിന്റെ മൂന്നാം കണ്ണു തുറന്ന് അന്ധയായ ഒരു കഥാപാത്രം പ്രേതസംവാദത്തിന്റെ മൂലകാരണങ്ങൾ വെളിപ്പെടുത്തുന്നതാണ് കഥയിലെ ഹൊറർ ലൈനിന്റെ മുഖ്യഘടകം. പ്രേതാത്മാവുമായി സംവദിക്കാൻ ഉപയുക്തമായ സമയം വെളുപ്പിനെ മൂന്നു മണിക്കും നാലു മണിക്കും ഇടയ്ക്കാണെന്ന് അവർ വെളിപ്പെടുത്തുന്നത് കൗതുകമായിരിക്കുന്നു. അവരുടെ അന്ധമായ കണ്ണുകളുടെ ബീഭത്സമായ ചലനങ്ങളിൽ തൊട്ടാണ് കോൾഡ് കേസ് പര്യവസാനിക്കുന്നത്.

മിക്ക കേസന്വേഷണത്തിലും കുറ്റവാളിയിൽനിന്നു തെളിവിലേക്ക് അന്വേഷണോദ്യോഗസ്ഥൻ സഞ്ചരിക്കുമ്പോൾ, ഇവിടെ ആ പരമ്പരാഗതശൈലിക്കു വിരുദ്ധമായി തെളിവിൽതൊട്ടു കുറ്റവാളിയിലേക്കെത്തുന്നു.



ലക്ഷ്മിപ്രിയ ചന്ദ്രമൗലി, സുചിത്ര പിള്ള, ആത്മീയ രാജൻ, ജിബിൻ ഗോപിനാഥ്, പൂജ മോഹൻരാജ്, രാജേഷ് ഹെബ്ബർ, അലൻസിയാർ ലോപസ് തുടങ്ങിയവരും പ്രധാന വേഷങ്ങളിലെത്തുന്നു. ശ്രീനാഥ് വി. നാഥിന്റേതാണ് തിരക്കഥ. ഷിബു ഗംഗാധരനും ജോമോൻ ടി. ജോണും ചേർന്ന് ഛായാഗ്രഹണം നിർവ്വഹിച്ചിരിക്കുന്നു. ശ്രീനാഥ് വി. നാഥ് രചിച്ച് പ്രകാശ് അലക്സ് ഈണമിട്ട് ഹരിശങ്കർ ആലപിച്ച, ഈറൻമുകിൽ മഷിയാലേ... എന്ന ഗാനം ശ്രദ്ധിക്കപ്പെടും. ■

## കെ.സി.ബി.സി. മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു



സന്തോഷ് കുളങ്ങര




പ്രഫ. എസ്. ജോസഫ്



ഫാ. ഡോ. പയസ് മലേക്കണ്ടത്തിൽ



അഭിലാഷ് ടോമി



കെ.ജി. ജോർജ്



സി. ഡോ. വിനീത



ആന്റണി പൂത്തൂർ



ടോമി ഈപ്പൻ

കൊച്ചി: 2020-2021 ലെ കെസിബിസി മീഡിയ അവാർഡുകൾ പ്രഖ്യാപിച്ചു. സന്തോഷ് ജോർജ്ജ് കുളങ്ങര (മാധ്യമം), പ്രഫ. എസ്. ജോസഫ് (സാഹിത്യം), കമാൻഡർ അഭിലാഷ് ടോമി (യുവപ്രതിഭ), ഫാ. ഡോ. പയസ് മലേക്കണ്ടത്തിൽ (ദാർശനികം) എന്നിവരാണ് അവാർഡ് ജേതാക്കൾ. ഗുരുപൂജാ പുരസ്കാരങ്ങൾ കെ. ജി. ജോർജ്ജ്, സി. ഡോ. വിനീത സി.എസ്. എസ്.ടി, ആന്റണി പൂത്തൂർ ചാത്യാത്ത്, ടോമി ഈപ്പൻ എന്നിവർക്കു ലഭിച്ചു. കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോസഫ് പാംബ്ലാനിയാണ് അവാർഡുകൾ പ്രഖ്യാപിച്ചത്.

മാധ്യമപ്രവർത്തകനും സഫാരി ടിവിയുടെ സ്ഥാപകനുമാണ് മാധ്യമ അവാർഡിന് അർഹനായ സന്തോഷ് ജോർജ് കുളങ്ങര. ദൃശ്യ-ശ്രാവ്യമേഖലകളിൽ നടത്തിയ മൂല്യാധിഷ്ഠിതസംഭാവനകൾക്കാണ് ക്യാഷ് അവാർഡും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്ന പുരസ്കാരത്തിന് സന്തോഷ് ജോർജ് കുളങ്ങര അർഹനായത്. സാഹിത്യ അവാർഡിന് അർഹനായ കവി പ്രഫ. എസ് ജോസഫ് എറണാകുളം മഹാരാജാസ് കോളജിലെ അധ്യാപകനാണ്.

ജീവിതത്തിന്റെ ഭിന്നമേഖലകളിൽ പ്രചോദനാത്മകമായ സംഭാവനകൾ നൽകിയ കമാൻഡർ അഭിലാഷ് ടോമിയാണ് യുവപ്രതിഭാ അവാർഡിന് അർഹനായിട്ടുള്ളത്. ബിഷപ് മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ പേരിലുള്ള ദാർശനിക വൈജ്ഞാനിക അവാർഡ് ഡൽഹി ജെ.എൻ.യുവിലെ ചരിത്രവിഭാഗം പ്രഫസർ ഫാ. ഡോ. പയസ് മലേക്കണ്ടത്തിലിനു നൽകും. ഗുരുപൂജാപുരസ്കാരത്തിന് അർഹനായ കെ. ജി ജോർജ് കേരളത്തിലെ ഏറ്റവും മികച്ച ചലച്ചിത്രസംവിധായകനും ചലച്ചിത്രഗുരുവുമാണ്. വിദ്യാഭ്യാസമേഖലയിലെ സംഭാവനകൾക്കാണ് സി. ഡോ. വിനീത സി. എസ്.എസ്.ടി ഈ വിഭാഗത്തിൽ ആദരിക്കപ്പെടുന്നത്. മതാത്മകചരിത്രത്തിന്റെ വേറിട്ട വായനകളിലൂടെ നടത്തിയ രചനകൾക്കാണ് ആന്റണി പുത്തൂർ ചാതൃത്ത് ആദരിക്കപ്പെടുന്നത്. ഗുരുപൂജാപുരസ്കാരത്തിന് അർഹനായ ടോമി ഈപ്പൻ ഇംഗ്ലീഷിലും മലയാളത്തിലും നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അറിയപ്പെടുന്ന വിവർത്തകൻകൂടിയാണ് ഇദ്ദേഹം.

Deepanalam Weekly
RNI No : 16998/68
Vol. 54 No. 15 Date of Publication 8 July 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# MARIAN INSTITUTE OF MEDICAL TECHNOLOGY

## ALLIED HEALTH SCHOOL C/O MARIAN MEDICAL CENTRE

**BHARAT SEVAK SAMAJ (BSS) National Development Agency Promoted by Govt of India, New Delhi**

എസ്.എസ്.എൽ.സി.യോ അതിലുപരിയോ വിദ്യാഭ്യാസയോഗ്യതയുള്ള അവിവാഹിതരായ പെൺകുട്ടികളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രായപരിധി 17–35 yrs.

*COURSES: 1 YEAR*

1. PATIENT CARE
2. OPERATION THEATRE TECHNICIAN
3. DIALYSIS TECHNICIAN

**CONTACT NO: 9562586747**



**ADMINISTRATOR, MARIAN MEDICAL CENTRE**
**ARUNAPURAM P.O. PIN - 686 574, PALA, KOTTAYAM (DT) KERALA**

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



## മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം: **മൂഴയിൽ ബാങ്കേഴ്സ്**
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, **പാലാ**
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

**അയർക്കുന്നം, കോട്ടയം**
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



മസ്തിഷ്കരോഗങ്ങൾ
നട്ടെല്ല് രോഗങ്ങൾ
അസ്ഥിരോഗങ്ങൾ
സന്ധിരോഗങ്ങൾ
ശിശുരോഗങ്ങൾ
സ്ത്രീരോഗങ്ങൾ
(ആനോ–റെക്റ്റൽ രോഗങ്ങൾ)
ത്വക്‌രോഗങ്ങൾ
വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

## വചന ക്ലോക്കുകൾ

ഓരോ മണിക്കൂർ ഇടവിട്ട്
(രാവിലെ 5 മുതൽ രാത്രി 10 വരെ)
ഭക്തിഗാനവും
ദൈവവചനവും
കേൾക്കാൻ കഴിയുന്ന
ക്ലോക്കുകൾ

വ്യത്യസ്ത
മോഡലുകളിൽ





WOODEN GRANDFATHER & GRANDMOTHER CLOCKS
(ROSEWOOD, TEAK & OAK)

വിശേഷ സന്ദർഭങ്ങളിൽ കൊടുക്കുവാൻ
ഒരു ഉത്തമ സമ്മാനം

പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ ലഭ്യമാണ്
PH: 04822 215321
www.stthomasbookstall.com
Email: stbookstallpala@gmail.com

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org